# പതിനാറാം കേരള നിയമസഭ
# ഒന്നാം സമ്മേളനം

2026 ജൂൺ 30, ചൊവ്വ

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--228]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| കൃഷി വകുപ്പ് മന്ത്രി | : 1188 മുതൽ 1238 വരെ |
| ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി | : 1239 മുതൽ 1292 വരെ |
| കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി | : 1293 മുതൽ 1327 വരെ |
| ഗതാഗത വകുപ്പ് മന്ത്രി | : 1328 മുതൽ 1381 വരെ |
| തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി | : 1382 മുതൽ 1415 വരെ |

### കൃഷിയിൽ സ്വയംപര്യാപ്തത

1188 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കർഷകർക്ക് നിലവിൽ എന്തെല്ലാം സഹായങ്ങളാണ് ചെയ്തുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കൃഷി വ്യാപിപ്പിക്കുന്നതിനായി വിത്തുകളും മറ്റും കൃഷിഭവൻ വഴി കൃത്യമായി കർഷകർക്ക് നൽകിവരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നത്; വിശദമാക്കാമോ?

### പാലാ കേന്ദ്രമാക്കി ഫുഡ് പാർക്ക് ആരംഭിക്കുവാൻ നടപടി

1189 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ മണ്ഡലത്തിൽ കാർഷിക ഉല്പാദനം കൂടുതലുള്ളതിനാൽ പാലാ കേന്ദ്രമാക്കി കാർഷിക ഉല്പന്നങ്ങളുടെ സംഭരണത്തിനും സംസ്കരണത്തിനും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമാണ -വിതരണത്തിനുമായി ഫുഡ് പാർക്ക് ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഇല്ലെങ്കിൽ പാലാ കേന്ദ്രമാക്കി ഒരു ഫുഡ് പാർക്കും കോൾഡ് സ്റ്റോറേജും ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>കർഷക ക്ഷേമനിധി ബോർഡിന്റെ പ്രശ്നങ്ങൾ</u>**

1190 **ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അറുപത് വയസ് പൂർത്തിയായ കർഷകർക്ക് അയ്യായിരം രൂപ പെൻഷൻ നൽകുമെന്ന് പ്രഖ്യാപിച്ച് മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനത്തിലും , പ്രഖ്യാപിച്ച പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടും ഇതേവരെ ഉണ്ടായ പുരോഗതി വിശദമാക്കുമോ;

(ബി) ഇരുപത് ലക്ഷം കർഷകരെ പങ്കാളികളാക്കുന്നതിന് ലക്ഷ്യമിട്ട പദ്ധതിയിൽ നാളിതുവരെ എത്ര കർഷകർ പങ്കാളികളായിട്ടുണ്ട്; പദ്ധതിയിൽ കർഷകരുടെ പങ്കാളിത്തം കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിൽ എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയിൽ നിലവിൽ പങ്കാളികളായവർ 2022 മുതൽ നിശ്ചിത തുക ക്ഷേമനിധിയിലേക്ക് അടയ്ക്കുന്ന സാഹചര്യത്തിൽ അവർക്ക് പെൻഷൻ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

**<u>കർഷകർക്കുള്ള നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുന്നതിന് നടപടി</u>**

1191 **ശ്രീ. ടി. പി. അഷ്‌റഫ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ശല്യം, പ്രകൃതി ക്ഷോഭം എന്നിവ മൂലം കൃഷി നാശം സംഭവിച്ച കർഷകർക്കുള്ള നഷ്ടപരിഹാര തുക വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിനുവേണ്ടി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) നഷ്ടപരിഹാര തുക വേഗത്തിൽ വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## കോട്ടക്കൽ മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി

1192 **പ്രൊഫ. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിൽ ഏതൊക്കെ നഗരസഭ/പഞ്ചായത്തുകളിലാണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) കേരകൃഷിയും അനുബന്ധ വ്യവസായങ്ങളും മികച്ച രീതിയിൽ നടക്കുന്ന നഗരസഭകളിൽ കൂടി കേരഗ്രാമം പദ്ധതി ആരംഭിക്കുന്നതിന് സമർപ്പിച്ച നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത പ്രദേശങ്ങളിൽ പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

## കർഷകർക്ക് പെൻഷനും സുരക്ഷാ ആനുകൂല്യങ്ങളും

1193 **ശ്രീ. കെ. എൻ. ബാലഗോപാൽ**
**ശ്രീ. കെ. വി. സുമേഷ്**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് പെൻഷനും മറ്റ് സാമൂഹിക സുരക്ഷ ആനുകൂല്യങ്ങളും ഉറപ്പാക്കുന്നതിനായി മുൻ സർക്കാർ പ്രാബല്യത്തിൽ വരുത്തിയ കർഷക ക്ഷേമനിധി ബോർഡിൽ നാളിതുവരെ അംഗങ്ങളായ കർഷകരുടെ വിശദാംശം വ്യക്തമാക്കാമോ;

(ബി) രാജ്യത്ത് ആദ്യമായി 16 ഇനം പഴം-പച്ചക്കറികൾക്ക് തറവില പ്രഖ്യാപിച്ച സംസ്ഥാനമെന്ന നിലയിൽ, വിലത്തകർച്ച നേരിടുന്ന കർഷകർക്ക് ഈ നയം എത്രത്തോളം സംരക്ഷണം നൽകി എന്ന് വിശദമാക്കാമോ;

(സി) വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന കർഷകരിൽ നിന്ന് വി.എഫ്.പി.സി.കെ (വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം) വഴി ഉല്പന്നങ്ങൾ സംഭരിക്കാൻ നൽകിയ പ്രത്യേക സാമ്പത്തിക സഹായങ്ങൾ കർഷകർക്ക് ഗുണകരമായത് എപ്രകാരമാണെന്ന് വ്യക്തമാക്കാമോ;

(ഡി) റബ്ബറിന്റെ താങ്ങുവില 180 രൂപയായി വർദ്ധിപ്പിച്ചതും, കാപ്പി, കുരുമുളക് തുടങ്ങിയവയ്ക്ക് സമാനമായ താങ്ങുവില ഉറപ്പാക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിയതും മുൻ സർക്കാരിന്റെ കർഷകപക്ഷ നയങ്ങളുടെ ഭാഗമായിരുന്നോയെന്ന് വ്യക്തമാക്കാമോ?

## കേരള അഗ്രോ ബിസിനസ് കമ്പനി

1194 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ഉൽപ്പന്നങ്ങൾക്ക് വിശാല വിപണി കണ്ടെത്തുന്നതിനായി രൂപീകരിച്ച കേരള അഗ്രോ ബിസിനസ് കമ്പനിയുടെ (കാബ്കോ) പ്രവർത്തനം വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

## പാറശാല നിയോജക മണ്ഡലത്തിലെ കാർഷിക പദ്ധതികൾ

1195 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല മണ്ഡലത്തിൽ നെൽകൃഷി വികസനം, പച്ചക്കറി കൃഷി പ്രോത്സാഹനം എന്നിവയ്ക്കായി നടപ്പിലാക്കിയ പ്രത്യേക പദ്ധതികൾ ഏതെല്ലാമാണ്; പ്രസ്തുത പദ്ധതി ആനുകൂല്യം എത്ര കർഷകർക്ക് ലഭ്യമായിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ കൃഷിഭവനുകൾ വഴി നടപ്പിലാക്കിയ ജനകീയാസൂത്രണ പദ്ധതികളുടെയും സംസ്ഥാന പദ്ധതികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പാറശാല മണ്ഡലത്തിലെ ഏതൊക്കെ കൃഷി ഭവനുകളെയാണ് സ്മാർട്ട് കൃഷി ഭവനുകളായി അപ്ഗ്രേഡ് ചെയ്യുവാൻ നിശ്ചയിച്ചിട്ടുള്ളത് എന്നുള്ള വിവരം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയിലൂടെ എന്തൊക്കെ നേട്ടങ്ങളാണ് കർഷകർക്ക് അധികമായി ലഭിക്കുന്നതെന്ന് വിശദമാക്കാമോ;

(ഇ) പാറശാല മണ്ഡലത്തിലെ ആര്യൻകോട് കേന്ദ്രമാക്കി അഗ്രോ പാർക്ക് സ്ഥാപിക്കുന്നതിനായി സമർപ്പിച്ചിരുന്ന പ്രോപ്പോസലിന്റെ തൽസ്ഥിതി അറിയിക്കാമോ; പ്രസ്തുത പദ്ധതിക്ക് ഡി.പി.ആർ. തയാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന വിശദാംശം അറിയിക്കാമോ?

## അരുവിക്കര മണ്ഡലത്തിലെ സ്മാർട്ട് കൃഷി ഭവനുകൾ

1196 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയമസഭാ മണ്ഡലത്തിൽ ഏതെല്ലാം കൃഷി ഭവനുകളാണ് സ്മാർട്ട് കൃഷി ഭവനുകളാക്കി മാറ്റിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം കൃഷിഭവനുകളാണ് ഇനി സ്മാർട്ട് കൃഷി ഭവനുകളാക്കി മാറ്റാനുള്ളതെന്ന വിവരം വ്യക്തമാക്കാമോ?

## മാംഗോ ഹബ് വികസന പദ്ധതി

1197 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ മുതലമടയിൽ നടപ്പിലാക്കുന്ന മാംഗോ ഹബ് വികസന പദ്ധതിയുടെ വിശദാംശവും ഇതിനായി അനുവദിച്ച തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പൂർണ്ണതോതിൽ നടപ്പിലാക്കുന്നതിലൂടെ പ്രദേശത്തെ കർഷകർക്ക് ഉണ്ടാകുന്ന നേട്ടങ്ങളും പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ സ്വീകരിച്ചുവരുന്ന നടപടികളും വ്യക്തമാക്കാമോ?

## കാർഷിക മേഖലയിലെ നീർത്തടാധിഷ്ഠിത ആസൂത്രണം

1198 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിലെ പുരോഗതിക്കായി നീർത്തടാധിഷ്ഠിത ആസൂത്രണം എത്രത്തോളം പ്രായോഗികമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) മേൽപ്പറഞ്ഞതിനായി കാർഷിക-കർഷക ക്ഷേമ വകുപ്പ് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) കാർഷിക മേഖലയുമായി ബന്ധപ്പെട്ട വിവിധ സർക്കാർ വകുപ്പുകളേയും ഏജൻസികളേയും ഏകോപിപ്പിച്ച് കൊണ്ട് നീർത്തടാധിഷ്ഠിത പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ ?

## സംസ്ഥാനത്തെ കാർഷിക മേഖലയുടെ ആധുനികവൽക്കരണവും വിപണന സംവിധാനവും

1199 **ശ്രീ. അപു ജോൺ ജോസഫ്**
**ശ്രീ. ഷിബു തെക്കുംപുറം**
**ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികോല്പാദന രീതികളും കാർഷിക ഉൽപ്പന്നങ്ങളുടെ വിപണന സംവിധാനവും ആധുനികവൽക്കരിക്കാൻ ലക്ഷ്യമിട്ട് പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) കാർഷിക മേഖലയുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി കുറഞ്ഞ സ്ഥലത്തും കുറഞ്ഞ ചെലവിലും കൂടുതൽ ഉല്പാദനം സാധ്യമാക്കുംവിധം യന്ത്രവൽക്കരണവും സാങ്കേതികവിദ്യയുടെ ഉപയോഗവും പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;വിശദമാക്കാമോ;

(സി) കൃഷിഭവനുകളുടെ പ്രവർത്തനം ഡിജിറ്റൽവൽക്കരിക്കുന്നതിനും ഇതുവഴി ഉദ്യോഗസ്ഥരുടെ സേവനം കൂടുതൽ സമയം കൃഷിയിടങ്ങളിൽ നേരിട്ട് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) കാർഷികോല്പന്നങ്ങളുടെ വിലയിലെ സ്ഥിരതയില്ലായ്മ നേരിടുന്നതിനും മെച്ചപ്പെട്ട വില ലഭിക്കുന്നതുവരെ ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനുമായി കൂടുതൽ സംഭരണ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ;

(ഇ) കാർഷികോല്പന്നങ്ങൾക്ക് അവയുടെ ഉല്പ്പാദനച്ചെലവുമായി ബന്ധപ്പെടുത്തി വിലനിർണയം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

## നെല്ലുൽപ്പാദനം വർദ്ധിപ്പിക്കാൻ നടപടി

1200 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാടശേഖരങ്ങളുടെ വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിനും തരിശ് ഭൂമി നിർമ്മാർജ്ജനത്തിനുമായി മുൻ സർക്കാരിന്റെ കാലത്ത് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് നെൽ കൃഷിയുടെ ഉൽപ്പാദനക്ഷമതയിൽ ദേശീയ ശരാശരിയേക്കാൾ ഉയർന്ന നേട്ടം കൈവരിക്കാൻ സാധിച്ചിരുന്നോ ; വ്യക്തമാക്കാമോ;

(സി) തരിശ് ഭൂമി നിർമ്മാർജ്ജനത്തിലൂടെ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## <u>കൃഷി വകുപ്പിന്റെ നവീകരണം</u>

1201 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ. നീലകണ്ഠൻ**
**ശ്രീ. സന്ദീപ് വാര്യർ**
**ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന് കീഴിൽ മാർക്കറ്റിംഗ് വിഭാഗം രൂപീകരിക്കാൻ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് സമ്പൂർണ്ണ മണ്ണ് പരിശോധന നടത്തി ഡിജിറ്റൽ രജിസ്റ്റർ തയ്യാറാക്കുവാൻ നടപടി സ്വീകരിക്കുമോ ; വ്യക്തമാകുമോ

(സി) പഴം, പച്ചക്കറി കയറ്റുമതിയിൽ സീറോ റിജക്ഷൻ എന്ന പുതിയ കയറ്റുമതി ദൗത്യം നടപ്പിലാക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ?

## <u>സംസ്ഥാനത്തെ നൂതന കാർഷിക വികസന പദ്ധതികളും അവയുടെ ഫലപ്രാപ്തിയും</u>

1202 **ശ്രീ. സജി ചെറിയാൻ**
**ശ്രീ. സി. കെ. ഹരീന്ദ്രൻ**
**ശ്രീ. പി. മമ്മിക്കുട്ടി**

**ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിളയധിഷ്ഠിത സമീപനത്തിൽ നിന്ന് മാറി കൃഷിയിടത്തെ അടിസ്ഥാന യൂണിറ്റായി കണ്ട് (ഫാം പ്ലാൻ) സംയോജിത-ബഹുവിള കൃഷി സമ്പ്രദായത്തിലേക്ക് കർഷകരെ മാറ്റാൻ മുൻ സർക്കാർ സ്വീകരിച്ച ഭരണപരമായ നയങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കാമോ;

(ബി) സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉപയോഗശൂന്യമായി കിടക്കുന്ന ഭൂമി കണ്ടെത്തി ഹൈഡ്രോപോണിക്സ്, കൃത്യതാ കൃഷി തുടങ്ങിയ നൂതന കൃഷിരീതികൾ കർഷകർക്ക് ലഭ്യമാക്കുന്നതിനായി നടപ്പിലാക്കുന്ന നവോധൻ പദ്ധതിയിലൂടെ ഇതുവരെ ലഭ്യമാക്കിയ ഭൂമിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) വയനാട് അമ്പലവയലിൽ 13.18 കോടി രൂപ ചെലവിൽ സ്ഥാപിച്ച ഡച്ച് മോഡൽ പോളി ഹൗസുകളോടുകൂടിയ സെന്റർ ഓഫ് എക്സലൻസ്, ഹൈടെക് കൃഷി വ്യാപിപ്പിക്കുന്നതിൽ വഹിച്ച പങ്ക് വിശദമാക്കാമോ;

(ഡി) കഴിഞ്ഞ പത്ത് വർഷത്തിനിടെ കാർഷിക കർമ്മസേനകൾ, അഗ്രോ സർവീസ് സെന്ററുകൾ, യന്ത്രവൽക്കരണം എന്നിവ യുവാക്കളെ കാർഷിക മേഖലയിലേക്ക് കൂടുതലായി ആകർഷിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

**<u>കേര, കാർബൺ ന്യൂട്രൽ കൃഷി, ജൈവകാർഷിക മിഷൻ പദ്ധതികൾ</u>**

1203 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്**
**ശ്രീ. കാരായി രാജൻ**
**പ്രൊഫ. പ്രൊഫ. സി. രവീന്ദ്രനാഥ്**
**ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനങ്ങളെ അതിജീവിക്കാൻ കാർഷിക മേഖലയെ സജ്ജമാക്കുന്നതിനായി ലോകബാങ്ക് സഹായത്തോടെ സംസ്ഥാനത്ത് ആരംഭിച്ച 'കേര' (കേരള ക്ലൈമറ്റ് റെസിലിയന്റ് അഗ്രി വാല്യൂ ചെയിൻ മോഡെർണൈസേഷൻ) പദ്ധതിയുടെ ലക്ഷ്യങ്ങൾ വിശദമാക്കാമോ;.

(ബി) രാജ്യത്താദ്യമായി കാർബൺ ന്യൂട്രൽ കൃഷി എന്ന ആശയം നടപ്പിലാക്കുകയും ആലുവ വിത്തുല്പാദന ഫാം ഉൾപ്പെടെയുള്ളവയെ

കാർബൺ ന്യൂട്രൽ ആക്കി മാറ്റുകയും ചെയ്തത് പരിസ്ഥിതി സൗഹൃദ കൃഷിയിൽ എന്ത് മാറ്റമാണ് വരുത്തിയതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് സുരക്ഷിത ഭക്ഷണം ഉറപ്പാക്കുന്നതിനായി മുൻ സർക്കാർ രൂപീകരിച്ച 'ജൈവകാർഷിക മിഷന്റെ' പ്രധാന പ്രവർത്തനങ്ങളും നേട്ടങ്ങളും വിശദമാക്കാമോ;

(ഡി) ഉത്തമ കാർഷിക മുറകൾ അവലംബിച്ചുകൊണ്ട് നിലവിൽ 31,305 ഹെക്ടറിൽ കൃഷി വ്യാപിപ്പിക്കാൻ സാധിച്ചത്' ഭരണപരമായ ഏകോപനത്തിന്റെ വിജയമാണോ എന്ന് വ്യക്തമാക്കാമോ?

**<u>വിള ഇൻഷ്വറൻസ് പദ്ധതി</u>**

1204 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന വിള ഇൻഷ്വറൻസ് പദ്ധതിയിൽ കൂടുതൽ വിളകളെ ഉൾപ്പെടുത്താനും, നഷ്ടപരിഹാര തുക വർദ്ധിപ്പിക്കാനും ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

**<u>കാർഷിക പുരോഗതിക്കായി നടപ്പിലാക്കി വരുന്ന പദ്ധതികൾ</u>**

1205 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക പുരോഗതിക്കായി കൃഷി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ വിശദമാക്കാമോ?

**<u>കാർഷിക മേഖല മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികൾ</u>**

1206 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കാർഷിക മേഖല മെച്ചപ്പെടുത്തുന്നതിനായി സർക്കാർ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ പോകുന്നത് ; വിശദാംശം നൽകുമോ;

(ബി) കൃഷിക്കാർക്ക് ഗുണകരമാകുന്ന എന്തൊക്കെ നടപടികളാണ് കൃഷി വകുപ്പ് നടപ്പിലാക്കാൻ ആലോചിക്കുന്നതെന്ന് വിശദമാക്കാമോ?

**<u>ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി</u>**

1207 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി ഈ വർഷവും സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ ആയതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**<u>നെന്മാറ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ</u>**

1208 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിൽ കൃഷി വകുപ്പ് നേരിട്ടും വിവിധ ഏജൻസികൾ മുഖാന്തരവും നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഓരോ പദ്ധതിയുടെയും പുരോഗതി വിലയിരുത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകുമോ;

(സി) നെല്ലിയാമ്പതി ഗവൺമെന്റ് ഓറഞ്ച് ആന്റ് വെജിറ്റബിൾ ഫാമിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

**<u>ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ നിറ പദ്ധതി</u>**

1209 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി കനാൽ വൃത്തിയാക്കൽ, ജലനിർഗമന ചാലുകളുടെ നവീകരണം, ഗോഡൗൺ നിർമ്മാണം തുടങ്ങിയവയ്ക്കായി ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ആലത്തൂർ മണ്ഡലത്തിൽ കഴിഞ്ഞ പത്ത് വർഷങ്ങളിൽ കാർഷിക മേഖലയിൽ നടപ്പിലാക്കിയ നിറ പദ്ധതിയുടെ വിശദാംശം നൽകാമോ?

**<u>ബേപ്പൂർ നിയോജകമണ്ഡലത്തിൽ കേരഗ്രാമം പദ്ധതി</u>**

1210 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജകമണ്ഡലത്തിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്തൊക്കെ സഹായങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വിശദമാക്കുമോ?

**കർഷക ക്ഷേമനിധി ബോർഡ്**

1211 **ശ്രീ. സനീഷ്കുമാർ ജോസഫ്**

**ശ്രീ. രമേഷ് പിഷാരടി**

**ശ്രീ. സുമേഷ് അച്ചുതൻ**

**ശ്രീ. രാജൻ. ജെ. പല്ലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക ക്ഷേമം ലക്ഷ്യമിട്ട് ആറുവർഷം മുൻപ് തുടങ്ങിയ കേരള കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം നിലച്ചതായുള്ള പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ബോർഡിന്റെ പദ്ധതികൾക്ക് കഴിഞ്ഞ അഞ്ചു വർഷമായി അംഗീകാരം ലഭിക്കാത്ത സാഹചര്യം നിലവിലുണ്ടോ; വിശദമാക്കുമോ;

(സി) 2016-2021 കാലഘട്ടത്തിൽ രൂപീകരിച്ച് ആറു വർഷമായിട്ടും പ്രസ്തുത ബോർഡിന്റെ പദ്ധതികളിലേക്ക് സർക്കാർ വിഹിതം നൽകിയിട്ടില്ലെന്നും ഒരു ഗുണഭോക്താവിനു പോലും ആനുകൂല്യം നൽകാൻ കഴിയാത്ത സ്ഥിതിയാണെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

**കതിർ കാർഷിക ക്ലബ്ബ് പദ്ധതി**

1212 **ശ്രീ. സി. ആർ. മഹേഷ്**

**ശ്രീ. ദീപക് ജോയ്**

**ശ്രീ. എഫ്. രാജ**

**ശ്രീ. കെ. ബിനിമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ കതിർ കാർഷിക ക്ലബ്ബ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശമുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) വിഷ രഹിത പച്ചക്കറി ജനങ്ങളിലേക്ക് എത്തിക്കാൻ വാട്സ്ആപ്പ് മുഖേന മിനി മാർക്കറ്റിംഗ് പ്ലാറ്റ്ഫോമുകൾ സജ്ജമാക്കാൻ പദ്ധതിയുണ്ടോയെന്ന് വിശദമാക്കുമോ;

(സി) ഓണത്തിന് സുരക്ഷിതവും വിഷരഹിതവുമായ പച്ചക്കറികളും പൂക്കളും ലഭ്യമാക്കാൻ ലക്ഷ്യമിടുന്ന 'ഓണത്തിനൊരുക്കാം വിളവിന്റെ വിസ്മയം 2026' എന്ന സമഗ്ര കാർഷിക യജ്ഞം നടപ്പിലാക്കുവാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ?

## കൃഷി വകുപ്പിന്റെ പുതിയ പദ്ധതികൾ

1213 **ശ്രീമതി ഉമ തോമസ്**
**ശ്രീ. സെബാസ്റ്റ്യൻ. എം. ജെ**
**ശ്രീ. എ. ഡി. തോമസ്**
**ശ്രീ. പഴകുളം മധു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പ് എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കൃഷി വകുപ്പിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തുവാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) യുവാക്കളെയും വിദ്യാർത്ഥികളെയും കൃഷിയിലേക്ക് ആകർഷിക്കുന്നതിന് പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കുമോ; വ്യക്തമാക്കാമോ?

## സമഗ്ര പച്ചക്കറി ഉല്പാദന യജ്ഞം

1214 **ശ്രീ. ആര്യാടൻ ഷൗക്കത്ത്**
**ശ്രീ. സുധീർഷാ പാലോട്**
**ശ്രീ. എം. ആർ. ബൈജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര പച്ചക്കറി ഉല്പാദന യജ്ഞത്തിന്റെ ഭാഗമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനമൊട്ടാകെ ഒരു ലക്ഷം പോഷകത്തോട്ടങ്ങൾ നിർമ്മിക്കാൻ പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

(സി) സ്ഥലപരിമിതിയുള്ള കർഷകർക്ക് മട്ടുപ്പാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

**മുൻ സർക്കാരിന്റെ കാലത്ത് കർഷകർക്ക് നൽകാനുള്ള കുടിശ്ശിക**

1215 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലാവധി അവസാനിക്കുമ്പോൾ സംസ്ഥാനത്തെ കർഷകർക്ക് എന്തെല്ലാം തരത്തിലുള്ള കുടിശ്ശികകളാണ് നല്കാനുണ്ടായിരുന്നത് ; ഓരോ ഇനത്തിലുമുള്ള കുടിശ്ശികയുടെ വിവരം ലഭ്യമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലാവധി അവസാനിക്കുമ്പോൾ വിവിധ കാർഷിക വിളകൾക്ക് പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവില ഓരോന്നും എത്ര വീതമാണ്; വിശദാംശം തരംതിരിച്ച് ലഭ്യമാക്കുമോ;

(സി) ഈ സർക്കാരിൽ നിന്നും കർഷകർക്ക് എന്തെല്ലാം തരത്തിലുള്ള ആശ്വാസ നടപടികളാണ് പ്രതീക്ഷിക്കാവുന്നത്, വ്യക്തമാക്കുമോ;

**ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

1216 **ഡോ. ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. നാട്ടകം സുരേഷ്**
**ശ്രീ. സിറിയക് തോമസ്**
**ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന ജൈവ കാർഷികോല്പന്നങ്ങൾക്ക് പ്രത്യേക വിപണി ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) ജൈവകൃഷിയിൽ ഏർപ്പെടുന്ന കർഷക സംഘങ്ങൾക്ക് സർക്കാരിന്റെ ഭാഗത്തുനിന്നുള്ള പ്രോത്സാഹനം എന്തൊക്കെയാണെന്നു

വിശദമാക്കാമോ ?

**കൊച്ചി മണ്ഡലത്തിലെ പൊക്കാളി കൃഷിയും പാടശേഖര വികസനവും**

1217 **ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മണ്ഡലത്തിലെ ചെല്ലാനം മേഖലയിൽ ആകെയുള്ള പതിമൂന്ന പാടശേഖരങ്ങളിൽ നിലവിൽ ആറെണ്ണത്തിൽ മാത്രമാണ് പൊക്കാളി കൃഷി നടത്തിവരുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കണ്ടക്കടവ്, മരുവക്കാട്, ഗണപതിക്കാട്-എ, ഗണപതിക്കാട്-ബി, നോർത്ത് ചെല്ലാനം, ചാലിപ്പുറം എന്നീ പാടശേഖരങ്ങളിലെ ഔട്ടർ ബണ്ടുകളിലെ ചോർച്ച മൂലം കൃഷിക്ക് ബുദ്ധിമുട്ട് നേരിടുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) മേൽപ്പറഞ്ഞ പാടശേഖരങ്ങളിൽ കണ്ടക്കടവ് ഔട്ടർ ബണ്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നിലവിൽ നടന്നുവരുന്ന സാഹചര്യത്തിൽ, ബാക്കിയുള്ള പാടശേഖരങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും പൊക്കാളി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി തകർന്നുകിടക്കുന്ന ഔട്ടർ ബണ്ടുകൾ കരിങ്കല്ല് ഉപയോഗിച്ച് പുനർനിർമ്മിച്ച് അടിയന്തരമായി ബലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) കുമ്പളങ്ങി പഞ്ചായത്തിൽ ഒരു നെല്ലും മീനും പദ്ധതിയുടെ ഭാഗമായി പൊക്കാളി കൃഷി ആരംഭിക്കുന്നതിന് മുന്നോടിയായി പാടങ്ങൾ കൃത്യസമയത്ത് ഉണക്കി കൃഷിയോഗ്യമാക്കുന്നതിനായി നിലവിൽ തീരുമാനിച്ചിട്ടുള്ള ഏപ്രിൽ 15 എന്ന തീയതി ഏപ്രിൽ 1-ലേക്ക് മാറ്റി മുൻകൂട്ടി പുനഃക്രമീകരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(ഇ) കുമ്പളങ്ങി പഞ്ചായത്തിലെ മണൽക്കുർ, ചൂടുകാട് കരി, തെക്ക്-വടക്കുർ പാടശേഖരങ്ങളിലെ ഔട്ടർ ബണ്ടുകൾ ബലപ്പെടുത്തുന്നതിനോടൊപ്പം സ്ഥിരമായ കോൺക്രീറ്റ് സ്ലൂയിസുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) പഠനക്കരി പാടശേഖരത്തിൽ ആർ.ഐ.ഡി.എഫ് പദ്ധതി പ്രകാരം നിർമ്മിച്ച സ്ലൂയിസ് കൃത്യമായി തുറക്കാനും അടയ്ക്കാനും സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ജി) കൊച്ചി മണ്ഡലത്തിലെ ചെല്ലാനം, കുമ്പളങ്ങി ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തി മുൻപ് ഉത്തരവായിട്ടുള്ള സുസ്ഥിര കാർഷിക ഗ്രാമം പദ്ധതി (സ.ഉ.(എം.എസ്.) നം. 110/2012/കൃഷി ) പൂർണ്ണതോതിൽ നടപ്പിലാക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ?

**കൃഷി ഭൂമി വ്യതിയാനം**

1218 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026 വരെ എത്ര ഹെക്ടർ കൃഷി ഭൂമിയാണ് സംസ്ഥാനത്ത് തരിശു രഹിതമാക്കാൻ കഴിഞ്ഞതെന്ന് അറിയിക്കാമോ ;

(ബി) സംസ്ഥാനത്ത് എത്ര ഹെക്ടർ കൃഷി ഭൂമിയാണ് നിലവിൽ ഉള്ളതെന്നും നിലവിലുള്ള കൃഷി ഭൂമിയുടെ വിസ്തീർണ്ണം കുറയാതിരിക്കാനാവശ്യമായ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്നും വിശദമാക്കാമോ;

(സി) കൃഷി ഭൂമി വ്യതിയാനം വരുത്തി മറ്റ് ആവശ്യങ്ങൾക്കായി ഇപ്പോൾ ഉപയോഗിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ ; ഉണ്ടെങ്കിൽ എത്ര ഹെക്ടർ കൃഷി ഭൂമി വ്യതിയാനം വരുത്തി എന്ന് വിശദമാക്കാമോ;

(ഡി) കൃഷി ഭൂമി വ്യതിയാനം വരുത്തുന്നത് തടയാൻ നിലവിലെ നിയമങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ആലോചനയുണ്ടോയെന്ന് വിശദമാക്കാമോ;

(ഇ) കാർഷിക മേഖലയിൽ ഇടനിലക്കാരുടെ ചൂഷണം തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് സർക്കാരിന്റെ ആലോചനയിൽ ഉള്ളതെന്ന് വിശദമാക്കാമോ?

**കേരഗ്രാമം പദ്ധതി**

1219 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. എം. വിജിൻ**
**ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ വാർഡ് അടിസ്ഥാനത്തിൽ നടപ്പിലാക്കിയ കേരഗ്രാമം പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന്

വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിന്റെ ഫലമായി 2020-21ൽ ഹെക്ടറിനു 6228 നാളികേരമായിരുന്ന ഉത്പാദന ക്ഷമത 2022-23 ആയപ്പോഴേയ്ക്കും 7419 നാളികേരമായി ഉയർന്നത് നേട്ടമായി വിലയിരുത്തുന്നുണ്ടോ ; വ്യക്തമാക്കാമോ;

(സി) നാളികേര സംഭരണത്തിനായി ഒരു തെങ്ങിൽ നിന്നും ശേഖരിക്കാവുന്ന നാളികേരത്തിന്റെ എണ്ണം 50-ൽ നിന്നും 70 ആയി ഉയർത്തിയതും സംഭരണ വില 34 രൂപയാക്കിയതും കർഷകർക്ക് നൽകിയ സാമ്പത്തിക പിന്തുണ എത്രത്തോളമാണെന്ന് വിശദമാക്കാമോ;

(ഡി) രോഗബാധയേറ്റ പഴയ തെങ്ങുകൾ വെട്ടിമാറ്റി ഗുണമേന്മയുള്ള ലക്ഷക്കണക്കിന് പുതിയ തെങ്ങിൻ തൈകൾ വിതരണം ചെയ്തത് നാളികേര മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് എപ്രകാരം പ്രയോജനപ്പെട്ടുവെന്ന് വിശദമാക്കാമോ?

## റബർ കർഷകർക്കുള്ള സഹായം

1220 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റബർ കർഷകരെ സഹായിക്കുന്നതിനായി റബറിന്റെ തറവില ഉയർത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) നിലവിൽ റബർ ഷീറ്റ് , റബർ പാൽ എന്നിവ എത്ര രൂപ നിരക്കിലാണ് സംഭരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) റബർ ഷീറ്റ്, റബർ പാൽ, ഒട്ടുപാൽ, ചിരട്ടപ്പാൽ എന്നിവ സംഭരിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) റബർ മേഖലയിലെ തൊഴിലാളികളുടെ ക്ഷാമവും റബറിന്റെ വിലയിടിവും വളത്തിന്റെ വിലയിലുണ്ടായ വർധനവും മൂലം റബർ കൃഷി കുറഞ്ഞുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ 10 വർഷങ്ങളിൽ എത്ര ഹെക്ടർ കൃഷിയിലാണ് കുറവുവന്നിട്ടുള്ളത് വിശദമാക്കാമോ?

**മുൻ സർക്കാരിന്റെ കാർഷിക പദ്ധതികൾ**

1221 **ശ്രീ. കെ. എൻ. ബാലഗോപാൽ**

**ശ്രീ. പി. മമ്മിക്കുട്ടി**

**പ്രൊഫ. പ്രൊഫ. സി. രവീന്ദ്രനാഥ്**

**ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്ത് വർഷത്തിനിടെ സംസ്ഥാനത്തെ ഭക്ഷ്യ സ്വയംപര്യാപ്തതയിൽ എത്തിക്കുന്നതിനായി മുൻ സർക്കാർ ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കിയ സുഭിക്ഷ കേരളം, ഞങ്ങളും കൃഷിയിലേയ്ക്ക് എന്നീ പദ്ധതികളുടെ പ്രധാന നേട്ടങ്ങൾ വിശദമാക്കാമോ;

(ബി) 2020-21 വർഷത്തിൽ 15.7 ലക്ഷം മെട്രിക് ടൺ ആയിരുന്ന പച്ചക്കറി ഉത്പാദനം 2023-24 വർഷത്തോടെ 17.217 ലക്ഷം മെട്രിക് ടണ്ണായി ഉയർത്താൻ സർക്കാരിന്റെ കാർഷിക നയങ്ങൾ സഹായകരമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഞങ്ങളും കൃഷിയിലേയ്ക്ക് എന്ന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ രൂപീകരിച്ച 23,245 കൃഷിക്കൂട്ടങ്ങൾ വഴി ഉത്പാദന, സേവന, മൂല്യവർദ്ധിത മേഖലകളിൽ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞുവെന്ന് വിശദമാക്കാമോ;

(ഡി) കാർഷിക മേഖലയിലേയ്ക്ക് കൂടുതൽ ആളുകളെ ആകർഷിക്കാനും അതുവഴി ഉത്പാദന വർദ്ധനവ് സാധ്യമാക്കാനും പ്രസ്തുത ഇടപെടലുകൾ എത്രത്തോളം സഹായകമായി എന്ന് വ്യക്തമാക്കാമോ?

**സമയബന്ധിതമായി നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് നടപടി**

1222 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കനത്ത മഴയും മറ്റുംമൂലം വ്യാപക കൃഷിനാശം സംഭവിച്ച് നിരവധി കർഷകർ ദുരിതമനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കർഷകർക്ക് നഷ്ടപരിഹാരം സമയബന്ധിതമായി ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ സമയബന്ധിതമായി നഷ്ടപരിഹാരം ലഭ്യമാക്കി കർഷകരെ കൃഷിയിലേക്ക് കൂടുതൽ ആകർഷിക്കാൻ നടപടി സ്വീകരിക്കുമോ;

വിശദമാക്കാമോ?

**<u>നിലമ്പൂർ മുണ്ടേരി സീഡ് ഫാമിന്റെ വികസനവും തൊഴിലാളി ക്ഷേമവും</u>**

1223 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ ചാലിയാർ പുഴയുടെ തീരത്ത് സ്ഥിതി ചെയ്യുന്ന മുണ്ടേരി സീഡ് ഫാമിലെ ഉപയോഗപ്പെടുത്താതെ കിടക്കുന്ന സ്ഥലം പ്രയോജനപ്പെടുത്തി പ്രസ്തുത ഫാമിനെ ഫാം ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി വരുമാനം വർധിപ്പിക്കുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിക്കുമോ;

(ബി) പ്രസ്തുത ഫാമിലെ മൊത്തം തൊഴിലാളികളിൽ ഫാമിനു ചുറ്റുമുള്ള ഉന്നതികളിലെ ആദിവാസി വിഭാഗങ്ങളിൽപ്പെട്ടവർക്ക് പ്രാതിനിധ്യം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അവർക്ക് തൊഴിൽ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഫാമിലെ തൊഴിലാളികളെ കോൺട്രിബ്യൂട്ടറി പെൻഷൻ സ്കീമിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത സ്കീമിൽ നിന്ന് ഒഴിവാക്കി അവരെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ സ്കീമിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**<u>കുട്ടനാടൻ കാർഷിക മേഖലയിലെ വികസന പ്രവർത്തനങ്ങൾ</u>**

1224 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന 80 വില്ലേജുകൾ ഉൾപ്പെടുന്ന കുട്ടനാടൻ കാർഷികമേഖലയുടെ അഭിവൃദ്ധിക്കായി പുതിയ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ രൂപരേഖ വിശദീകരിക്കാമോ?

**<u>വിള ഇൻഷുറൻസ് തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ</u>**

1225 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥ വ്യതിയാനം മൂലമുള്ള കൃഷിനാശത്തിന് നൽകുന്ന വിള ഇൻഷുറൻസ് തുക രണ്ടുവർഷമായി വിതരണം ചെയ്യാത്ത സാഹചര്യം

പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇത് അടിയന്തരമായി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

**കൃഷിവകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ**

1226 **ശ്രീ. വി. പി. സജീന്ദ്രൻ**
**ശ്രീ. സേനാപതി വേണു**
**ശ്രീ. അബിൻ വർക്കി കോടിയാട്ട്**
**ശ്രീ. സി. വി. ശാന്തകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണ്; അവയിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവയുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പൊതുമേഖലാ സ്ഥാപനങ്ങളെ കർഷകർക്ക് ഗുണകരമാകത്തക്കവിധത്തിൽ കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) ലാഭത്തിലല്ലാത്ത പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കുവാൻ കഴിയുമെന്ന് പരിശോധിക്കുമോ; വ്യക്തമാക്കാമോ ?

**മുത്തോലി കൃഷിഭവൻ നിർമാണം**

1227 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നിയോജകമണ്ഡലത്തിലെ മുത്തോലി കൃഷിഭവൻ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കൃഷിഭവൻ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിൽ തടസ്സങ്ങളുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

**തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിലെ കാർഷിക വികസനം**

1228 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കുമോ;

(ബി) കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ ഗ്രാമപ്രദേശങ്ങളോട് ചേർന്ന് കിടക്കുന്ന കോർപ്പറേഷൻ വാർഡുകളിൽ ഉൾപ്പെടെ പുതിയ കാർഷിക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ;

(സി) തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ മേഖലയിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും അതിനുള്ള പദ്ധതി നടത്തിപ്പിനുമായി ഉന്നതതലത്തിലുള്ള ഒരു ഉദ്യോഗസ്ഥനെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ?

## <u>തിരൂരിലെ വെറ്റില വ്യാപാരം</u>

1229 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വെറ്റില കൃഷിയുടെ കയറ്റുമതിയിലുണ്ടായ ഇടിവ് കാരണം തിരൂരിലെ വെറ്റില കർഷകർ നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ വെറ്റിലയിൽ നിന്ന് ഓയിൽ നിർമ്മിക്കുന്ന പദ്ധതി പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(ബി) അപകടത്തിൽപ്പെടുന്ന വെറ്റില കർഷകർക്ക് നഷ്ടപരിഹാരം നൽകുന്ന പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ അത്തരത്തിൽ ഒരു പ്രത്യേക പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## <u>മാനന്തവാടി നിയോജകമണ്ഡലത്തിലെ കാർഷികമേഖലയുടെ സമഗ്രവികസനം</u>

1230 **ശ്രീമതി ഉഷ വിജയൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് മാനന്തവാടി നിയോജകമണ്ഡലത്തിൽ കാർഷികമേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് കൃഷി വകുപ്പ് മുഖേന അനുവദിച്ച പദ്ധതികളും പ്രത്യേക കർമ്മപരിപാടികളും സംബന്ധിച്ച വിശദാംശം അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതിയും നിലവിലെ സ്ഥിതിയും എന്താണെന്ന് അറിയിക്കുമോ?

**പുനലൂർ മണ്ഡലത്തിലെ കാർഷിക വികസന പദ്ധതികൾ .**

1231 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിൽ കാർഷിക മേഖലയുടെ വികസനത്തിനായി കൃഷി വകുപ്പും കെ.എൽ.ഡി.സി. തുടങ്ങിയ അനുബന്ധ സ്ഥാപനങ്ങളും നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികളും പ്രവൃത്തികളും എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതികളുടെ അടങ്കൽ തുക എത്രയെന്നും നിലവിലെ സ്ഥിതി എന്തെന്നും വ്യക്തമാക്കാമോ;

(ബി) മലയോര മേഖലയായ പുനലൂർ മണ്ഡലത്തിൽ തോട്ടം മേഖലയുടെ പുരോഗതിക്കായി നിലവിൽ നടത്തിവരുന്ന പ്രത്യേക പദ്ധതികളുണ്ടോ; എങ്കിൽ ആയതു സംബന്ധിച്ച വിശദാംശങ്ങളും നിലവിലെ സ്ഥിതിയും അറിയിക്കാമോ?

**പുല്ല-കണ്ണോത്ത് വെങ്കിടങ്ങ് റോഡ്**

1232 **പ്രൊഫ. പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ കെ.എൽ.ഡി.സി.യുടെ പുല്ല - കണ്ണോത്ത് വെങ്കിടങ്ങ് റോഡിന്റെ മൂന്ന് കീലോമീറ്റർ ദൂരം മാത്രം ടാർ ചെയ്തിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തൃശ്ശൂർ നിന്ന് ഗുരുവായൂരിലേക്കുള്ള ദൂരം പകുതിയായി കുറയ്ക്കുവാൻ കഴിയുന്ന ഈ റോഡ് ബി.എം. ആൻഡ് ബി.സി. നിലവാരത്തിൽ പ്രവൃത്തി ചെയ്ത് യാത്രായോഗ്യമാക്കുമോയെന്ന് വ്യക്തമാക്കാമോ?

**മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ**

1233 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ 2021 മുതൽ 2026 മാർച്ച് വരെ കൃഷി വകുപ്പ് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ

വിശദാംശങ്ങൾ അനുവദിച്ച തുക, പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്നിവ സഹിതം ലഭ്യമാക്കുമോ?

**<u>പാടങ്ങളുടെ അതിർത്തി നിർണയം</u>**

1234 **ശ്രീ. അബിൻ വർക്കി കോടിയാട്ട്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർ പാടങ്ങൾ കൃഷി ആവശ്യങ്ങൾക്കായി പാടശേഖര സമിതികൾക്ക് വിട്ടുനൽകിയതിനെ തുടർന്ന് പാടങ്ങളുടെ അതിർത്തികൾ പല സ്ഥലങ്ങളിലും ഇല്ലാതായ സാഹചര്യത്തിൽ, ഡിജിറ്റൽ സർവേ പൂർത്തീകരിച്ച വില്ലേജുകളിൽ കർഷകരുടെ പാടങ്ങളുടെ അതിർത്തികൾ കൃത്യമായി നിർണയിക്കാതെയാണ് സർവേ നടപടികൾ പൂർത്തീകരിച്ചതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കർഷകർക്ക് അവരുടെ പാടങ്ങളുടെ അതിരുകൾ സർവേ ചെയ്ത് അടയാളപ്പെടുത്തി നൽകുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

**<u>കാർഷിക കടാശ്വാസ കമ്മീഷൻ</u>**

1235 **ശ്രീ. അപു ജോൺ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക കടാശ്വാസ കമ്മീഷൻ ശിപാർശ പ്രകാരം ഇളവുകൾ നൽകുന്നതിനായി ബാങ്കുകൾക്ക് എത്ര തുകയാണ് നൽകാനുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കാർഷിക കടാശ്വാസത്തിന് കർഷകരിൽ നിന്നും ലഭിച്ചതിൽ ഇനിയും തീർപ്പ് കൽപ്പിക്കാനുള്ള അപേക്ഷകൾ എത്രയാണ്; വിശദാംശം നൽകാമോ;

(സി) കാർഷിക കടാശ്വാസത്തിന് കർഷകരിൽ നിന്നും പുതിയ അപേക്ഷകൾ സ്വീകരിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

**<u>ഒല്ലൂർ മണ്ഡലത്തിൽ നടപ്പാക്കുന്ന പ്രവൃത്തികൾ</u>**

1236 **ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ മണ്ഡലത്തിൽ കൃഷി വകുപ്പിന് കീഴിൽ നടപ്പാക്കുന്ന വിവിധ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ പദ്ധതികൾ**

1237 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ 2021 മുതൽ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

**ബീയ്യം കായൽ-നൂറടിത്തോട് ഇന്റർ ലിങ്കിംഗ് പദ്ധതി**

1238 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പ് മേൽനോട്ടം വഹിക്കുന്ന ബീയ്യം കായൽ-നൂറടിത്തോട് ഇന്റർ ലിങ്കിംഗ് പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

**സി.എച്ച്.എം.കെ.എം. ഗവ: ആർട്സ് & സയൻസ് കോളേജ് കെട്ടിട നിർമ്മാണം**

1239 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ മണ്ഡലമായ താനൂരിൽ നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതും സർക്കാർ മേഖലയിലെ ഏക കോളേജുമായ സി.എച്ച്.എം.കെ.എം. ഗവ: ആർട്സ് & സയൻസ് കോളേജ് കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

(ബി) നിർമ്മാണം പുരോഗമിക്കുന്ന പ്രസ്തുത കെട്ടിടത്തിലേയ്ക്കുള്ള വഴിക്കായി അനുവദിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത തുക എത്രയും വേഗം ലഭ്യമാക്കി വഴിയുടെ നിർമ്മാണം എത്രയും വേഗത്തിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>സി. എച്ച്. എം. കെ. എം. ഗവ. ആർട്സ് & സയൻസ് കോളേജിൽ പുതിയ കോഴ്സുകൾ</u>**

1240 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ മണ്ഡലമായ താനൂരിൽ സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന ഏക കോളേജായ സി. എച്ച്. എം. കെ. എം. ഗവ. ആർട്സ് & സയൻസ് കോളേജിൽ ഇന്റഗ്രേറ്റഡ് അറബിക്, എം. എ. അറബിക്, ന്യൂ ജെൻ കോഴ്സായ ബി. സി. എ. - എ. ഐ. എന്നീ കോഴ്സുകൾ അനുവദിച്ചു നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>സംസ്ഥാനത്തിന് പുറത്തേക്ക് പോകുന്ന വിദ്യാർത്ഥികളുടെ വിശദാംശം</u>**

1241 **പ്രൊഫ. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിന്ന് കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ബിരുദ, ബിരുദാനന്തര, ഗവേഷണ തലങ്ങളിൽ മറ്റ് സംസ്ഥാനങ്ങളിലേക്കോ വിദേശ രാജ്യങ്ങളിലേക്കോ പഠനം മാറ്റിയ വിദ്യാർത്ഥികളുടെ എണ്ണം ലഭ്യമാക്കുമോ; ഓരോ വർഷം കഴിയുമ്പോഴും ഇപ്രകാരം പുറത്തേക്കു പോകുന്ന വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം വിദ്യാർത്ഥി കുടിയേറ്റത്തിന്റെ പ്രധാന കാരണങ്ങൾ എന്തൊക്കെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ എന്തൊക്കെയാണ്; ആയത് പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശാദംശം ലഭ്യമാക്കുമോ?

**<u>നാല് വർഷ ബിരുദകോഴ്സുകൾ നടപ്പിലാക്കിയതിലെ പോരായ്മകൾ</u>**

1242 **ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി ആരംഭിച്ച നാല് വർഷ ബിരുദകോഴ്സുകൾ (എഫ്.വൈ.യു.ജി.പി.) നടപ്പിലാക്കിയതിലെ പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത കോഴ്സുകൾ നടപ്പിലാക്കിയത് മൂലം വിദ്യാഭ്യാസ മേഖലയുടെ നിലവാരം കുറഞ്ഞതായി വിലയിരുത്തുന്നുണ്ടോ; നിലവിൽ പ്രതിവർഷം ലക്ഷത്തിലധികം വിദ്യാർത്ഥികൾ സി.യു.ഇ.റ്റി. എഴുതി സംസ്ഥാനത്തിന് പുറത്തെ സർവ്വകലാശാലകളിൽ പ്രവേശനം നേടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ഒഴിവാക്കുന്നതിന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത നാല് വർഷ ബിരുദകോഴ്സുകൾ പുന:പരിശോധിക്കുന്നതിന് പദ്ധതിയുണ്ടോ;

(ഡി) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളുടെ കീഴിൽ പകുതിയോളം ബിരുദ സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണെന്ന ആക്ഷേപം പരിഹരിക്കുന്നതിന് എന്തെങ്കിലും പുതിയ പദ്ധതികളുണ്ടോ; വിശദമാക്കാമോ?

## <u>മഞ്ചേശ്വരം ഗോവിന്ദപൈ മെമ്മോറിയൽ ഗവ.കോളേജിലെ പുതിയ ഡിഗ്രി കോഴ്സുകൾ</u>

1243 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം ഗോവിന്ദപൈ മെമ്മോറിയൽ ഗവ.കോളേജിൽ ഏതൊക്കെ പുതിയ ഡിഗ്രി കോഴ്സുകൾ തുടങ്ങുന്നതിനാണ് കണ്ണൂർ യൂണിവേഴ്സിറ്റിക്ക് കോളേജ് അധികൃതർ അപേക്ഷ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പുതിയ കോഴ്സുകൾ തുടങ്ങുന്നതിന്റെ ഭാഗമായി യൂണിവേഴ്സിറ്റി അധികൃതർ പ്രസ്തുത കോളേജിൽ സന്ദർശനം നടത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) സന്ദർശനം നടത്തിയ യൂണിവേഴ്സിറ്റി അധികൃതർ ഏതൊക്കെ കോഴ്സുകൾ തുടങ്ങുന്നതിനാണ് ശിപാർശ നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ; പ്രസ്തുത കോഴ്സുകൾ തുടങ്ങുന്നതിന് സർക്കാറിന് സാമ്പത്തിക ബാധ്യത വരുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത കോളേജ് അധികൃതർ അപേക്ഷ നൽകിയ ബി.എ. ഫംഗ്ഷനൽ അറബിക് വിത്ത് പ്രഫഷണൽ ട്രാൻസലേഷൻ & ഇന്റർപ്രറ്റേഷൻ എന്ന കോഴ്സ് തുടങ്ങുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഇ) വിദേശത്ത് ഏറെ തൊഴിൽ സാധ്യത ഉള്ള പ്രസ്തുത കോഴ്സ് തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>ഉപരി പഠനത്തിനായി വിദ്യാർത്ഥികൾ സംസ്ഥാനത്തിന് പുറത്തു പോകുന്ന പ്രവണത</u>**

1244 **ശ്രീ. ഉല്ലാസ് കോവൂർ**
**ശ്രീ. വിഷ്ണു മോഹൻ**
**ശ്രീ. വി. കുഞ്ഞികൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസത്തിനായി വിദ്യാർത്ഥികൾ വിദേശ രാജ്യങ്ങളിലെയും മറ്റ് സംസ്ഥാനങ്ങളിലെയും കോളേജുകൾ തെരഞ്ഞെടുക്കുന്ന പ്രവണത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇതിനുള്ള കാരണത്തെക്കുറിച്ച് സമഗ്ര പഠനം നടത്തുമോ; വ്യക്തമാക്കാമോ;

(സി) പുതിയ തലമുറയുടെ അഭിരുചിക്കനുസൃതമായി ജോലി സാധ്യത മുൻ നിർത്തി കോഴ്സുകൾ പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>പുനലൂർ മണ്ഡലത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ</u>**

1245 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിൽ കോളേജ് വിദ്യാഭ്യാസ മേഖലയിലും സാങ്കേതിക വിദ്യാഭ്യാസ രംഗത്തും നിലവിൽ പ്രവർത്തിച്ചു വരുന്ന കോളേജുകളിൽ സർക്കാർ, എയ്ഡഡ്, ആട്ടോണമസ്, സ്വാശ്രയ കോളേജുകൾ എന്നിങ്ങനെ വേർതിരിച്ച് വ്യക്തമാക്കാമോ;

(ബി) പുനലൂർ മണ്ഡലത്തിലെ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് അസാപ്പിന്റെ (എ. എസ്. എ. പി.) പഠന സൗകര്യങ്ങൾ ഏറ്റവുമടുത്ത് ലഭിക്കുന്നതിനായി പുതിയ എ. എസ്. എ. പി. പഠന കേന്ദ്രം പുനലൂർ മണ്ഡലത്തിൽ ആരംഭിക്കുന്നതിനുള്ള നടപടികളുണ്ടാകുമോയെന്ന് വിശദമാക്കാമോ?

**<u>ഡിജിറ്റൽ പഠന സൗകര്യങ്ങൾ</u>**

1246 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഡിജിറ്റൽ പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും അവയ്ക്കായി അനുവദിച്ചിട്ടുള്ള തുകയും ഇതുവരെയുള്ള പുരോഗതിയും വിശദമാക്കാമോ?

**ഗവൺമെന്റ് കോളേജുകളിൽ പുതുതായി കോഴ്സുകൾ**

1247 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവൺമെന്റ് കോളേജുകളിൽ പുതുതായി കോഴ്സുകൾ അനുവദിക്കുന്നതിനെക്കുറിച്ച് അലോചിക്കുന്നുണ്ടോ; വിശദാംശം നൽകാമോ;

(ബി) കണ്ണൂർ വനിതാ കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കാമോ?

**കോടിയേരി ബാലകൃഷ്ണൻ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനം**

1248 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി കോടിയേരി ബാലകൃഷ്ണൻ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രപ്പോസൽ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച് എന്തൊക്കെ നടപടിക്രമങ്ങൾ ആണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

**ഉന്നത വിദ്യാഭ്യാസത്തിനായി വിദേശത്തേക്ക് പോകുന്നത് സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ**

1249 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസത്തിനായി ഓരോ വർഷവും വിദേശത്തേക്ക് പോകുന്ന വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് കാരണം സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിലും ആർട്സ് ആൻഡ് സയൻസ് കോളേജുകളിലും ഒട്ടേറെ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന സാഹചര്യം നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇത് സാമ്പത്തികരംഗത്തും സാമൂഹികമായും സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കാൻ ഭാവിയിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

**ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിയ സമഗ്രമായ പ്രവർത്തനങ്ങൾ**

1250 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിയ സമഗ്രമായ പ്രവർത്തനങ്ങൾ മുഖേന കേരളത്തിലെ സർവ്വകലാശാലകളും കലാലയങ്ങളും ദേശീയ - അന്തർദേശീയ ഗുണനിലവാര പരിശോധനകളിൽ കൈവരിച്ച മികച്ച നേട്ടങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

**ആലത്തൂർ നിയോജകമണ്ഡലത്തിൽ ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ**

1251 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ നൽകാമോ; ഈ സ്ഥാപനങ്ങളിൽ അധിക/പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് ഏതെങ്കിലും പദ്ധതി നിലവിലുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യ വികസനവുവായി ബന്ധപ്പെട്ട് നിലവിൽ ഏതെങ്കിലും പ്രവൃത്തികൾ നടന്നു വരികയോ അല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട ഏതെങ്കിലും പ്രൊപ്പോസലുകളോ പരിഗണനയിലുണ്ടോ?

**കോഴിക്കോട് ഗവണ്മെന്റ് ആർട്സ് കോളേജിലെ സ്റ്റേഡിയം നവീകരണം**

1252 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ക്രിക്കറ്റ് അസോസിയേഷന്റെ പങ്കാളിത്തത്തോടെ കോഴിക്കോട് ഗവണ്മെന്റ് ആർട്സ് കോളേജിലെ സ്റ്റേഡിയം നവീകരിക്കുന്ന പദ്ധതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യം വക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>**ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം**</u>

1253 **ശ്രീ. ടി. ജെ. വിനോദ്**
**ശ്രീമതി ഉഷ വിജയൻ**
**ശ്രീ. കെ. എം. അഭിജിത്ത്**
**ശ്രീ. കെ. പ്രവീൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ സർവകലാശാലകളിലേക്കും മറ്റ് സംസ്ഥാനങ്ങളിലേക്കും വിദ്യാർത്ഥികൾ ഉന്നത പഠനത്തിന് പോകുന്ന പ്രവണത കുറയ്ക്കാൻ എന്തെല്ലാം ചെയ്യാൻ സാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിന് കർമ്മപരിപാടി തയ്യാറാക്കുമോ; വിശദമാക്കാമോ;

(സി) വിദ്യാർത്ഥികളുടെ മാനസികാരോഗ്യവും ക്യാമ്പസ് സുരക്ഷയും ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>**മാനന്തവാടി മണ്ഡലത്തിൽ നടപ്പിലാക്കിയ ഉന്നത വിദ്യാഭ്യാസ പദ്ധതികൾ**</u>

1254 **ശ്രീമതി ഉഷ വിജയൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് മാനന്തവാടി മണ്ഡലത്തിൽ നടപ്പിലാക്കിയ ഉന്നത വിദ്യാഭ്യാസ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; പ്രവൃത്തികൾ

നടന്നുവരുന്ന നിലവിലുള്ള പദ്ധതികളുടെ പുരോഗതി കൂടി വ്യക്തമാക്കാമോ?

**<u>കോളേജ് വിദ്യാർത്ഥിനികൾക്ക് 1000 രൂപ പ്രതിമാസ സ്റ്റൈപ്പൻഡ്</u>**

1255 **ശ്രീ. സനീഷ്കുമാർ ജോസഫ്**

**ശ്രീ. രമേഷ് പിഷാരടി**

**ശ്രീ. സുമേഷ് അച്ചുതൻ**

**ശ്രീ. രാജൻ. ജെ. പല്ലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാർത്ഥിനികൾക്കായി പ്രഖ്യാപിച്ച 1000 രൂപ പ്രതിമാസ സ്റ്റൈപ്പൻഡ് എന്ന ഇന്ദിരാ ഗ്യാരന്റി എന്ന് മുതലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) എല്ലാ മാസവും പ്രസ്തുത സ്റ്റൈപ്പൻഡിന്റെ വിതരണം ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; മറ്റ് സ്റ്റൈപ്പൻഡുകളോ ഫെല്ലോഷിപ്പുകളോ ലഭിക്കുന്ന പെൺകുട്ടികൾക്കും ഇന്ദിരാ ഗ്യാരന്റിയ്ക്ക് അർഹതയുണ്ടോ; വ്യക്തമാക്കാമോ;

(സി) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന വിവിധ സ്റ്റൈപ്പൻഡുകളും ഗവേഷകർക്കുള്ള ഫെല്ലോഷിപ്പും സമയബന്ധിതമായി ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കുമോ?

**<u>കോളേജ് വിദ്യാർത്ഥിനികൾക്ക് സ്കോളർഷിപ്പ്</u>**

1256 **ശ്രീ. കെ. പ്രവീൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ രംഗത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കർമ്മ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) കോളേജ് വിദ്യാർഥിനികൾക്ക് 1000 രൂപ സ്കോളർഷിപ്പ് നൽകാനുള്ള പദ്ധതി ഈ അധ്യായന വർഷം തന്നെ നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) നാലുവർഷ ബിരുദ പ്രോഗ്രാമുകൾ സംബന്ധിച്ച് പഠിക്കാൻ സമിതിയെ നിയോഗിക്കുമോയെന്ന് വിശദമാക്കുമോ?

**താനൂർ സി. എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ ഗവ. കോളേജിലെ അധ്യാപക തസ്തികകൾ**

1257 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സി. എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ ഗവ. കോളേജ് താനൂരിൽ 2020 - 2021 അധ്യയന വർഷത്തിൽ മലയാളം ഇന്റഗ്രേറ്റഡ് എം. എം. പ്രോഗ്രാം ആരംഭിച്ചതിന്റെ ഭാഗമായി എത്ര അധ്യാപക തസ്തികകൾ പുനർവിന്യാസം (ഷിഫ്റ്റിംഗ്) വഴി അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത കോളേജിലെ മലയാള വിഭാഗത്തിന്റെ ജോലിഭാരത്തിന് ആനുപാതികമായി ഏഴ് പുതിയ തസ്തികകൾ ലഭിക്കേണ്ടതായിരുന്നുവെന്നും ലഭിച്ച തസ്തികകൾക്കു പുറമേ ഒരു തസ്തിക കൂടി അനുവദിക്കണമെന്നും അഭ്യർത്ഥിച്ച് കോളേജ് പ്രിൻസിപ്പൽ അപേക്ഷിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) 2026 നവംബർ 30 വരെ കാലാവധിയുള്ള അസിസ്റ്റന്റ് പ്രൊഫസർ ഇൻ മലയാളം റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭ്യമാകും വിധം ഒരു തസ്തിക കൂടി സി. എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ ഗവ. കോളേജ് താനൂരിലേക്ക് പുനർവിന്യസിച്ചു നൽകുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ മലയാളം വിഷയത്തിൽ ആകെ എത്ര അധിക തസ്തികകൾ ഉണ്ടെന്നും അവ ഏതൊക്കെ കോളേജുകളിലാണെന്നും അറിയിക്കാമോ; പ്രസ്തുത തസ്തികകൾ റദ്ദാക്കുന്നതിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനു മുൻപ് സി. എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ ഗവ. കോളേജ് താനൂരിലെ മലയാളം അധ്യാപക തസ്തിക സംബന്ധിച്ച പരാതികൾ പരിഹരിക്കുമോയെന്ന് അറിയിക്കാമോ?

**ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ അധ്യാപക അധിക തസ്തിക**

1258 **ശ്രീ. കെ. കെ. വത്സരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ അധിക തസ്തികകൾ നിലവിലുണ്ടോ; എങ്കിൽ അധിക തസ്തിക നിലനിൽക്കുന്ന

കോളേജിന്റെ പേര്, വിഷയം, അധിക തസ്തികകളുടെ എണ്ണം എന്നിവ വ്യക്തമാക്കാമോ;

(ബി) ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ (മ്യൂസിക് കോളേജുകൾ ഉൾപ്പെടെ) നിലവിൽ എത്ര മലയാളം സ്ഥിരാധ്യാപകർ സേവനമനുഷ്ഠിക്കുന്നുണ്ട്; കോളേജിന്റെ പേര്, കോളേജിൽ അനുവദിക്കപ്പെട്ട തസ്തികകളുടെ എണ്ണം, അധ്യാപകരുടെ പേര്, തസ്തികയുടെ പേര് എന്നിവ സഹിതം വ്യക്തമാക്കാമോ;

(സി) ആർട്സ് ആൻഡ് സയൻസ് കോളേജ്, തവനൂരിൽ ഹിന്ദി, അറബി അധ്യാപക തസ്തികകൾ പുനർവിന്യാസത്തിലൂടെ അനുവദിച്ചിട്ടും മലയാളത്തിന് തസ്തിക അനുവദിക്കാത്തതു സംബന്ധിച്ച പരാതികൾ/ അപേക്ഷകൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ഡി) മലയാളം വിഷയത്തിന് വിവിധ കോളേജുകളിൽ നിലനിൽക്കുന്ന അധിക തസ്തികകളിലൊന്ന് ഗവ. കോളേജ്, തവനൂരിലേക്ക് പുനർവിന്യസിച്ചു നൽകി നിലവിലെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) മലയാളത്തിലെ അധ്യാപക തസ്തിക പുനർവിന്യാസം സംബന്ധിച്ച് സമാനമായ മറ്റു പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അവ ഏതൊക്കെയാണെന്നു വിശദമാക്കാമോ; അവയിൽ ഉദ്യോഗാർത്ഥികൾക്ക് അനുകൂലമാം വിധം നടപടികൾ സ്വീകരിക്കുമോ?

**<u>സർവകലാശാലകളിൽ അധ്യാപക/ അനധ്യാപക മേഖലയിലെ സംവരണം</u>**

1259 **പ്രൊഫ. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവകലാശാലകളിൽ അധ്യാപക/ അനധ്യാപക മേഖലയിൽ താൽക്കാലിക, കരാർ തസ്തികകളിൽ നടത്തുന്ന നിയമനങ്ങളിൽ സംവരണ വിഭാഗങ്ങൾക്ക് ആനുപാതിക പ്രാതിനിധ്യം ഉറപ്പാക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികകളിൽ സംവരണ തത്വം ഉറപ്പാക്കുന്നതിന് സ്വീകരിക്കുന്ന നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ?

**<u>സർക്കാർ കോളേജുകളിലെ പ്രൊഫസർമാരുടേയും ലക്ചറർമാരുടേയും ഒഴിവുകൾ</u>**

1260 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കോളേജുകളിൽ പ്രൊഫസർമാരുടേയും ലക്ചറർമാരുടേയും എത്ര തസ്തികകളാണ് നിലവിലുള്ളത്; ഓരോ വിഭാഗത്തിലേയും പ്രത്യേകം വ്യക്തമാക്കാമോ;

(ബി) ഇതിൽ ഏതെല്ലാം വിഭാഗത്തിലെ തസ്തികകളാണ് ഒഴിഞ്ഞ് കിടക്കുന്നത്; ഈ ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

**<u>ഉന്നതവിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥരുടെ യോഗം സംബന്ധിച്ച്</u>**

1261 **ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര യോഗാദിനത്തിന്റെ മുന്നൊരുക്കങ്ങൾ ചർച്ച ചെയ്യാൻ ബഹു. ഗവർണർ ഉന്നതവിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥരുടെ യോഗം നേരിട്ട് വിളിച്ചുചേർത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുത്തത് വകുപ്പ് മന്ത്രിയുടെ അറിവും സമ്മതത്തോടെയുമായിരുന്നോ;

(സി) പ്രസ്തുത യോഗത്തിൽ പങ്കെടുത്ത ഉദ്യോഗസ്ഥരുടെ പേരും ഔദ്യോഗിക മേൽവിലാസവും നൽകാമോ;

(ഡി) പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ വിശദീകരണം ചോദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

**<u>കോളേജ് അധ്യാപക നിയമനം</u>**

1262 **ശ്രീ. എം. വിൻസെന്റ്**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. വി. ടി. സൂരജ്**
**ശ്രീമതി വിദ്യാ ബാലകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് കോളേജ് അധ്യാപക നിയമനം തടസ്സപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്തെ നടപടികളുടെ ഭാഗമായി അധ്യാപക തസ്തികകൾ ഇല്ലാതായത് സംബന്ധിച്ച വിഷയം പരിശോധിക്കുമോ; വിശദമാക്കുമോ;

(സി) അധ്യാപക തസ്തികകളിൽ പി.എസ്.സി. റാങ്ക് പട്ടികയിൽ ഒന്നാം റാങ്ക് ലഭിച്ചവർക്ക് പോലും ജോലി ലഭ്യമാകാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇതിന് പരിഹാരം കാണുമോ എന്ന് അറിയിക്കുമോ?

### <u>ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ സർക്കാർ കോളേജ്</u>

1263 **ശ്രീമതി രമ്യ ഹരിദാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജ് ഇല്ലാത്ത ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ പുതിയ ആർട്സ് ആൻഡ് സയൻസ് കോളേജ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) എല്ലാ നിയോജകമണ്ഡലങ്ങളിലും ഒരു സർക്കാർ കോളേജ് എന്ന നയം നടപ്പിലാക്കുമോ; വ്യക്തമാക്കാമോ?

### <u>മഞ്ചേശ്വരം ഗോവിന്ദ പൈ സ്മാരക കോളേജിൽ പുതിയ കോഴ്സുകൾ</u>

1264 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം ഗോവിന്ദ പൈ സ്മാരക കോളേജിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് വിശദ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കോഴ്സുകൾ എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

### <u>നിലമ്പൂർ ഗവൺമെന്റ് കോളേജിന്റെ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി</u>

1265 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ഗവൺമെന്റ് കോളേജിന്റെ കെട്ടിട നിർമ്മാണത്തിനായി കിഫ്ബി പദ്ധതി പ്രകാരം പതിമൂന്ന് കോടി രൂപ നീക്കിവെച്ചിരുന്നുവെങ്കിലും നിർമ്മാണ പ്രവൃത്തി ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കോളേജിന്റെ കെട്ടിട നിർമ്മാണം ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

**<u>എറണാകുളം മഹാരാജാസ് കോളേജ് ക്യാമ്പസ് രാഷ്ട്രീയം</u>**

1266 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മഹാരാജാസ് കോളേജ് ക്യാമ്പസിനുള്ളിൽ വിദ്യാർത്ഥി രാഷ്ട്രീയം അനുവദനീയമാണോ; ഇതിന് നിലവിലുള്ള ചട്ടങ്ങൾ എന്തൊക്കെയാണ്; വിദ്യാർത്ഥി സംഘടനകൾക്ക് നടത്താൻ അനുമതിയുള്ള പ്രവർത്തനങ്ങൾ ഏതെല്ലാമാണ്; കോളേജ് ക്യാമ്പസിൽ രാഷ്ട്രീയ സംഘടനകളുടെ പ്രവർത്തനങ്ങൾക്ക് എന്തെങ്കിലും നിയന്ത്രണം നിലവിലുണ്ടോ; വിശദാംശം നൽകുമോ;

(ബി) മഹാരാജാസ് കോളേജ് ക്യാമ്പസിൽ വിദ്യാർഥി സംഘടനകൾക്ക് പ്രത്യേക ഓഫീസ് മുറികൾ അനുവദിച്ചിട്ടുണ്ടോ; കോളേജ് കെട്ടിടത്തിനുള്ളിൽ ഏതെങ്കിലും വിദ്യാർഥി സംഘടനയുടെ ഓഫീസ് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് അടിസ്ഥാനത്തിലാണ് അനുവദിച്ചിരിക്കുന്നത്; സർക്കാർ കോളേജ് കെട്ടിടങ്ങളിൽ സംഘടനാ ഓഫീസുകൾ പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ;

(സി) കോളേജ് കെട്ടിടങ്ങളിലും ഭിത്തികളിലും സംഘടനാ ചിഹ്നങ്ങൾ, പോസ്റ്ററുകൾ, ചിത്രങ്ങൾ, മുദ്രാവാക്യങ്ങൾ തുടങ്ങിയവ പ്രദർശിപ്പിക്കുന്നത് അനുവദനീയമാണോ; മഹാരാജാസ് കോളേജിന്റെ ഭിത്തികളിൽ മരണപ്പെട്ടവരുടെയും പൂർവ്വ വിദ്യാർത്ഥികളുടേയും ചിത്രങ്ങൾ, സ്മാരകങ്ങൾ, സൂക്തങ്ങൾ തുടങ്ങിയവ സ്ഥാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ സ്ഥാപിക്കാൻ അനുമതി നൽകിയിട്ടുണ്ടോ; വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇത്തരം ചിത്രങ്ങൾ/ സ്മാരകങ്ങൾ സ്ഥാപിക്കുന്നതിന് നിലവിലുള്ള ചട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) കോളേജ് ക്യാമ്പസിൽ സ്ഥാപിച്ചിട്ടുള്ള അനുമതിയില്ലാത്ത നിർമ്മാണങ്ങൾ, സ്മാരകങ്ങൾ, മറ്റ് ഘടനകൾ എന്നിവ നീക്കം ചെയ്യുന്നതിന് ഉത്തരവാദിത്തമുള്ള അധികാരി ആരാണ്; മഹാരാജാസ് കോളേജിലെ അഭിമന്യു സ്മാരകം ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ എന്ത് അടിസ്ഥാനത്തിലാണ് അനുവദിച്ചത്; പ്രസ്തുത സ്മാരകം/ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കോളേജ് കൗൺസിൽ, പ്രിൻസിപ്പൽ, വിദ്യാഭ്യാസ വകുപ്പ് എന്നിവരുടെ അനുമതി ലഭിച്ചിട്ടുണ്ടോ; അനുമതിയില്ലാതെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടി എന്താണ്; അഭിമന്യു സ്മാരകം ഉൾപ്പെടെയുള്ള നിർമ്മിതികൾ നീക്കം ചെയ്യുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഇ) നിലവിലുള്ള മഹാരാജാസ് കോളേജ് പ്രിൻസിപ്പലിന്റെ വിദ്യാഭ്യാസ യോഗ്യത, സേവന പരിചയം, നിലവിലെ പദവിയിലേക്കുള്ള നിയമനം എന്നീ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(എഫ്) മഹാരാജാസ് കോളേജിലെ മെൻസ് ഹോസ്റ്റലിൽ എത്ര വിദ്യാർഥികളെ ഉൾക്കൊള്ളിക്കാൻ സാധിക്കും; നിലവിൽ മെൻസ് ഹോസ്റ്റലിൽ താമസിക്കുന്ന വിദ്യാർഥികളുടെ എണ്ണം എത്രയാണ്; ഹോസ്റ്റലിൽ താമസിക്കുന്ന വിദ്യാർഥികളുടെ യോഗ്യത, പ്രവേശന മാനദണ്ഡം, താമസ കാലാവധി എന്നിവ സംബന്ധിച്ച ചട്ടങ്ങൾ എന്തൊക്കെയാണ്; പഠനം പൂർത്തിയാക്കിയ വിദ്യാർഥികൾ ഇപ്പോഴും ഹോസ്റ്റലിൽ താമസിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കോളേജ് ഹോസ്റ്റലുകളുടെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥൻ ആരാണ്; പഠനം പൂർത്തിയാക്കിയവർ ഹോസ്റ്റലിൽ തുടരുന്നത് ഒഴിവാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കാമോ;

(ജി) ഹോസ്റ്റൽ നിയമലംഘനങ്ങൾ, അനധികൃത താമസം, അച്ചടക്ക പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച് 2016 - 2026 കാലയളവിൽ പരാതികൾ ലഭിച്ചിട്ടുണ്ടോയെന്നും അതിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നുമുള്ള വിശദാംശം നൽകുമോ; മഹാരാജാസ് കോളേജിലെ ക്യാമ്പസ് പ്രവർത്തനങ്ങൾ നിലവിലെ ചട്ടങ്ങൾക്കും ഹൈക്കോടതി/ സുപ്രീം കോടതി നിർദ്ദേശങ്ങൾക്കും അനുസൃതമാണെന്ന് ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; കോളേജിലെ അക്കാദമിക്

അന്തരീക്ഷവും വിദ്യാർഥികളുടെ സുരക്ഷയും ഉറപ്പാക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന തുടർ നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

**പട്ടാമ്പി കോളേജിലെ പുതിയ കോഴ്സുകൾ**

1267 **ശ്രീ. മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി സർക്കാർ കോളേജിൽ നിലവിൽ ഏതൊക്കെ കോഴ്സുകളാണ് ബിരുദ, ബിരുദാനന്തര തലത്തിൽ ഉള്ളതെന്നും ഓരോന്നിലും എത്രപേർക്കാണ് പ്രവേശനം ലഭിക്കുന്നതെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത കോളേജിൽ പുതിയകാല സാധ്യതകൾ ഏറെയുള്ള കോഴ്സുകൾ തുടങ്ങുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; എങ്കിൽ ഏതൊക്കെ കോഴ്സുകളാണ് അനുവദിക്കുന്നതെന്ന് അറിയിക്കാമോ?

**ഗുരുവായൂർ മണ്ഡലത്തിൽ പുതിയ സർക്കാർ കോളേജ്**

1268 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ സർക്കാർ കോളേജുകൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) പുതിയ സർക്കാർ കോളേജുകൾ തുടങ്ങുന്നതിന് വകുപ്പിന് മുന്നിലെത്തിയിട്ടുള്ള നിർദ്ദേശങ്ങളിൽ ഗുരുവായൂർ മണ്ഡലത്തിൽ കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച നിർദ്ദേശമുണ്ടോ എന്ന് വ്യക്തമാക്കാമോ?

**ഗവൺമെന്റ് ബ്രണ്ണൻ കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷന്റെ അടിസ്ഥാന സൗകര്യ വികസനം**

1269 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജക മണ്ഡലത്തിലെ ഗവൺമെന്റ് ബ്രണ്ണൻ കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ ഡി.പി.ആർ. കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക്

സമർപ്പിച്ചിട്ടുണ്ട്; ആയതിന്റെ ഭരണാനുമതി ലഭ്യമാക്കുന്നതിനായി ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

**തലശ്ശേരി ഗവൺമെന്റ് ബ്രണ്ണൻ കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനിൽ എം. എഡ്. കോഴ്സ്**

1270 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി ഗവൺമെന്റ് ബ്രണ്ണൻ കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനിൽ എം.എഡ്. കോഴ്സ് പുനരാരംഭിക്കുന്നത് പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന് വേണ്ടി ഇതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) തലശ്ശേരി ഗവൺമെന്റ് ബ്രണ്ണൻ കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷിൽ എം.എഡ്. കോഴ്സ് അനുവദിക്കുന്നതിന് ഇനി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ?

**നെടുമങ്ങാട് കെ.വി. സുരേന്ദ്രനാഥ് മെമ്മോറിയൽ ഗവ. കോളേജിലെ കോഴ്സുകൾ**

1271 **ശ്രീ. ജി. ആർ. അനിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് കെ.വി. സുരേന്ദ്രനാഥ് മെമ്മോറിയൽ ഗവ. കോളേജിൽ നിലവിലുള്ള യു.ജി., പി.ജി. കോഴ്സുകളെയും സീറ്റുകളെയും സംബന്ധിച്ചുള്ള വിവരം നൽകാമോ;

(ബി) 2026-27 വർഷം ഉന്നത വിദ്യാഭ്യാസ മേഖലയിലെ സർക്കാർ-എയിഡഡ് കോളേജുകളിൽ പുതിയതായി ആരംഭിക്കുന്ന യു.ജി., പി.ജി. കോഴ്സുകളെ സംബന്ധിച്ച് വിശദാംശം നൽകാമോ;

(സി) നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ കെ.വി. സുരേന്ദ്രനാഥ് മെമ്മോറിയൽ ഗവ.കോളേജിൽ 2026-27 വർഷം പുതുതായി ആരംഭിക്കുന്ന കോഴ്സുകളെ കുറിച്ച് വിശദമാക്കാമോ?

**ദേശീയ വിദ്യാഭ്യാസ നയത്തിനനുസരിച്ച് ഉന്നത വിദ്യാഭ്യാസ രംഗത്ത് വരുത്തിയ മാറ്റങ്ങൾ**

1272 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-ൽ പ്രഖ്യാപിച്ച ദേശീയ വിദ്യാഭ്യാസ നയം ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിയിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തെ എല്ലാ കോളേജുകളിലും നാലുവർഷ ഡിഗ്രി കോഴ്സുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(സി) അക്കാഡമിക് ബാങ്ക് ഓഫ് ക്രെഡിറ്റ് സംവിധാനം സർവ്വകലാശാലകളിൽ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) 2021-2026 കാലഘട്ടത്തിൽ ഉന്നത വിദ്യാഭ്യാസ മേഖലയ്ക്കായി കേന്ദ്രസർക്കാർ നൽകിയ ധനസഹായത്തിന്റെ ഇനംതിരിച്ചുള്ള വാർഷിക വിവരങ്ങൾ ലഭ്യമാക്കാമോ?

**<u>പേരാമ്പ്ര നിയോജകമണ്ഡലത്തിലെ ഐ.എച്ച്.ആർ.ഡി-യുടെ പ്രവർത്തനം</u>**

1273 **ശ്രീമതി ഫാത്തിമ തഹിലിയ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര നിയോജകമണ്ഡലത്തിലെ ചങ്ങരോത്ത് പഞ്ചായത്തിൽ ഐ.എച്ച്.ആർ.ഡി.യുടെ കോഴ്സ് ആരംഭിക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ;

(ബി) ചങ്ങരോത്ത് പഞ്ചായത്തിൽ 2006-2011 കാലയളവിൽ ഐ.എച്ച്.ആർ.ഡി.യുടെ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; നിലവിലെ സ്ഥിതി വിവരിക്കാമോ;

(സി) പ്രസ്തുത ഐ.എച്ച്.ആർ.ഡി. കോഴ്സ് നടത്തുന്നതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; ആയതിന്റെ വിശദവിവരം ഇനം, ചെലവഴിച്ച തുക എന്ന ക്രമത്തിൽ ലഭ്യമാക്കാമോ?

**<u>രാജാരവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന്റെ കെട്ടിട നിർമ്മാണം</u>**

1274 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ രാജാരവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന്റെ കെട്ടിട നിർമ്മാണത്തിന് ബജറ്റിൽ തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിർമ്മാണത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**ഉന്നത വിദ്യാഭ്യാസ രംഗത്തെ നവീകരണം**

1275 **ശ്രീ. പി. പ്രസാദ്**
**ശ്രീമതി ഗീതാ ഗോപി**
**ശ്രീ. സി. അജയപ്രസാദ്**
**ശ്രീ. കെ. കെ. വത്സരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളുടെയും കോളേജുകളുടെയും അടിസ്ഥാനസൗകര്യം നവീകരിക്കുന്നതിനും വിപുലീകരിക്കുന്നതിനുമായി കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടത്തിയ വികസന പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ രംഗത്ത് മികവ് കൈവരിക്കുന്നതിനും സർവ്വകലാശാലകളുടെ അക്കാദമികവും ഭരണപരവുമായ ശാക്തീകരണത്തിനുമുള്ള പരിപാടികളെക്കുറിച്ച് വിശദമാക്കാമോ;

(സി) ലോകത്തെ മികച്ച സർവ്വകലാശാലകളുമായും ഗവേഷണ സ്ഥാപനങ്ങളുമായും ബന്ധം സ്ഥാപിച്ച് സംസ്ഥാനത്തെ സർവ്വകലാശാലകളുടെ നിലവാരം മെച്ചപ്പെടുത്തുന്ന പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

(ഡി) ദേശീയ-അന്തർദ്ദേശീയ തലത്തിൽ പ്രഗത്ഭരായ അക്കാഡമീഷ്യൻമാരുടെ ജ്ഞാനവും അനുഭവവും സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് പ്രചോദനമാകുന്നതിന് ഉദ്ദേശിച്ചുകൊണ്ട് പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

**സ്വയംഭരണ കോളേജുകൾക്കായി നയം**

1276 **ശ്രീ. വി. മുരളീധരൻ**
**ശ്രീ. രാജീവ് ചന്ദ്രശേഖർ**
**ശ്രീ. ബി. ബി. ഗോപകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസരംഗത്തെ നൂതന പ്രവണതകൾ ഉൾക്കൊണ്ടുകൊണ്ട് കേരളത്തിൽ സ്വയംഭരണ കോളേജുകൾ ആരംഭിക്കുന്നതിനു വേണ്ടി ഒരു നയം രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ബി) സ്വകാര്യ വിദ്യാഭ്യാസ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സ്വയംഭരണാവകാശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) തിരുവനന്തപുരം കോളേജ് ഓഫ് എൻജിനീയറിങ്ങിനെ സ്വയംഭരണ സ്ഥാപനമാക്കി മാറ്റുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

**<u>കിനാനൂർ കരിന്തളം ഗവ ആർട്സ് ആൻഡ് സയൻസ് കോളേജ് കെട്ടിട നിർമ്മാണം</u>**

1277 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ കിനാനൂർ കരിന്തളം ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

**<u>സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകളിലെ ഫീസ് വർദ്ധന</u>**

1278 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകളിൽ ഫീസ് വർദ്ധനവ് ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) സ്വകാര്യ മേഖലയിലെ ഓട്ടോണമസ് എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രത്യേക ഫീസ് ഘടന അംഗീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഫീസ് വർദ്ധന നടപ്പിലാക്കുമ്പോൾ അംഗീകൃത വിദ്യാർത്ഥി സംഘടനകളുമായി ചർച്ച നടത്താൻ തയ്യാറാകുമോ; വിശദമാക്കാമോ?

**<u>ആറ്റിങ്ങൽ ഗവൺമെന്റ് പോളി ടെക്നിക്കിലെ പുതിയ കെട്ടിടത്തിന്റെ പണി</u>**

1279 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ ഗവൺമെന്റ് പോളി ടെക്നിക്കിൽ പണി ആരംഭിച്ച കെട്ടിടത്തിന്റെ പൂർത്തീകരണത്തിന് കൂടുതൽ തുക ആവശ്യമുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ?

**പേരാമ്പ്ര നിയോജകമണ്ഡലത്തിലെ ഐ.എച്ച്.ആർ.ഡി കെട്ടിടം**

1280 **ശ്രീമതി ഫാത്തിമ തഹിലിയ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ ചങ്ങരോത്ത് പഞ്ചായത്തിൽ ഐ.എച്ച്.ആർ.ഡി.യ്ക്കായി കെട്ടിടം അനുവദിച്ചിട്ടുണ്ടോ; വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ബഹു. മുൻ വിദ്യാഭ്യാസ വകുപ്പ് മന്ത്രി ചങ്ങരോത്ത് പഞ്ചായത്തിലെ 14-ാം വാർഡിൽ കൂമുള്ള മലയിൽ 2010 ഓഗസ്റ്റ് 2-ന് ഐ.എച്ച്.ആർ.ഡി.ക്ക് വേണ്ടി കെട്ടിടം ഉദ്ഘാടനം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉദ്ഘാടനശേഷം കെട്ടിടത്തിൽ ഐ.എച്ച്.ആർ.ഡി.യുടെ പ്രവർത്തനം നടന്നതായി വിലയിരുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത കെട്ടിടത്തിലാണോ നിലവിൽ ഐ. എച്ച്. ആർ. ഡി. പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ; അല്ലെങ്കിൽ അതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഐ.എച്ച്.ആർ.ഡി.യുമായി ബന്ധപ്പെട്ട് ഏറ്റെടുത്തിട്ടുള്ള കെട്ടിടം നിലവിൽ എന്താവശ്യത്തിലേയ്ക്കാണ് ഉപയോഗിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

**ഏൺ വൈൽ യു ലേൺ പദ്ധതി**

1281 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഏൺ വൈൽ യു ലേൺ പദ്ധതി' സംസ്ഥാനത്തെ മുഴുവൻ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നടപ്പിലാക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് ഏതൊക്കെ സ്ഥാപനങ്ങളിലാണ് "ടെക്നോളജി ഇൻക്യുബേഷൻ സെന്ററുകൾ" പ്രവർത്തിച്ചു വരുന്നതെന്ന് അറിയിക്കാമോ; ഇത് കൂടുതൽ കേന്ദ്രങ്ങളിൽ സ്ഥാപിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ ഏതൊക്കെ പോളിടെക്നിക്കുകളിലാണ് "ഉൽപാദന പരിശീലന കേന്ദ്രങ്ങൾ" സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നതെന്ന് അറിയിക്കാമോ; സംസ്ഥാനത്തെ ശേഷിക്കുന്ന പോളിടെക്നിക്കുകളിലും ഉൽപാദന പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ?

## സർവ്വകലാശാലകളിലെ അക്കാഡമിക് വിരുദ്ധ പ്രവർത്തനങ്ങൾ

1282 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർവ്വകലാശാലകളിൽ അരാജകവും അക്കാഡമിക് വിരുദ്ധവുമായ പ്രവർത്തനങ്ങൾ നടക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) വൈസ് ചാൻസലർമാരെ നിയമിക്കുമ്പോൾ വിദ്യാഭ്യാസ യോഗ്യതയ്ക്ക് പുറമേ ഇച്ഛാശക്തിയുംകൂടി കണക്കിലെടുക്കുമോ; വ്യക്തമാക്കുമോ;

(സി) സർവ്വകലാശാലകളെ വിദ്യാസമ്പന്നവും സംസ്കാര സമ്പന്നവുമാക്കുന്നതിനുള്ള വിട്ടുവീഴ്ചയില്ലാത്ത നടപടികളെടുത്ത് സർവ്വകലാശാലകളുടെ പ്രസക്തി വർദ്ധിപ്പിക്കുമോ; വിശദമാക്കുമോ?

## ഉന്നത വിദ്യാഭ്യാസരംഗം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ

1283 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 10 വർഷത്തിനിടയിൽ അടച്ചു പൂട്ടിയ എത്ര ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; ആയതിൽ പ്രൊഫഷണൽ കോളേജുകൾ, ആർട്സ് & സയൻസ് കോളേജുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവ എത്ര വീതമാണെന്ന് അറിയിക്കാമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ 10 വർഷത്തിനിടയിൽ ഉന്നത വിദ്യാഭ്യാസത്തിനായി അന്യസംസ്ഥാനത്തേക്കും വിദേശത്തേക്കും വിദ്യാർത്ഥികളുടെ അഭൂതപൂർവ്വമായ ഒഴുക്ക് ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംസ്ഥാനത്തിന്റെ ഉന്നത വിദ്യാഭ്യാസ രംഗത്തെ പ്രവണതകളും നിലവാര തകർച്ചകളും കാരണമാണോ ഇങ്ങനെ ഒരു സ്ഥിതി വിശേഷം സംജാതമായതെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഉന്നത വിദ്യാഭ്യാസ രംഗം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**സർവ്വകലാശാലകളിലെ ബാക്ക് ലോഗ് നിയമനങ്ങൾ**

1284 **പ്രൊഫ. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവകലാശാലകളിൽ സ്ഥിര അധ്യാപക നിയമനങ്ങളിൽ സംവരണ വിഭാഗക്കാർക്ക് അർഹതപ്പെട്ട ബാക്ക്ലോഗ് തസ്തികകൾ നികത്താതെ വർഷങ്ങളോളം ഒഴിഞ്ഞുകിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദ വിവരം ലഭ്യമാക്കുമോ;

(ബി) ഓരോ സർവകലാശാലയിലെയും ഇത്തരം ബാക്ക്ലോഗ് ഒഴിവുകളുടെ കണക്ക് ലഭ്യമാക്കാമോ; അവ നികത്തുന്നതിന് എന്ത് പദ്ധതിയാണ് ആസൂത്രണം ചെയ്തിട്ടുള്ളത് എന്നറിയിക്കുമോ?

**സർവകലാശാലകളിലെ താൽക്കാലിക നിയമനങ്ങൾ**

1285 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെ സർവകലാശാലകളിൽ താൽക്കാലിക അടിസ്ഥാനത്തിലും കരാർ അടിസ്ഥാനത്തിലും പുനർ നിയമനമായും നിയമിക്കപ്പെട്ട ജീവനക്കാരുടെ വിവരം സർവകലാശാല, തസ്തിക,വർഷം എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഈ കാലയളവിൽ സർവകലാശാലകളിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിലൂടെ നടന്നിട്ടുള്ള നിയമനങ്ങളും നിയമിക്കപ്പെട്ടവരുടെ സേവന കാലയളവും സർവകലാശാല, തസ്തിക, വർഷം എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(സി) എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് നിയമം പാലിച്ചുകൊണ്ട് മാത്രം സർവകലാശാലകളിൽ താൽക്കാലിക നിയമനങ്ങൾ നടത്തണം എന്ന നിർദ്ദേശം സർവകലാശാലകൾക്ക് നൽകുമോ എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ കാലയളവിൽ സർവകലാശാലകളിൽ ഗവർണർ നടത്തിയിട്ടുള്ള നിയമനങ്ങൾ ഏതെല്ലാമാണ് എന്ന് വ്യക്തമാക്കാമോ?

<u>**സർവകലാശാലകളിൽ സംവരണ കുടിശ്ശിക നികത്തുന്നതിന് പദ്ധതി**</u>

1286 **ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർവകലാശാലകളിൽ കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ (2016-17 മുതൽ 2025-26 വരെ) നടത്തിയ സ്ഥിര അധ്യാപക നിയമനങ്ങളിൽ സംവരണ വിഭാഗങ്ങൾക്ക് അർഹതപ്പെട്ട ബാക്ക്‌ലോഗ് ഒഴിവുകൾ നികത്താതെ നിയമനം നടത്തിയ സംഭവങ്ങൾ ഏതെങ്കിലും ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഓരോ സർവകലാശാലയിലും സംവരണ വിഭാഗം തിരിച്ച് നികത്താത്ത ബാക്ക്‌ലോഗ് ഒഴിവുകളുടെ എണ്ണം എത്രയാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) സംവരണ കുടിശ്ശിക നികത്താതെ പൊതുവിഭാഗ നിയമനങ്ങൾ നടത്തുന്നതിന് ബന്ധപ്പെട്ട സർവകലാശാലകൾ സർക്കാരിന്റെ മുൻകൂർ അനുമതി തേടിയിട്ടുണ്ടോ; അത്തരം അനുമതി നൽകിയിട്ടുണ്ടെങ്കിൽ ഏത് സർവകലാശാലയ്ക്ക്, ഏത് കാരണം ചൂണ്ടിക്കാട്ടി, ഏത് തസ്തികകൾക്ക് അനുമതി നൽകി എന്ന വിശദ വിവരം നൽകാമോ;

(ഡി) നിലവിലുള്ള സംവരണ നിയമങ്ങൾ, ചട്ടങ്ങൾ എന്നിവ പ്രകാരം സംവരണ കുടിശ്ശിക പൂർണ്ണമായും നികത്തുന്നതിന് മുൻപ് പൊതുവിഭാഗ നിയമനങ്ങൾ നടത്തുന്നത് അനുവദനീയമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സംവരണ കുടിശ്ശിക പൂർണ്ണമായും നികത്തുന്നതിന് ഓരോ സർവകലാശാലയ്ക്കും ഒരു കർമ്മ പദ്ധതി തയ്യാറാക്കി നടപ്പിലാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ നിർദ്ദേശം നൽകുമോ?

<u>**എൻ.ഐ.ആർ.എഫ്. റാങ്കിംഗ് നിലവാരം**</u>

1287 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ കേരളത്തിലെ സർവ്വകലാശാലകളുടെയും ആർട്സ് ആന്റ് സയൻസ് കോളേജുകളുടെയും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റാങ്കിംഗ് ഫ്രേമ് വർക്ക് (എൻ.ഐ.ആർ.എഫ്.) റാങ്കിംഗ് നിലവാരം മെച്ചപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റാങ്കിംഗ് ഫ്രേമ് വർക്ക് (എൻ.ഐ.ആർ.എഫ്.) റാങ്കിംഗ് മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ എത്ര കോളേജുകൾക്കാണ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റാങ്കിംഗ് ഫ്രേമ് വർക്ക് (എൻ.ഐ.ആർ.എഫ്.) റാങ്കിംഗിൽ നൂറിൽ താഴെ സ്ഥാനമുള്ളത്; വിശദമാക്കാമോ?

## എം.ജി. സർവകലാശാല സെനറ്റിലെ അംഗങ്ങളുടെ നിയമനം

1288 **ശ്രീ. വി. കെ. സനോജ്**
**ശ്രീ. കെ. കെ. രാമചന്ദ്രൻ**
**ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.ജി. സർവകലാശാല സെനറ്റിൽ ഒരു രാഷ്ട്രീയ പാർട്ടിയുടെ ദേശീയ സമിതി അംഗം ഉൾപ്പെടെയുള്ളവരെ നിയമിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) അതത് മേഖലകളിൽ വൈദഗ്ധ്യം തെളിയിച്ചവരെ അവഗണിച്ചാണ് പ്രസ്തുത നിയമനമെന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ സർക്കാർ എതിർപ്പ് അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) മാനദണ്ഡങ്ങൾ പാലിക്കാതെ നടത്തുന്ന ഇത്തരം നിയമനങ്ങളിൽ സർക്കാർ നിലപാട് വിശദമാക്കാമോ?

## മഹാത്മാഗാന്ധി സർവകലാശാലയിലെ ബോർഡ് ഓഫ് സ്റ്റഡീസിലെ എച്ച്.ഒ.ഡി. നിയമനം

1289 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി സർവകലാശാലയിലെ ബോർഡ് ഓഫ് സ്റ്റഡീസിലെ എച്ച്.ഒ.ഡി. മാരെ നിർദ്ദേശിക്കുന്നത് മഹാത്മാഗാന്ധി സർവകലാശാല ആക്ടിലെ ഏത് ചട്ട പ്രകാരമാണെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത സർവകലാശാല ചട്ടത്തിന് വിരുദ്ധമായി സംസ്കൃതം, സുവോളജി, ഹിസ്റ്ററി, സോഷ്യൽ വർക്ക്സ്, മാത്തമാറ്റിക്സ് എന്നീ വിഷയങ്ങളിലെ ബോർഡ് ഓഫ് സ്റ്റഡീസിൽ എച്ച്.ഒ.ഡി. മാരെ നിർദ്ദേശിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സർവ്വകലാശാലയിലെ ചട്ടങ്ങൾ ലംഘിച്ച് ബോർഡ് ഓഫ് സ്റ്റഡീസിലെ എച്ച്.ഒ.ഡി.മാരെ നിർദ്ദേശിച്ചതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

**<u>എം.ജി. സർവ്വകലാശാല സെനറ്റ് അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ</u>**

1290 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.ജി. സർവ്വകലാശാല സെനറ്റ് അംഗങ്ങളെ ബഹു. ഗവർണർ നാമനിർദ്ദേശം ചെയ്തത് സർക്കാരുമായി കൂടിയാലോചന നടത്തിയാണോ എന്നത് വ്യക്തമാക്കാമോ; സെനറ്റ് അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) സർവ്വകലാശാല തലവൻമാർ ഒരു പ്രത്യേക രാഷ്ട്രീയ അജണ്ട ചർച്ച ചെയ്യുന്ന യോഗത്തിൽ പങ്കെടുത്തത് സർക്കാരിന്റെ അറിവോടുകൂടിയാണോ; ഈ പ്രവൃത്തി ശരിവെക്കുന്നുണ്ടോ; വിശദമാക്കാമോ; വി.സി.മാരുടെ ഈ നടപടി തെറ്റായിരുന്നുവെങ്കിൽ ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ മന്ത്രി പ്രതികരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

**<u>എം. ജി. സർവകലാശാലയിലെ നിയമനങ്ങൾ</u>**

1291 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. ജി. സർവകലാശാലയിലെ സ്റ്റാറ്റ്യൂട്ടറി ചാപ്റ്റർ 12 (5) പ്രകാരവും ടി സർവകലാശാലയിലെ ആക്ട് ചാപ്റ്റർ 4, 28 പ്രകാരവും ബോർഡ് ഓഫ് സ്റ്റഡീസിൽ അംഗങ്ങളെ നിയമിക്കുമ്പോൾ യൂണിവേഴ്സിറ്റി കോളേജ് തലത്തിലെ ഏതെല്ലാം തസ്തികകളിൽ ഉള്ളവരെയാണ് നിർദ്ദേശിക്കുന്നത് എന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത സർവകലാശാലയിലെ ആക്ടിലെ മാനദണ്ഡങ്ങൾ ലംഘിച്ച് മ്യൂസിക്, ലോ, ഇസ്ലാമിക് ഹിസ്റ്ററി, പെർഫോമിംഗ് ആർട്സ് എന്നീ വിഷയങ്ങളിൽ ബോർഡ് ഓഫ് സ്റ്റഡീസിലെ അംഗങ്ങളെ നിർദ്ദേശിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) മാനദണ്ഡങ്ങൾ ലംഘിച്ച് ബോർഡ് ഓഫ് സ്റ്റഡീസിലെ അംഗങ്ങളെ നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ ആയതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

<u>**നീറ്റ് , സി.ബി.എസ്.ഇ. പരീക്ഷകളിലെ ക്രമക്കേട്**</u>

1292 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഏജൻസികൾ നടത്തുന്ന നീറ്റ് (നാഷണൽ എലിജിബിലിറ്റി കം എൻട്രൻസ് ടെസ്റ്റ് ), സി.ബി.എസ്.ഇ. പരീക്ഷകളിൽ വ്യാപകമായ ക്രമക്കേട് നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത വിഷയത്തിൽ വിദ്യാർത്ഥികളുടെ ആശങ്ക കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത പരീക്ഷകളിലെ ക്രമക്കേട് കാരണം റിസൾട്ട് പ്രഖ്യാപിക്കാൻ കാലതാമസം നേരിടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത വിഷയം സംസ്ഥാന സർക്കാരിന്റെ പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള അഡ്മിഷനെ ബാധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>**സർക്കാർ-എയ്ഡഡ് സ്കൂളുകളിലെ കായിക അധ്യാപകർ നേരിടുന്ന വിവിധ പ്രശ്നങ്ങൾ**</u>

1293 **ശ്രീമതി രമ്യ ഹരിദാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ-എയ്ഡഡ് സ്കൂളുകളിലെ കായിക അധ്യാപകർ വിവിധ പ്രശ്നങ്ങൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് വിശദമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിരവധി സമരങ്ങൾ നടത്തിയ കായികാധ്യാപകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഉന്നതതല കമ്മിറ്റി രൂപീകരിച്ച് പഠനം നടത്താൻ സർക്കാർ ശ്രമം നടത്തുമോ; ആയത് വിശദമാക്കാമോ?

## ഒല്ലൂർ നിയോജകമണ്ഡലത്തിൽ കായിക വകുപ്പ് നടപ്പാക്കുന്ന വിവിധ പ്രവൃത്തികൾ

1294 **ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിൽ കായിക വകുപ്പ് നടപ്പാക്കുന്ന വിവിധ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

## പുനലൂർ നിയോജകമണ്ഡലത്തിലെ കായിക പദ്ധതികൾ

1295 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 'പഞ്ചായത്തിൽ ഒരു കളിക്കളം' പദ്ധതി പ്രകാരം ഏതെല്ലാം കളിസ്ഥലങ്ങൾക്ക് തുക അനുവദിച്ചിട്ടുണ്ടെന്നും ആയതിന്റെ നിലവിലെ സ്ഥിതി എന്തെന്നും അറിയിക്കാമോ;

(ബി) കായിക മേഖലയുടെ വികസനത്തിനായി നിയോജകമണ്ഡലാടിസ്ഥാനത്തിൽ പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ?

**ദേശീയ സിവിൽ സർവ്വീസ് വോളിബോൾ കായികമേള**

1296 **ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് തിരുവനന്തപുരത്ത് വെച്ച് നടത്തിയ ദേശീയ സിവിൽ സർവ്വീസ് വോളിബോൾ കായികമേളയിൽ എത്ര സംസ്ഥാനങ്ങളിൽ നിന്നുമുള്ള കായിക താരങ്ങൾ പങ്കെടുത്തു എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കായികമേളയ്ക്ക് സ്പോൺസർഷിപ്പ് ഇനത്തിൽ ലഭ്യമായ തുകയുടെ കണക്കുകൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത കായികമേളയ്ക്ക് സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും എത്ര തുക വീതം ധനസഹായം നൽകി എന്നതിന്റെ കണക്കുകൾ ലഭ്യമാക്കാമോ;

(ഡി) കായികമേളയുടെ നടത്തിപ്പിനായി എത്ര കമ്മിറ്റികൾ, സബ്കമ്മിറ്റികൾ രൂപീകരിച്ചിരുന്നു എന്നത് വിശദമാക്കാമോ;

(ഇ) പ്രസ്തുത കമ്മിറ്റികളുടെയും മെമ്പർമാരുടെയും വിവരങ്ങൾ ലഭ്യമാക്കാമോ;

(എഫ്) പ്രസ്തുത കായികമേളയുടെ നടത്തിപ്പിനായി ഏതെങ്കിലും ട്രഷറിയിൽ അക്കൗണ്ട് തുറന്നിരുന്നോ; എങ്കിൽ ആയതിന്റെ കണക്കുകൾ ലഭ്യമാക്കാമോ;

(ജി) കായികമേളയുടെ ഭാഗമായി ഏതെങ്കിലും ഉദ്യോഗസ്ഥരുടെ പേരിൽ ബാങ്ക് അക്കൗണ്ട് തുടങ്ങി പ്രസ്തുത അക്കൗണ്ടിൽ തുക ക്രെഡിറ്റ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ കണക്കുകൾ ലഭ്യമാക്കാമോ?

**പുതുക്കാട് മണ്ഡലത്തിലെ ഗ്രൗണ്ട് നിർമ്മാണം**

1297 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ വിവിധ ഫണ്ടുകൾ ഉപയോഗപ്പെടുത്തി നിർമ്മാണത്തിന് നടപടികൾ സ്വീകരിച്ചിട്ടുള്ള നന്തിക്കര ജി.വി.എച്ച്.എസ് ഗ്രൗണ്ട്, തൃക്കൂർ സർവ്വോദയ സ്കൂൾ ഗ്രൗണ്ട്, വല്ലച്ചിറ

ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് എന്നിവയുടെ നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ;

(ബി) നന്തിക്കര ജി.വി.എച്ച്.എസ് ഗ്രൗണ്ട് നിർമ്മാണം വളരെ മന്ദഗതിയിലാണ് എന്നതും തൃക്കൂർ സ്കൂൾ ഗ്രൗണ്ട്, വല്ലച്ചിറ പഞ്ചായത്ത് ഗ്രൗണ്ട് എന്നിവയുടെ നിർമ്മാണം ഇനിയും ആരംഭിക്കാത്തതും കായിക വകുപ്പിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന നടത്തുന്ന പ്രസ്തുത ഗ്രൗണ്ട് നിർമ്മാണ പ്രവൃത്തികൾ കാര്യക്ഷമമാക്കുന്നതിനും, പൂർത്തീകരിക്കുന്നതിനും ആവശ്യമായ നടപടികൾ കായിക വകുപ്പ് സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>നെന്മാറ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ</u>

1298 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക വകുപ്പ് മുഖേന നെന്മാറ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ പുരോഗതി വിവരം ലഭ്യമാക്കുമോ?

## <u>ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി</u>

1299 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി തുടരുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഗുരുവായൂർ മണ്ഡലത്തിൽ അനുവദിച്ച പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

## <u>സംസ്ഥാനത്തെ കായിക സ്റ്റേഡിയങ്ങളും പരിശീലന കേന്ദ്രങ്ങളും</u>

1300 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിന്ന് മെസ്സിമാരെ വാർത്തെടുക്കുകയാണ് ലക്ഷ്യമെന്ന ബഹു.മന്ത്രിയുടെ പ്രസ്താവന സാക്ഷാത്കരിക്കുന്നതിനായി എന്തെല്ലാം പുതിയ പദ്ധതികളാണ് സർക്കാർ ആലോചിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) നിലവിൽ സംസ്ഥാനത്തെ സ്റ്റേഡിയങ്ങളുടെയും പരിശീലന കേന്ദ്രങ്ങളുടെയും ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് കായിക ഹോസ്റ്റലുകൾ ഉണ്ടോ; എങ്കിൽ ഏതൊക്കെ ജില്ലയിലാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഗ്രാമീണ മേഖലയിൽ കായിക പ്രതിഭകളെ കണ്ടെത്തുന്നതിന് എന്തെല്ലാം പുതിയ പദ്ധതികൾ സർക്കാർ ആലോചിക്കുന്നുണ്ട്; വിശദമാക്കാമോ;

(ഇ) മുൻ സർക്കാർ തുടങ്ങിവച്ച ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി നിലവിലെ സർക്കാർ തുടരുമോ; വിശദമാക്കാമോ; ഷൊർണ്ണൂർ മണ്ഡലത്തിലെ എത്ര കളി സ്ഥലങ്ങൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടു; അവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## തലശ്ശേരി മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

1301 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക മേഖലയുടെ അഭിവൃദ്ധിക്കായി തലശ്ശേരി മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളിൽ ഇനിയും പൂർത്തിയാകാത്ത പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും ആയത് പൂർത്തീകരിക്കാൻ ഇനി എന്തൊക്കെ നടപടികൾ ആണ് ഉള്ളതെന്നും വ്യക്തമാക്കാമോ?

## ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി

1302 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിവരം വ്യക്തമാക്കുമോ?

## കായിക വകുപ്പിന്റെ പദ്ധതികൾ

1303 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് കായിക വകുപ്പ് നടപ്പിലാക്കിയ വിവിധ പദ്ധതികളും അവയ്ക്കായി ചെലവഴിച്ച തുകയും എത്രയാണെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ കാലയളവിൽ ദേശീയ അന്തർദേശീയ തലങ്ങളിൽ കായിക താരങ്ങൾ കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

## പഞ്ചായത്ത് ഒരു കളിസ്ഥലം പദ്ധതി പ്രകാരം നിർമ്മിച്ച ഗ്രൗണ്ടുകൾ

1304 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്ത് വർഷത്തെ ഭരണകാലത്തിനിടയിൽ ഒരു പഞ്ചായത്ത് ഒരു കളിസ്ഥലം പദ്ധതി പ്രകാരം എത്ര ഗ്രൗണ്ടുകൾ നിർമ്മിക്കുവാൻ ഉത്തരവായിട്ടുണ്ട്; ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ട്; പ്രത്യേകം വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര ഗ്രൗണ്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ചുവെന്നും ശേഷിക്കുന്നവ എത്രയെന്നും വ്യക്തമാക്കാമോ;

(സി) യുവതി-യുവാക്കളുടെ കായിക വിനോദത്തിന് ഉപകാരപ്രദമായ പ്രസ്തുത പദ്ധതി തുടർന്ന് കൊണ്ട് പോകുവാൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

**ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

1305 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ ഏതൊക്കെ പഞ്ചായത്തുകളിലാണ് ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതി നടപ്പിലാക്കാൻ കാലതാമസം നേരിടുന്നുണ്ടോ; പദ്ധതി എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**കൊച്ചി നിയോജകമണ്ഡലത്തിലെ കായിക അടിസ്ഥാന സൗകര്യ വികസനം**

1306 **ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നഗരത്തിലോ എറണാകുളം ജില്ലയിലോ പൊതുജനങ്ങൾക്ക് സൗജന്യമായി പ്രാപ്യമായ രീതിയിൽ അന്താരാഷ്ട്ര നിലവാരമുള്ള ഒരു പൊതു നീന്തൽ പരിശീലന കുളം നിലവിലില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തീരദേശ മേഖലയിലെ കുട്ടികൾക്ക് മികച്ച പരിശീലനം നൽകുന്നതിനായി ഒരു ആധുനിക നീന്തൽ പരിശീലന കേന്ദ്രം കൊച്ചിയിൽ സ്ഥാപിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) കൊച്ചിയിൽ പൊതുജനങ്ങൾക്ക് ലഭ്യമായ വലിയ മൈതാനങ്ങളുടെ കുറവ് പരിഹരിക്കുന്നതിനായി അത്‌ലറ്റിക് ഫെഡറേഷൻ, കൊച്ചി നഗരസഭ, പി.ഡബ്ല്യൂ.ഡി. എന്നിവ അംഗീകരിച്ച സാർവത്രിക മാനദണ്ഡങ്ങൾ പ്രകാരമുള്ള 'ട്രാക്ക് ആൻഡ് ഫീൽഡ്' സംവിധാനങ്ങൾ ഫോർട്ട് കൊച്ചിയിലെ 8 ഏക്കർ വരുന്ന വേളി മൈതാനത്ത് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) കൊച്ചിയിലെ ചരിത്രപ്രസിദ്ധമായ ഫോർട്ട് കൊച്ചി പരേഡ് ഗ്രൗണ്ടിന്റെ മഹത്തായ പൈതൃകം പൂർണ്ണമായും നിലനിർത്തിക്കൊണ്ട് അവിടുത്തെ പരമ്പരാഗത കായിക സംസ്കാരം പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു

ആധുനിക ഫുട്ബോൾ മൈതാനം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) കൊച്ചി മണ്ഡലത്തിലെ കായലുകളിലും കനാലുകളിലും വള്ളംകളി, വഞ്ചിതുഴയൽ എന്നിവയിൽ യുവാക്കൾക്ക് ശാസ്ത്രീയമായ പരിശീലനം നൽകുന്നതിനായി കുറഞ്ഞ ചെലവിൽ പ്രത്യേക റോയിംഗ് ട്രാക്കുകൾ സജ്ജമാക്കാൻ കായിക വകുപ്പ് പദ്ധതി തയ്യാറാക്കുമോ?

<u>**കായിക മേഖലയിലെ പുതിയ പദ്ധതികൾ**</u>

1307 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക മേഖലയെ മെച്ചപ്പെടുത്തുന്നതിനായി എന്തൊക്കെ പദ്ധതികളാണ് സർക്കാർ നടപ്പിലാക്കാൻ പോകുന്നതെന്ന് വിശദമാക്കാമോ;

(ബി) മറ്റ് സ്പോർട്സ് ഓർഗനൈസേഷനുകളുമായി ചേർന്ന് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ വകുപ്പ് ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ?

<u>**കായിക വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ**</u>

1308 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷത്തിനിടെ പുതുതായി ആരംഭിച്ച കായിക അക്കാദമികൾ ഏതെല്ലാം; അവയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) ഗ്രാമീണ മേഖലകളിൽ കായിക പ്രതിഭകളെ കണ്ടെത്തുന്നതിനും പരിശീലിപ്പിക്കുന്നതിനുമായി കായിക വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്; അവയുടെ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

<u>**പട്ടാമ്പി മണ്ഡലത്തിലെ കായിക വകുപ്പ് പ്രവൃത്തികൾ**</u>

1309 **ശ്രീ. മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിൽ ഭരണാനുമതി ലഭിച്ച കായികവകുപ്പ് പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവ ഓരോന്നിന്റെയും നിലവിലെ സ്ഥിതിയും അറിയിക്കാമോ?

<u>**കായികമേഖലയുടെ സമഗ്രവികസനത്തിന് നടപടി**</u>

1310 **ശ്രീ. വി. പി. സജീന്ദ്രൻ**

**ശ്രീ. സേനാപതി വേണു**

**ശ്രീ. അബിൻ വർക്കി കോടിയാട്ട്**

**ശ്രീ. സി. വി. ശാന്തകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ കായികമേഖലയുടെ സമഗ്രവികസനത്തിനും കളിസ്ഥലങ്ങളുടെ ശരിയായ വിനിയോഗത്തിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്;വ്യക്തമാക്കാമോ;

(ബി) സ്കൂൾ,സാമൂഹിക തലങ്ങളിൽ താഴേത്തട്ടിലുള്ള കായികപ്രതിഭകളെ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) ദേശീയ - അന്തർദേശീയ തലങ്ങളിൽ മികച്ച പ്രകടനം കാഴ്ച വയ്ക്കാൻ കായികതാരങ്ങളെ പ്രാപ്തരാക്കുന്നതിന് മികച്ച പരിശീലനവും പിന്തുണയും ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ;വ്യക്തമാക്കാമോ?

<u>**മഞ്ചേരി പയ്യനാട് സ്റ്റേഡിയം ആന്റ് സ്പോർട്സ് കോംപ്ലക്സ് വികസനം**</u>

1311 **ശ്രീ. എം. <u>റഹ്മത്തുള്ള</u>** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മഞ്ചേരി പയ്യനാട് സ്റ്റേഡിയം ആന്റ് സ്പോർട്സ് കോംപ്ലക്സിൽ നിലവിൽ ലഭ്യമായിട്ടുള്ള കായിക സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്റ്റേഡിയം കോംപ്ലക്സിനെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി നിലവിൽ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) സ്പോർട്സ് കോംപ്ലക്സിൽ സിന്തറ്റിക് ട്രാക്ക്, ഇൻഡോർ സ്റ്റേഡിയം, ലൈറ്റിംഗ് സൗകര്യങ്ങൾ എന്നീ വികസന പ്രവർത്തനങ്ങൾക്കായി നടപ്പു സാമ്പത്തിക വർഷം ഫണ്ട് അനുവദിക്കുമോ;

(ഡി) പയ്യനാട് സ്റ്റേഡിയത്തിൽ കൂടുതൽ ദേശീയ-അന്തർദേശീയ മത്സരങ്ങൾ നടത്തുന്നതിനും യുവ കായിക പ്രതിഭകൾക്ക് മികച്ച പരിശീലനം നൽകുന്നതിനുമായി കായിക വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്?

**ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി**

1312 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ കളിസ്ഥലങ്ങൾ വികസിപ്പിക്കുന്നതിനായി കായികവകുപ്പ് നടപ്പിലാക്കിയ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ഭാഗമായി പാറശ്ശാല മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പുരോഗതി അറിയിക്കാമോ;ഇനിയും പൂർത്തിയാകാനുള്ള പ്രവൃത്തികൾ സമയബന്ധിതമായി തീർക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്;വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയം**

1313 **ശ്രീ. വി. മുരളീധരൻ**

**ശ്രീ. രാജീവ് ചന്ദ്രശേഖർ**

**ശ്രീ. ബി. ബി. ഗോപകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കാര്യവട്ടത്തെ ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി സർക്കാർ നേരിട്ട് ഫണ്ട്

അനുവദിച്ചിട്ടുണ്ടോ;സ്റ്റേഡിയത്തിന്റെ ഉടമസ്ഥാവകാശം ആർക്കാണ്;വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) സ്റ്റേഡിയം നിർമ്മാണത്തിനും മറ്റ് അനുബന്ധ സൗകര്യങ്ങൾക്കുമായി എത്ര ഭൂമിയാണ് സർക്കാർ അനുവദിച്ചിട്ടുള്ളത്;ഈ സ്റ്റേഡിയത്തിന്റെ നടത്തിപ്പ് ചുമതല ആരെയാണ് ഏൽപ്പിച്ചിരിക്കുന്നത്;വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ സ്റ്റേഡിയത്തിന്റെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റ് ചെയ്യാറുണ്ടോ;എങ്കിൽ 2016-17 മുതൽ 2025-26 വരെയുള്ള സാമ്പത്തിക വർഷാടിസ്ഥാനത്തിലുള്ള വരവ് -ചെലവ് കണക്കുകളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഈ സ്റ്റേഡിയം നിർമ്മിച്ചതിലൂടെ സർക്കാരിനും സംസ്ഥാനത്തെ കായിക മേഖലയ്ക്കും എന്ത് നേട്ടമാണ് ഉണ്ടായിട്ടുള്ളതെന്ന് വിലയിരുത്തിയിട്ടുണ്ടോ;വ്യക്തമാക്കാമോ?

## ഒ.പി.ഒ.പി പദ്ധതി വഴി പഞ്ചായത്തുകളിലെ സ്റ്റേഡിയം നിർമ്മാണം

1314 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒ.പി.ഒ.പി (വൺ പഞ്ചായത്ത് വൺ പ്ലേ-ഗ്രൗണ്ട്) പദ്ധതിയിൽ ഉൾപ്പെടുത്തി വഴിക്കടവ് ഗ്രാമപഞ്ചായത്തിലും,അമരമ്പലം ഗ്രാമപഞ്ചായത്തിലും സ്റ്റേഡിയം നിർമ്മാണത്തിനായി തുക അനുവദിച്ചുവെങ്കിലും പ്രവൃത്തിയുടെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;പ്രവൃത്തി എപ്പോൾ തുടങ്ങുമെന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതി നിലമ്പൂർ നിയോജകമണ്ഡലത്തിലെ മറ്റ് പഞ്ചായത്തുകളിൽ കൂടി നടപ്പിലാക്കുന്നത് ആലോചനയിലുണ്ടോ;വിശദമാക്കാമോ?

## വർക്കലയിൽ നിർമ്മിക്കുന്ന മൈതാനങ്ങൾ

1315 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കലയിൽ കായികവകുപ്പിന്റെ മേൽനോട്ടത്തിൽ നിർമ്മിച്ചുവരുന്ന മൈതാനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; ഓരോ പ്രവൃത്തിക്കും അനുവദിച്ചിട്ടുള്ള ഫണ്ട് എത്രയെന്നും, പ്രവർത്തിയുടെ പുരോഗതിയും വിശദമാക്കാമോ?

## കരകുളം നീന്തൽകുളം നവീകരണത്തിലെ അപാകത

1316 **ശ്രീ. ജി. ആർ. അനിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ കരകുളം ഗ്രാമപഞ്ചായത്തിലെ കരകുളം നീന്തൽകുളത്തിന്റെ നവീകരണത്തിന് ബഡ്ജറ്റ് ഫണ്ടിൽ നിന്നും ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയ വർക്കിന്റെ നിർമ്മാണ പുരോഗതി സംബന്ധിച്ച് വിശദീകരിക്കാമോ;

(ബി) ഈ വർക്കിന്റെ നിർമ്മാണ വേളയിൽ മെയിൻ പൂളിൽനിന്നും ബേബി പൂളിലേക്കുള്ള വെള്ളം ലീക്ക് ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;നാളിതുവരെ പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(സി) ഇതോടൊപ്പമുള്ള പമ്പിന്റെ പ്രവർത്തനം തുടങ്ങാൻ കഴിഞ്ഞിട്ടുണ്ടോ വ്യക്തമാക്കുമോ;

(ഡി) ഡിഫെക്ട്സ് ലയബിലിറ്റി പിരീഡിലുള്ള (ഡി.എൽ.പി) വർക്കായതിനാൽ അപാകതകൾ പരിഹരിക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കാമോ;വ്യക്തമാക്കുമോ?

## തളിപ്പറമ്പ് മണ്ഡലത്തിൽ സഫാരി പാർക്ക് നിർമ്മാണം

1317 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് മണ്ഡലത്തിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിലുള്ള നാട്ടുകാണിയിലെ ഭൂമിയിൽ നിർമ്മിക്കുന്ന നിർദിഷ്ട സൂ-സഫാരി പാർക്കിന്റെ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിൽ ആണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാർക്ക് നിർമ്മാണത്തിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറായെങ്കിൽ ആയതിന് അംഗീകാരം ലഭ്യമായോ എന്നും അടങ്കൽ തുക എത്ര ആണെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രോജക്ടിന് നിലവിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും പ്രോജക്ടിന്റെ ക്യാമ്പ് ഓഫീസ് ഇപ്പോൾ എവിടെ പ്രവർത്തിക്കുന്നുവെന്നും വ്യക്തമാക്കാമോ;

(ഡി) ക്യാമ്പ് ഓഫീസ് വാടക കെട്ടിടത്തിലാണെങ്കിൽ നാളിതുവരെയുള്ള വാടക ഒടുക്കിയിട്ടുണ്ടോ;വ്യക്തമാക്കാമോ?

## വാഴക്കാട് സബ് രജിസ്ട്രാർ ഓഫീസിന്റെ വാടക

1318 **ശ്രീ. ടി. പി. അഷ്റഫ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടക കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്ന കൊണ്ടോട്ടി മണ്ഡലത്തിലെ വാഴക്കാട് സബ് രജിസ്ട്രാർ ഓഫീസിന്റെ വാടക മൂന്ന് വർഷത്തിലധികമായി കുടിശ്ശികയുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വാടക ഇനത്തിൽ പ്രസ്തുത കുടിശ്ശിക വരാനുള്ള കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത കുടിശ്ശിക തീർപ്പാക്കി നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ;വ്യക്തമാക്കാമോ?

## വെള്ളറട സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം

1319 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളറട ഗ്രാമ പഞ്ചായത്തിൽ പുതിയ സബ് രജിസ്ട്രാർ ഓഫീസ് മന്ദിരം നിർമ്മിക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് സ്ഥലം രജിസ്ട്രേഷൻ വകുപ്പിന് കൈമാറി നൽകിയിട്ടുണ്ടോ;എങ്കിൽ സ്ഥലത്തിന്റെ വിസ്തീർണ്ണം,സർവേ നമ്പർ കൈമാറ്റവുമായി ബന്ധപ്പെട്ട ഫയൽ നമ്പർ എന്നിവ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മന്ദിര നിർമ്മാണവുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ വകുപ്പ് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും നിലവിൽ പദ്ധതി ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ;

(സി) മന്ദിര നിർമ്മാണത്തിനാവശ്യമായ ഭരണാനുമതി,സാങ്കേതികാനുമതി,എസ്റ്റിമേറ്റ് അംഗീകാരം എന്നിവ ലഭ്യമാക്കിയിട്ടുണ്ടോ;എങ്കിൽ ബന്ധപ്പെട്ട ഫയൽ നമ്പറുകളും അനുമതി വിവരങ്ങളും നൽകാമോ;

(ഡി) പ്രസ്തുത സബ് രജിസ്ട്രാർ ഓഫീസ് മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള സമയക്രമം എന്താണെന്നും ഇതിനായി സംസ്ഥാന ബജറ്റിലോ പ്ലാൻ ഫണ്ടിലോ തുക വകയിരുത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ?

**മഞ്ചേരി സബ് രജിസ്ട്രാർ ഓഫീസിന്റെ അടിസ്ഥാന സൗകര്യ വികസനങ്ങൾ**

1320 **ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിൽ മുൻ സർക്കാരിന്റെ കാലത്ത് രജിസ്ട്രേഷൻ,മ്യൂസിയം,പുരാവസ്തു-പുരാരേഖ വകുപ്പുകളിൽ വിവിധ പദ്ധതികൾക്കായി അനുവദിച്ച തുകയും പ്രവൃത്തികളുടെ പേരും അവയുടെ പുരോഗതിയും വ്യക്തമാക്കാമോ;

(ബി) മഞ്ചേരി സബ് രജിസ്ട്രാർ ഓഫീസിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഓഫീസിന്റെ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ വിശാദാംശം വകുപ്പ് ലഭ്യമാക്കുമോ;ആയതനുസരിച്ച് തുക വകയിരുത്തുവാനും എത്രയും വേഗം ഭരണാനുമതി നൽകുവാനും നടപടികൾ സ്വീകരിക്കുമോ?

**എറണാകുളം ജില്ലയിൽ രജിസ്ട്രേഷൻ വകുപ്പിന് കീഴിലുള്ള വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ**

1321 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ രജിസ്ട്രേഷൻ വകുപ്പിന് കീഴിലുള്ള ഏതെല്ലാം ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്;അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ ഓഫീസുകൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതിനായി സർക്കാർ പ്രതിവർഷം ചെലവഴിക്കുന്ന വാടക തുക എത്രയാണ്;വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഈ ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ നിർമ്മാണ പുരോഗതി ഉൾപ്പെടയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പുതിയ കെട്ടിടങ്ങളിൽ പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമായ രീതിയിൽ വിശാലമായ ഓഫീസ് സൗകര്യം,റെക്കോർഡ് റൂം,കാത്തിരിപ്പ് കേന്ദ്രം,പാർക്കിംഗ്,ഭിന്നശേഷി സൗഹൃദം തുടങ്ങിയവ സംവിധാനങ്ങൾ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

## <u>തെയ്യം മ്യൂസിയം</u>

1322 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കടന്നപ്പിള്ളി-പാണാപ്പുഴ ഗ്രാമപഞ്ചായത്തിലെ ചന്തപ്പുരയിൽ തെയ്യം മ്യൂസിയം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തികളുടെ പുരോഗതി അറിയിക്കാമോ;ഈ പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാണ് പ്ലാൻ ചെയ്തിരിക്കുന്നത് വിശദമാക്കാമോ?

## <u>കല്ല്യാശ്ശേരി മണ്ഡലത്തിലെ കായിക വകുപ്പിന്റെ പദ്ധതികൾ</u>

1323 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ ഭരണാനുമതി ലഭ്യമായതും പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നതുമായ കായിക വകുപ്പിന്റെ പദ്ധതികൾ ഏതൊക്കെയാണ്;വിശദാംശം നൽകാമോ;

(ബി) ഈ പദ്ധതികളും പ്രവൃത്തികളും എന്നത്തേക്ക് പൂർത്തിയാക്കാനാണ് പ്ലാൻ ചെയ്തിരിക്കുന്നത് വ്യക്തമാക്കാമോ?

## തകഴി മ്യൂസിയം

1324 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തകഴി മ്യൂസിയത്തിന്റെ നിർമ്മാണ പ്രവൃത്തി സംബന്ധിച്ച വിവരം ലഭ്യമാക്കാമോ;

(ബി) മ്യൂസിയം നിർമ്മാണത്തിൻെറ ആകെ തുക എത്രയാണെന്നും ആയതിലേക്കായി മ്യൂസിയം ഭരണ സമിതി എന്ത് ധനസഹായമാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തിക്കായി എത്ര തുക അനുവദിച്ചുനൽകിയെന്നും അനുവദിച്ച തുകയിൽ നിന്ന് മുൻ സർക്കാർ തിരിച്ചുപിടിച്ച തുക എത്രയാണെന്നും അറിയിക്കാമോ;

(ഡി) തിരിച്ചുപിടിച്ച തുകയും മ്യൂസിയം നിർമ്മാണത്തിനാവശ്യമായ ബാക്കി തുകയും അനുവദിച്ചുനൽകുന്നത് സംബന്ധിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത മ്യൂസിയം പൂർത്തിയാക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ;വ്യക്തമാക്കാമോ?

## ഹെറിറ്റേജ് ടൂറിസം പദ്ധതി

1325 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ ബഹുസ്വര പൈതൃകത്തിന്റെയും നവോത്ഥാന ചരിത്രത്തിന്റെയും സുപ്രധാന അടയാളമായ താനൂർ നിയോജകമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന നരിമട ബുദ്ധാശ്രമത്തെ സംരക്ഷിക്കുന്നതിനും ഹെറിറ്റേജ് ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) താനൂർ നരിമട ബുദ്ധാശ്രമം പുരാവസ്തു വകുപ്പ് വിശദമായി പഠിച്ച് ചരിത്രസ്മാരകമായി പ്രഖ്യാപിക്കുമോ;വ്യക്തമാക്കാമോ;

(സി) സ്ഥലത്തിന്റെ ചരിത്ര-പുരാവസ്തു പ്രാധാന്യം സംബന്ധിച്ച് ശാസ്ത്രീയ സർവേയും രേഖപ്പെടുത്തലും നടത്തുകയും,ബുദ്ധപ്രതിമയുടെ അവശിഷ്ടങ്ങൾ സംരക്ഷിച്ച് പ്രദർശിപ്പിക്കുന്നതിനുള്ള സംവിധാനം ഒരുക്കുകയും പ്രദേശത്തെ പൈതൃക-ടൂറിസം ഭൂപടത്തിൽ ഉൾപ്പെടുത്തി വികസന പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ;വ്യക്തമാക്കാമോ?

## കായിക - യുവജനകാര്യ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ

1326 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡലങ്ങളിലെ കായിക വികസനത്തിനായി കായിക-യുവജനകാര്യ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ആലത്തൂർ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ വർഷങ്ങളിൽ കായിക മേഖലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ;

(സി) കായിക ക്ലബ്ബുകളെയും സംഘടനകളെയും പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ;

(ഡി) യുവതലമുറയിലെ ലഹരി ഉപയോഗം പ്രതിരോധിക്കുന്നതിനായി യുവജനക്ഷേമ ബോർഡ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;അവയുടെ വിശദാംശങ്ങൾ നൽകാമോ;

(ഇ) കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ കായിക-യുവജനകാര്യ വകുപ്പ് മുഖേന പാലക്കാട് ജില്ലയിലെ ആലത്തൂർ നിയോജകമണ്ഡലത്തിൽ കായിക മേഖലയുടെ വികസനത്തിനായി നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങളും ചെലവഴിച്ച തുകയുടെ വിശദാംശങ്ങളും നൽകാമോ?

## യുവജനക്ഷേമ വകുപ്പിന്റെ പദ്ധതികൾ

1327 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനങ്ങളുടെ സർഗാത്മക ശേഷി വർദ്ധിപ്പിക്കുന്നതിനായി യുവജനക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ എന്തൊക്കെ പദ്ധതികളാണ് ആലോചിക്കുന്നത്;വിശദമാക്കാമോ;

(ബി) ക്യാമ്പുകൾ മറ്റ് സാംസ്കാരിക കൂട്ടായ്മ എന്നിവയെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ ആവിഷ്കരിക്കുമോ;വിശദമാക്കാമോ?

**ചാത്തന്നൂർ പ്രൈവറ്റ് ബസ് സ്റ്റാൻഡും ബസ്സുകളുടെ സമയക്രമീകരണവും**

1328 **ശ്രീ. ബി. ബി. ഗോപകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ദേശീയപാതയുടെ നിർമ്മാണം പൂർത്തിയായ സാഹചര്യത്തിൽ ചാത്തന്നൂർ വഴി സർവീസ് നടത്തുന്ന സ്വകാര്യ ബസുകളുടെ സമയക്രമം ശാസ്ത്രീയമായി പുനഃക്രമീകരിക്കുന്നതിന് മോട്ടോർ വാഹന വകുപ്പ് നടപടി സ്വീകരിക്കുമോ;

(ബി) യാത്രക്കാരുടെ സൗകര്യവും റോഡ് സുരക്ഷയും ഉറപ്പാക്കുന്നതിനായി ചാത്തന്നൂർ കേന്ദ്രീകരിച്ച് ബസുകളുടെ സമയക്രമം ഏകോപിപ്പിക്കുന്നതിനും നിലവിലുള്ള പ്രൈവറ്റ് ബസ് സ്റ്റാൻഡ് പ്രവർത്തനക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കാമോ;

(സി) ചാത്തന്നൂർ ജംഗ്ഷനിലെ വർദ്ധിച്ചുവരുന്ന ഗതാഗതക്കുരുക്കും യാത്രക്കാരുടെ ബുദ്ധിമുട്ടുകളും പരിഗണിച്ച് ഒരു ആധുനിക പ്രൈവറ്റ് ബസ് സ്റ്റാൻഡ് സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ വിശദമാക്കാമോ ?

**ഒറ്റത്തവണ കുടിശ്ശിക തീർപ്പാക്കൽ പദ്ധതി**

1329 **ശ്രീ. ടി. പി. അഷ്റഫ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ ഒറ്റത്തവണ കുടിശ്ശിക തീർപ്പാക്കൽ പദ്ധതി ആംരഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി എത്രയും പെട്ടെന്ന് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇല്ലെങ്കിൽ കുടിശ്ശികക്കാർക്ക് വലിയ ആശ്വാസവും സർക്കാരിന് കുടിശ്ശിക തുക ലഭിക്കാനുള്ള മാർഗ്ഗവുമായ ഒറ്റത്തവണ കുടിശ്ശിക

തീർപ്പാക്കൽ പദ്ധതി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കാമോ?

**<u>യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിനായി മൊബിലിറ്റി ഹബ്ബുകൾ</u>**

1330 **ശ്രീ. വി. മുരളീധരൻ**

**ശ്രീ. രാജീവ് ചന്ദ്രശേഖർ**

**ശ്രീ. ബി. ബി. ഗോപകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുനിസിപ്പൽ കോർപ്പറേഷനുകളിൽ യാത്രാ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി മൊബിലിറ്റി ഹബ്ബുകൾ സ്ഥാപിക്കുന്നതിന്റെ ആവശ്യകതയെ കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് നിലവിലുള്ള മൊബിലിറ്റി ഹബ്ബുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഐ.ടി. വ്യവസായ മേഖലയായ കഴക്കൂട്ടത്ത് തൊഴിൽ തേടി എത്തിയിട്ടുള്ള മറ്റു ജില്ലകളിൽ നിന്നും സംസ്ഥാനങ്ങളിൽ നിന്നും ഉൾപ്പെടെയുള്ളവരുടെ യാത്രാസൗകര്യം കണക്കിലെടുത്ത് സ്വകാര്യ, കെ.എസ്.ആർ.ടി.സി., ദീർഘദൂര സർവീസുകൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു മൊബിലിറ്റി ഹബ്ബ് കഴക്കൂട്ടത്ത് സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**<u>സമുദ്ര ബസ് സർവീസ്</u>**

1331 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് വേണ്ടി കെ.എസ്.ആർ.ടി.സി യും ഫിഷറീസ് വകുപ്പും സംയുക്തമായി തീരദേശ ജില്ലകളിൽ നടത്തുന്ന സമുദ്ര ബസ് സർവീസ് നിലവിൽ ഏതൊക്കെ ജില്ലകളിൽ ഉണ്ടെന്ന് വിശദമാക്കാമോ ;

(ബി) മലപ്പുറം ജില്ലയിൽ സമുദ്ര ബസ് സർവീസ് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ?

(സി) മലപ്പുറം ജില്ലയിൽ സമുദ്ര ബസ് സർവീസ് ആരംഭിക്കുന്നതിന് നടപടികൾ ഇതുവരെയും സ്വീകരിച്ചിട്ടില്ലായെങ്കിൽ അത്

നടപ്പിലാക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഡി) മലപ്പുറം ജില്ലയിലെ തീരദേശ പ്രദേശങ്ങളിൽ ഒന്നായ തിരൂരിൽ സമുദ്ര ബസ് സർവീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

**അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ നിയമനം**

1332 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത വകുപ്പിൽ നിലവിൽ എത്ര അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ തസ്തികകളിലാണ് ഒഴിവുള്ളത് ;

(ബി) പ്രസ്തുത ഒഴിവുകൾ പി. എസ്. സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിലവിലുള്ള അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

**പാറശ്ശാല മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി ബസ് സർവീസുകൾ**

1333 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ജനുവരി 1 മുതൽ നാളിതുവരെ പാറശ്ശാല നിയോജക മണ്ഡലത്തിൽ സർവീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി ബസ് സർവ്വീസുകളിൽ എത്രയെണ്ണം നിർത്തലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഡിപ്പോ, റൂട്ട്, സർവ്വീസ് എന്നിവ തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ നിർത്തലാക്കിയ സർവീസുകളിൽ എത്രയെണ്ണം പുനരാരംഭിച്ചിട്ടുണ്ടെന്നും എത്ര സർവീസുകൾ ഇനിയും പുനരാരംഭിക്കാനുണ്ടെന്നും ഡിപ്പോ, റൂട്ട് എന്നിവ തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ; പുനരാരംഭിക്കാൻ ശേഷിക്കുന്ന സർവീസുകളുടെ കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളതും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതുമായ നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) സർവീസുകൾ നിർത്തലാക്കിയതുമൂലം പാറശ്ശാല നിയോജക മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലെ പൊതുജനങ്ങൾക്ക് നേരിടേണ്ടി

വരുന്ന യാത്രാക്ലേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ യാത്രാ സൗകര്യം മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ റൂട്ടുകളിൽ സർവീസുകൾ പുനഃസ്ഥാപിക്കുന്നതിനുമായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) 2019 ജനുവരി 1 മുതൽ നാളിതുവരെ വെള്ളറട, പാറശ്ശാല, കാട്ടാക്കട, നെയ്യാറ്റിൻകര എന്നീ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിന്ന് സർവീസ് നടത്തിയിരുന്ന അന്തർസംസ്ഥാന ബസ് സർവീസുകളിൽ എത്രയെണ്ണം നിർത്തലാക്കിയിട്ടുണ്ടെന്നും അവയിൽ എത്രയെണ്ണം പുനരാരംഭിച്ചിട്ടുണ്ടെന്നും എത്ര സർവീസുകൾ ഇനിയും പുനരാരംഭിക്കാനുണ്ടെന്നും ഡിപ്പോ, റൂട്ട് എന്നിവ തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ; നിർത്തലാക്കിയ അന്തർസംസ്ഥാന സർവീസുകൾ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും അറിയിക്കാമോ?

**കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. സർവീസുകൾ**

1334 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ പുതിയ കെ.എസ്.ആർ.ടി.സി ബസ് സർവീസുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) 2020 ന് ശേഷം കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ എതെങ്കിലും കെ.എസ്.ആർ.ടി.സി ബസ് സർവീസുകൾ നിർത്തലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പുന:സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുമോ?

**കെ.എസ്.ആർ.ടി.സി. ബസുകളിലെ സൗജന്യയാത്ര**

1335 **ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026 ജൂൺ 15 ന് സ്ത്രീകൾക്ക് സൗജന്യയാത്ര നിലവിൽ വന്നതിനുശേഷം തൃശ്ശൂർ നോർത്ത്-ചാലക്കുടി റൂട്ടിൽ സർവീസ് നടത്തിയ പുതുക്കാട് ഡിപ്പോയിലെ RAK 582 കെ. എസ്. ആർ. ടി. സി. ഓർഡിനറി ബസിൽ യാത്ര ചെയ്ത മൂന്ന് യുവതികളിൽ നിന്ന് ടിക്കറ്റ് നമ്പർ T

2282857610157പ്രകാരം എത്ര രൂപ ഈടാക്കിയെന്ന് വ്യക്തമാക്കാമോ; തുക ഈടാക്കിയ ബില്ലിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) സ്ത്രീകൾക്ക് സൗജന്യ യാത്ര നിലവിൽ വന്നതിനുശേഷം ഏത് സാഹചര്യത്തിലാണ് തുക പ്രസ്തുത യുവതികളിൽ നിന്ന് ഈടാക്കിയതെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്തിന്റെ പല ഭാഗത്തും ഇത്തരത്തിൽ സൗജന്യ യാത്ര ലഭിച്ചിട്ടില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

## <u>വാഹനങ്ങളിലെ രൂപമാറ്റം</u>

1336 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വാഹനങ്ങളുടെ രൂപമാറ്റത്തിന് നാളിതുവരെ പിഴയിനത്തിൽ എത്ര തുക ഈടാക്കിയിട്ടുണ്ട്,വിശദമാക്കാമോ;

(ബി) വാഹനങ്ങളിൽ രൂപമാറ്റം വരുത്തുന്നതുമായി ബന്ധപ്പെട്ട് മോട്ടോർ വാഹന നിയമത്തിലെ വ്യവസ്ഥ എന്താണ്; ഇതു സംബന്ധിച്ച് ഗതാഗത കമ്മീഷണർ എന്തെങ്കിലും ശിപാർശ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വാഹനങ്ങളിൽ രൂപമാറ്റം വരുത്തുന്നതിന് അനുമതി നൽകാൻ സംസ്ഥാന സർക്കാരിന് പ്രത്യേക അധികാരമുണ്ടോ;വ്യക്തമാക്കാമോ?

## <u>വാഹന ഫിറ്റ്നസ് പരിശോധന</u>

1337 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ. നീലകണ്ഠൻ**
**ശ്രീ. സന്ദീപ് വാര്യർ**
**ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹന ഫിറ്റ്നസ് പരിശോധിക്കുന്നതിനായി ഓട്ടോമേറ്റഡ് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനുകൾ ആരംഭിക്കുമോ; വ്യക്തമാക്കുമോ;

(ബി) ഡ്രൈവിംഗ് ലൈസൻസ് പരീക്ഷ സുതാര്യവും ആധുനികവുമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(സി) റോഡിലെ വാഹനങ്ങളുടെ കണക്കെടുപ്പിന് സെൻസസ് നടത്താൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ?

<u>**പൊതുഗതാഗത സംവിധാനം**</u>

1338 **ശ്രീ. എം. വിൻസെന്റ്**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. വി. ടി. സൂരജ്**
**ശ്രീമതി വിദ്യാ ബാലകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഗതാഗത സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാരിന്റെകാലത്ത് കെ.എസ്.ആർ.ടി.സി.നഷ്ടത്തിലാണെന്നുള്ള ആക്ഷേപം ശ്രദ്ധയിയൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നഷ്ടത്തിലാകാനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് അവലോകനം നടത്തുമോ; വ്യക്തമാക്കുമോ;

(സി) നിലവിലുള്ള സർവീസുകൾ ലാഭകരമാക്കുന്നതിനും കൂടുതൽ സർവീസുകൾ ആരംഭിക്കുന്നതിനും ഷെഡ്യൂളുകൾ പുനഃക്രമീകരിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>**വട്ടപ്പാറ, പോത്തൻകോട്, വെമ്പായം ജംഗ്ഷനുകളിലെ റോഡ് സുരക്ഷ**</u>

1339 **ശ്രീ. ജി. ആർ. അനിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റോഡ് സേഫ്റ്റി അതോറിറ്റി (കെ.ആർ.എസ്.എ) 28.05.2025 ന് കൂടിയ 49-ാമത് യോഗത്തിൽ നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ വട്ടപ്പാറ, പോത്തൻകോട്, വെമ്പായം ജംഗ്ഷനുകളിൽ റോഡ് സുരക്ഷ വർധിപ്പിക്കുന്നതിനായി 2 കോടി രൂപ എന്ന പരിധിയ്ക്ക് വിധേയമായി

തുക അനുവദിക്കുന്നതിന് തീരുമാനമെടുത്തിരുന്നോ; എങ്കിൽ പ്രസ്തുത യോഗനടപടിക്കുറിപ്പിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് റോഡ്സ് വിഭാഗം നൽകിയിരുന്നോ; വ്യക്തമാക്കാമോ;

(സി) ഭരണാനുമതി നൽകുന്നതിന് വകുപ്പ് സ്വീകരിച്ച തുടർനടപടികളെ സംബന്ധിച്ച് വിശദമാക്കാമോ?

**<u>വാഹനാപകടങ്ങൾ നിയന്ത്രിക്കുന്നതിന് നടപടികൾ</u>**

1340 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ വർഷവും വാഹനാപകടങ്ങളിൽ ഒട്ടേറെ ജീവനുകൾ നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വാഹന സാന്ദ്രത, ലഹരി ഉപയോഗിച്ചുള്ള ഡ്രൈവിംഗ്, മതിയായ പരിശീലനം ഇല്ലാത്ത ഡ്രൈവർമാർ എന്നിവയൊക്കെ വാഹനാപകടങ്ങൾക്ക് കാരണമാകുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(സി) വാഹനാപകടങ്ങൾ നിയന്ത്രിക്കുന്നതിനും യാത്രകൾ സുരക്ഷിതമാക്കുന്നതിനും എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദമാക്കാമോ?

**<u>റോഡ് സുരക്ഷയും അപകടങ്ങൾ കുറയ്ക്കുന്നതിനും നടപടികൾ</u>**

1341 **ശ്രീ. ആര്യാടൻ ഷൗക്കത്ത്**
**ശ്രീ. സുധീർഷാ പാലോട്**
**ശ്രീ. എം. ആർ. ബൈജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡു സുരക്ഷ ഉറപ്പാക്കുന്നതിനും ട്രാഫിക് നിയമപാലനം കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) എ.ഐ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി റോഡപകടങ്ങൾ അതിവേഗം സുരക്ഷാകേന്ദ്രങ്ങളിൽ അറിയിക്കുന്നതിനും ദ്രുതഗതിയിൽ

രക്ഷാപ്രവർത്തനങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള സാധ്യതകൾ പരിശോധിക്കുമോ;

(സി) കാൽനടയാത്രക്കാർക്കും സൈക്കിൾ സവാരിക്കാർക്കും സുരക്ഷിതമായ പാതകൾ ഒരുക്കുന്നതിനും ഫുട്പാത്തുകൾ കാൽനടയാത്രക്കാർക്ക് സുരക്ഷിതമായി ഉപയോഗിക്കാൻ കഴിയുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ?

**ഗ്രാമീണ സർവീസുകളുടെ ലഭ്യതക്കുറവ്**

1342 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നിയോജകമണ്ഡലത്തിലെ വിവിധ ഗ്രാമപ്രദേശങ്ങളിൽ കെ.എസ്.ആർ.ടി.സി ബസുകൾ ഇല്ലാത്തതുമൂലം ജനങ്ങൾ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കൂടുതൽ കർഷകരും മറ്റും തിങ്ങി പാർക്കുന്ന ഗ്രാമപ്രദേശങ്ങളിൽ ഗ്രാമീണ സർവീസുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**കെ.എസ്.ആർ.ടി.സി.യിലെ സ്ത്രീകളുടെ സൗജന്യ യാത്ര പദ്ധതി**

1343 **ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിലവിൽ കെ.എസ്.ആർ.ടി.സി. ആകെ എത്ര സർവീസുകളാണ് നടത്തുന്നതെന്നും അവയിൽ എത്ര ഓർഡിനറി സർവീസുകളാണുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) 2026 ജൂൺ 10-ന് സർവീസ് നടത്തിയ ഓർഡിനറി ബസുകളുടെ എണ്ണം ജില്ല അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(സി) നിലവിലുള്ള ഓർഡിനറി സർവീസുകൾ കുറയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) 2026 ജൂൺ 15 മുതൽ സ്ത്രീകളുടെ സൗജന്യ യാത്ര പദ്ധതി എത്ര ബസുകളിലാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**കെ.എസ്.ആർ.ടി.സി. ബസുകളിലെ സ്ത്രീകളുടെ സൗജന്യ യാത്ര പദ്ധതി**

1344 **ശ്രീ. കെ. കെ. വത്സരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യ്ക്ക് ഓരോ ജില്ലയിലുമുള്ള ആകെ ഡിപ്പോകളുടെ എണ്ണവും ഓരോ ഡിപ്പോയിൽ നിന്നും 2025 മെയ് 31 മുതൽ 2026 മെയ് 31 വരെ ഓപ്പറേറ്റ് ചെയ്തുകൊണ്ടിരിക്കുന്ന ഓർഡിനറി, ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി, ടൗൺ ടു ടൗൺ, ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ്, പ്രീമിയം സൂപ്പർ ഫാസ്റ്റ്, എക്സ്പ്രസ്, ഡീലക്സ്, എ.സി. ഡീലക്സ്, എ.സി. ജൻറം, എ.സി. സ്ലീപ്പർ തുടങ്ങി എല്ലാ വിഭാഗങ്ങളിലുമുള്ള സർവീസുകളുടെ വിവരങ്ങളും ഡിപ്പോ തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സർവീസുകളുടെ കാര്യത്തിൽ നിലവിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) സർക്കാർ കെ.എസ്.ആർ.ടി.സി. ബസുകളിൽ സ്ത്രീകൾക്ക് സൗജന്യ യാത്ര പ്രഖ്യാപിച്ചതിനുശേഷം ചില ഡിപ്പോകളിലെ ഓർഡിനറി, ടൗൺ ടു ടൗൺ സർവീസ് ബസുകളുടെ വെള്ളനിറം മാറ്റി ചുവപ്പ് നിറമാക്കി ഫാസ്റ്റ് പാസഞ്ചർ സർവീസുകളാക്കി മാറ്റുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) സൗജന്യ യാത്രാപദ്ധതി ആരംഭിച്ചപ്പോൾ പ്രസ്തുത ആനുകൂല്യം കേരളത്തിലെ എല്ലാ ജില്ലകളിലെയും ജനങ്ങൾക്ക് തുല്യമായി ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) സൗജന്യ യാത്രാപദ്ധതിയുടെ സാമ്പത്തിക ബാധ്യതയും സാമൂഹിക ഫലങ്ങളും സംബന്ധിച്ച് കെ.എസ്.ആർ.ടി.സി.യോ ഗതാഗത വകുപ്പോ പഠന റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അവയുടെ പകർപ്പ് ലഭ്യമാക്കാമോ?

## കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ ശമ്പളം,പെൻഷൻ കുടിശ്ശിക

1345 **ശ്രീ. രാജീവ് ചന്ദ്രശേഖർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ ശമ്പളം,പെൻഷൻ എന്നിവയിൽ നിലവിൽ കുടിശ്ശിക നൽകാനുണ്ടോ; ഉണ്ടെങ്കിൽ കുടിശ്ശിക വിവരം മാസം തിരിച്ച് ലഭ്യമാക്കുമോ;

(ബി) സ്ത്രീകൾക്കുള്ള സൗജന്യ യാത്രാ പദ്ധതിയുടെ ക്രമീകരണങ്ങളെ കുറിച്ച് വിശദീകരിക്കാമോ; നിലവിൽ കെഎസ്ആർടിസി ബസ്സുകളിൽ യാത്രചെയ്യുന്ന വനിതാ യാത്രക്കാരുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ;വിശദമാക്കാമോ?

<u>**പുനലൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ പ്രവർത്തനം**</u>

1346 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിന്ന് നിലവിൽ വിവിധ വിഭാഗങ്ങളിലായി എത്ര ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്യുന്നതിന് അനുമതി ലഭിച്ചിട്ടുള്ളതെന്ന് പട്ടിക തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത ഷെഡ്യൂളുകൾ പൂർണമായി ഓപ്പറേറ്റ് ചെയ്യുന്നതിന് ആകെ എത്ര ബസുകളാണ് ആവശ്യമായിട്ടുള്ളതെന്നും നിലവിൽ ലഭ്യമായ ബസുകളുടെ എണ്ണം എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) അനുമതി നൽകിയിട്ടുള്ള ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് ഏതെല്ലാം വിഭാഗങ്ങളിൽ എത്ര ജീവനക്കാർ ആവശ്യമായിട്ടുണ്ടെന്നും നിലവിലുള്ള ജീവനക്കാരുടെ എണ്ണം എത്രയാണെന്നും അറിയിക്കാമോ?

<u>**ഇ-മൊബിലിറ്റി നയം**</u>

1347 **ശ്രീ. വി. ജോയി**

**ശ്രീമതി ഒ. എസ്. അംബിക**

**ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗവും കാർബൺ പുറന്തള്ളലും കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ മുൻ സർക്കാർ നടപ്പിലാക്കിയ സമഗ്രമായ ഇ-മൊബിലിറ്റി നയത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ വിശദമാക്കാമോ;

(ബി) പൊതു ഗതാഗത സംവിധാനത്തെ പരിസ്ഥിതി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് (കെ-സ്വിഫ്റ്റ് ) മുഖേന നിരത്തിലിറക്കിയ ഇലക്ട്രിക് ബസുകളുടെ പ്രവർത്തന വിജയം എപ്രകാരമായിരുന്നു എന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് സ്വകാര്യ ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ തലത്തിൽ ഏർപ്പെടുത്തിയ ചാർജിംഗ് സ്റ്റേഷനുകൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനങ്ങൾ വിശദമാക്കാമോ;

(ഡി) ഹരിത ഗതാഗതത്തിലേക്കുള്ള മാറ്റം സംസ്ഥാനത്തിന്റെ ഊർജ്ജ സുരക്ഷ ഉറപ്പാക്കുന്നതിലും സാമ്പത്തിക ബാധ്യത കുറയ്ക്കുന്നതിലും എത്രത്തോളം സഹായകമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

**ആറ്റിങ്ങൽ, കിളിമാനൂർ ഡിപ്പോകളിൽ നിന്നുള്ള ഓർഡിനറി ബസുകൾ**

1348 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ, കിളിമാനൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിന്ന് എത്ര ഓർഡിനറി ബസുകളാണ് സർവീസ് നടത്തുന്നതെന്ന് റൂട്ട് അടിസ്ഥാനത്തിൽ വിശദമാക്കുമോ?

**തൃശ്ശൂർ-ഗുരുവായൂർ കെ.എസ്.ആർ.ടി.സി. ഓർഡിനറി ബസുകൾ**

1349 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂരിൽ നിന്ന് ഗുരുവായൂരിലേക്കും ഗുരുവായൂരിൽ നിന്ന് തൃശ്ശൂരിലേക്കും നിലവിൽ എത്ര കെ.എസ്.ആർ.ടി.സി. ഓർഡിനറി ബസുകളാണ് സർവീസ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റൂട്ടിൽ ഓർഡിനറിയല്ലാത്ത എത്ര കെ.എസ്.ആർ.ടി.സി. ബസുകളാണ് സർവീസ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ?

**ചെങ്ങന്നൂർ കെ. എസ്. ആർ. ടി. സി. ബസ് ടെർമിനൽ നിർമ്മാണം**

1350 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ കെ എസ് ആർ ടി സി ബസ് ടെർമിനൽ നിർമ്മാണത്തിന് ഏതെല്ലാം ഇനത്തിൽ എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത ഫണ്ട് വിനിയോഗിച്ച് ബസ് ടെർമിനൽ നിർമ്മാണം ഏത് ഘട്ടം വരെയായി എന്ന് വ്യക്തമാക്കുമോ ;

(സി) ബസ് ടെർമിനൽ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

## കെ.എസ്.ആർ.ടി.സി. ബസുകളിലെ സൗജന്യ യാത്ര

1351 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരെഞ്ഞെടുപ്പ് വേളയിൽ ഇന്ദിരാഗ്യാരന്റിയിൽ പ്രഖ്യാപിച്ചിരുന്ന, 'സ്ത്രീകൾക്ക് കെ . എസ് .ആർ . ടി .സി . ബസ്സുകളിൽ സൗജന്യയാത്ര'എന്നത് ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സൗജന്യയാത്ര ഓർഡിനറി ബസ്സുകളിൽ മാത്രമായി ചുരുക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;വിശദമാക്കാമോ?

(ബി) 2021 മുതൽ 2026 ഏപ്രിൽ വരെ കെ.എസ്.ആർ.ടി.സി. ഓർഡിനറി ബസുകൾ, സൂപ്പർഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ, സിറ്റി ഫാസ്റ്റ്, ടൗൺ ടു ടൗൺ, പോയിന്റ് ടു പോയിന്റ്, ലിമിറ്റഡ് സ്റ്റോപ്പ്, ഓർഡിനറി, സൂപ്പർ എക്സ്പ്രസ്, സൂപ്പർ ഡീലക്സ്, രാജധാനി, വേണാട്, മലബാർ, മിന്നൽ, ലോഫ്ലോർ എ.സി., ഗരുഡ, ഗരുഡമഹാരാജ, സ്വിഫ്റ്റ് ഡീലക്സ് എയർബസ്, ഗജരാജ്, മിനി/ഷോർട്ട് വീൽബേസ് തുടങ്ങിയ വിവിധ വിഭാഗങ്ങളിലെ ബസുകളുടെ എണ്ണം ജില്ലതിരിച്ച് വിശദമാക്കാമോ;

(സി) ഷൊർണ്ണൂർ നിയോജക മണ്ഡലത്തിൽ ഓടുന്ന കെ.എസ്.ആർ.ടി.സി. ഓർഡിനറി ബസുകളുടെ എണ്ണം എത്രയെന്ന് വിശദമാക്കാമോ; ഗ്രാമീണ പ്രദേശമായ ഷൊർണ്ണൂർ മണ്ഡലത്തിലെ സ്ത്രീകൾക്ക് സൗജന്യയാത്രപദ്ധതിയുടെ ഗുണഫലം ലഭിക്കുന്നതിനായി പുതുതായി ഓർഡിനറി ബസുകൾ അനുവദിക്കുമോയെന്ന് വിശദമാക്കാമോ;

(ഡി) വാഹന മോഡിഫിക്കേഷൻ വന്നതിനു ശേഷം 2026 മെയ് മുതൽ മോട്ടോർ വാഹന വകുപ്പ് വാഹന പരിശോധനയിലൂടെ പിഴ ചുമത്തിയിട്ടുണ്ടോ; ഏതെല്ലാം തരത്തിലുള്ള രൂപാന്തരങ്ങൾക്കാണ് പിഴ ചുമത്തിയത്; പിഴയിലൂടെ ലഭിച്ച തുക എത്രയാണ്;വിശദമാക്കാമോ;

(ഇ) സിറ്റികളിൽ ഓടുന്ന ഓർഡിനറി ബസുകൾ തരംമാറ്റി സ്റ്റിക്കർ പതിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ബസുകളിൽ തരംമാറ്റി സ്റ്റിക്കർ പതിച്ചിട്ടുണ്ട്; വിശദമാക്കാമോ?

## കെ.എസ്.ആർ.ടി.സി. ഓർഡിനറി ബസുകളുടെ എണ്ണം

1352 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026 ജൂൺ മാസം ഒന്നാം തീയതി എത്ര കെ.എസ്.ആർ.ടി.സി. ബസുകളാണ് സർവീസ് നടത്തിയിരുന്നത്; ഇതിൽ എക്സ്പ്രസ്, സൂപ്പർ ഫാസ്റ്റ്, ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ, ഓർഡിനറി എന്നീ ബസുകളുടെ എണ്ണം പ്രത്യേകം വ്യക്തമാക്കാമോ;

(ബി) 2026 ജൂൺ മാസം 16-ാം തീയതി മുതൽ എത്ര കെ.എസ്.ആർ.ടി.സി. ബസുകൾ ആണ് സർവീസ് നടത്തുന്നത്, ഇതിൽ എക്സ്പ്രസ്, സൂപ്പർ ഫാസ്റ്റ്, ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ, ഓർഡിനറി എന്നിവയുടെ എണ്ണം പ്രത്യേകം വ്യക്തമാക്കാമോ;

(സി) 2026 ജൂൺ ഒന്നാം തീയതിയുമായി താരതമ്യം ചെയ്ത് ജൂൺ 16-ാം തീയതിയിൽ ഓർഡിനറി ബസുകളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ടോ, എങ്കിൽ കാരണം വ്യക്തമാക്കാമോ?

## കെ.എസ്.ആർ.ടി.സി. ഡിപ്പോകൾ

1353 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആർ. ടി .സി .യുടെ എത്ര ഡിപ്പോകൾ പ്രവർത്തിക്കുന്നുണ്ടെന്നും പ്രസ്തുത ഡിപ്പോകളിൽ എത്ര ഓർഡിനറി, ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ് തുടങ്ങിയ ബസുകൾ ഉണ്ടെന്നും വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി.യിൽ ഓർഡിനറി വിഭാഗത്തിൽപ്പെട്ട എത്ര ബസുകൾ നിലവിലുണ്ടെന്ന് അറിയിക്കുമോ;

(സി) മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ കവാടം നിർമ്മിക്കുവാൻ എം.എൽ.എ. നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത പ്രവൃത്തിയുടെ തുക പൊതുമരാമത്ത് കെട്ടിടവിഭാഗത്തിന് ഡെപ്പോസിറ്റ് ചെയ്യുന്നതിന് ഗതാഗത വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

**സീറോ ടിക്കറ്റ് പ്രകാരം യാത്ര ചെയ്യുന്നവർക്ക് അപകട ഇൻഷുറൻസ്**

1354 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര കെ.എസ്.ആർ.ടി.സി ഓർഡിനറി ബസുകളാണ് സർവ്വീസ് നടത്തുന്നതെന്ന് അറിയിക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി ഓർഡിനറി ബസുകളിൽ സ്ത്രീകൾക്ക് സൗജന്യയാത്ര അനുവദിക്കുമ്പോൾ ലഭിക്കുന്ന സീറോ ടിക്കറ്റ് പ്രകാരം യാത്ര ചെയ്യുന്നവർക്ക് അപകട ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നതിന് അർഹതയുണ്ടോ ;

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സ്പഷ്ടീകരണം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

**പ്രിയദർശിനി സ്ത്രീ സൗജന്യ യാത്രാ പദ്ധതി**

1355 **ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രിയദർശിനി സ്ത്രീ സൗജന്യ യാത്രാ പദ്ധതി ബഹു.മുഖ്യമന്ത്രി പ്രഖ്യാപിക്കുന്ന ദിവസം കേരളത്തിൽ ഓർഡിനറി ബസിന്റെ സ്റ്റാറ്റസ് ഉള്ള എത്ര ബസുകൾ സർവീസ് നടത്തുന്നുണ്ടായിരുന്നു; ബസുകളുടെ എണ്ണവും വിവിധ ഡിപ്പോ തിരിച്ചുള്ള കണക്കും ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ദിവസം സർവീസ് നടത്തിയ സിറ്റി ഫാസ്റ്റ്, സൂപ്പർ ഫാസ്റ്റ്, എക്സ്പ്രസ്സ് ബസുകളുടെ വിവിധ ഡിപ്പോ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) 2026 ജൂൺ 15-ന് പ്രിയദർശിനി സ്ത്രീ സൗജന്യ യാത്രാ പദ്ധതി നടപ്പിലായ ദിവസം കേരളത്തിൽ ഓർഡിനറി സ്റ്റാറ്റസ് ഉള്ള എത്ര ബസുകൾ സർവീസ് നടത്തിയിരുന്നു; വിവിധ ഡിപ്പോ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത ദിവസം സർവീസ് നടത്തിയ സിറ്റി ഫാസ്റ്റ്, സൂപ്പർ ഫാസ്റ്റ്, എക്സ്പ്രസ്സ് ബസുകളുടെ വിവിധ ഡിപ്പോ തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ഇ) 2026 ജൂൺ 14-ന് എത്ര ഓർഡിനറി ബസുകൾ അപ്ഗ്രേഡ് ചെയ്ത് ഇതര സർവീസുകളാക്കി മാറ്റിയിട്ടുണ്ട്; ഇത്തരത്തിൽ ബസുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള ഉത്തരവ് ഇറക്കിയ ഉദ്യോഗസ്ഥൻ ആര്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## <u>കെ.എസ്.ആർ.ടി.സി. ഓർഡിനറി സർവ്വീസുകൾ</u>

1356 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2026 ജൂൺ 10 ന് എത്ര ഓർഡിനറി സർവ്വീസുകളാണ് കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തിയതെന്ന വിവരം ഡിപ്പോ തിരിച്ച് ലഭ്യമാക്കാമോ;

(ബി) 2026 ജൂൺ 10 ന് ശേഷം എത്ര ബസ്സുകൾ സിറ്റി ഫാസ്റ്റായി മാറ്റിയിട്ടുണ്ട് എന്ന വിവരം ഡിപ്പോ തിരിച്ച് ലഭ്യമാക്കാമോ;

(സി) എല്ലാ ജില്ലകളിലും തുല്യമായി ഓർഡിനറി ബസ്സുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) യാത്രാ സൗജന്യം ഉള്ളവർക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാണോ; ഇല്ലെങ്കിൽ അത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>പൊതുഗതാഗത സംവിധാനത്തിന്റെ ശാക്തീകരണം</u>

1357 **ശ്രീ. തോമസ് ഉണ്ണിയാടൻ**
**ശ്രീ. വർഗ്ഗീസ് മാമ്മൻ**
**ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഗതാഗത ശൃംഖലയെ ശക്തിപ്പെടുത്തുന്നതിൽ സമൂഹ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി.ക്ക് ബസ് സംഭാവന ചെയ്യാൻ താല്പര്യമുള്ള വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും അതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) ഗ്രാമപ്രദേശങ്ങളിലേക്ക് സർവീസ് നടത്തുന്ന ഓർഡിനറി ബസുകളിൽ സൗജന്യ യാത്ര സ്ത്രീകൾക്ക് അവകാശമാക്കുകയെന്നതിന് പുറമേ ഗ്രാമീണ സമ്പദ് വ്യവസ്ഥയ്ക്ക് ഉണർവേകുകയെന്നതും പ്രിയദർശിനി പദ്ധതിയുടെ ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നുണ്ടോ;

(ഡി) പൊതുഗതാഗത രംഗം നേരിടുന്ന വെല്ലുവിളികളെ ഏറ്റെടുക്കാനാവും വിധം കെഎസ്ആർടിസിയെ ഏതെല്ലാം വിധത്തിൽ ശാക്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; കെഎസ്ആർടിസിയുടെ ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കുമോ?

## കെ.എസ്.ആർ.ടി.സി.യിലെ ഷെഡ്യൂളുകളുടെ എണ്ണം

1358 **ശ്രീ. മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. നിലവിൽ എത്ര ഷെഡ്യൂളുകളാണ് പ്രവർത്തിക്കുന്നത് ;ഡിപ്പോ തിരിച്ചുള്ള വിവരങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത ഷെഡ്യൂളുകളിൽ സംസ്ഥാനത്തിന് പുറത്തേക്കു സർവീസ് നടത്തുന്നവ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(സി) കെ.എസ്.ആർ.ടി.സി. ഓർഡിനറി സർവീസുകൾ നിലവിൽ എത്രയുണ്ടെന്ന് ഡിപ്പോ തിരിച്ചുള്ള വിവരങ്ങൾ അറിയിക്കാമോ?

## കെ.എസ്.ആർ.ടി.സി. ഓർഡിനറി ബസുകൾ

1359 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെയുള്ള കെ.എസ്.ആർ.ടി.സി. ബസുകളിൽ എത്ര ശതമാനമാണ് നിലവിലുള്ള ഓർഡിനറി ബസുകൾ എന്ന് വ്യക്തമാക്കാമോ ;

(ബി) കണ്ണൂർ ജില്ലയിൽ ആകെയുള്ള കെ.എസ്.ആർ.ടി.സി. ബസുകളിൽ എത്ര ശതമാനമാണ് ഓർഡിനറി ബസുകൾ; ആയതിന്റെ എണ്ണം അറിയിക്കാമോ;

(സി) കണ്ണൂർ ജില്ലയിൽ നിലവിലുള്ള ഓർഡിനറി ബസുകളുടെ റൂട്ട് മാപ്പ്, സമയം എന്നിവയും ലഭ്യമാക്കാമോ?

**പുതുക്കാട് കെ.എസ്.ആർ.ടി.സി സ്റ്റാന്റ്**

1360 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 544നോട് ചേർന്നതും പുതുക്കാട് കെ.എസ്.ആർ.ടി.സി സ്റ്റാന്റ് സ്ഥിതി ചെയ്യുന്നതുമായ ഒരേക്കറിലധികം വരുന്ന സ്ഥലത്ത് അനുയോജ്യമായ വാണിജ്യ വിശ്രമ സമുച്ചയവും, കെ.എസ്.ആർ.ടി.സിയ്ക്ക് പുതിയ ആധുനിക സ്റ്റാന്റും നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പുതുക്കാട് കെ.എസ്.ആർ.ടി.സി സ്റ്റാന്റ് നവീകരിക്കുന്നതിനായും പ്രീഫാബ്രിക്കേഷൻ നിർമ്മിതിയ്ക്കായും സമർപ്പിച്ചിട്ടുള്ള വിശദമായ എസ്റ്റിമേറ്റിന് അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

**കെ. എസ്. ആർ. ടി .സിയുടെ മൂലധനച്ചെലവും വരുമാനവും**

1361 **ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026 ജൂൺ 15 മുതൽ ജൂൺ 19 വരെയുള്ള നാല് ദിവസങ്ങളിൽ കെ .എസ്.ആർ.ടീ.സി.ക്ക് ഇന്ധനം,ലോൺ തിരിച്ചടവ്, സ്പെയർ പാർട്ട്സ് തുടങ്ങിയ മൂലധന ചെലവുകളുടെ ഇനത്തിൽ എത്ര രൂപ ചെലവായി ;

(ബി) 2026 ജൂൺ 15 മുതൽ ജൂൺ 19 വരെയുള്ള നാല് ദിവസങ്ങളിൽ കെ .എസ്.ആർ.ടി.സി. ക്ക് എത്ര രൂപ വരുമാനം ലഭിച്ചു?

**മഞ്ചേരി ബസ് സ്റ്റേഷനിൽ കെ.എസ്.ആർ.ടി.സി സ്റ്റേഷൻ മാസ്റ്റർ ഓഫീസ്**

1362 **ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നഗരസഭ നിർമ്മിച്ച് പൊതുജനങ്ങൾക്കായി തുറന്നുനൽകിയ ഇന്ദിരാഗാന്ധി മെമ്മോറിയൽ ബസ് ടെർമിനലിൽ (ഐ.ജി.ബി.ടി)നിന്നും നിലവിൽ നിരവധി കെ.എസ്.ആർ.ടി.സി ബസുകൾ സർവീസ് നടത്തുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ബസ് ടെർമിനലിൽ കെ.എസ്.ആർ.ടി.സി ജീവനക്കാർക്കും യാത്രക്കാർക്കും ഔദ്യോഗിക വിവരങ്ങൾ അറിയുന്നതിനും, ബസ്

സർവീസുകൾ കൃത്യമായി നിയന്ത്രിക്കുന്നതിനും ഒരു സ്റ്റേഷൻ മാസ്റ്റർ ഓഫീസ് നിലവിലില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മലപ്പുറം ജില്ലയിലെ പ്രധാന ഗതാഗത ഹബ്ബുകളിലൊന്നായ മഞ്ചേരിയിലെ ഐ.ജി.ബി.ടി ബസ് ടെർമിനലിൽ ഒരു കെ.എസ്.ആർ.ടി.സി സ്റ്റേഷൻ മാസ്റ്റർ ഓഫീസ് അനുവദിച്ച് അടിയന്തരമായി പ്രവർത്തനം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## <u>പൊന്നാനി കെ.എസ്.ആർ.ടി.സി ഡിപ്പോ പ്രവർത്തനം</u>

1363 **ശ്രീ. കെ. പി. നൗഷാദ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ പ്രതിദിനം നടത്തിവരുന്ന സർവീസുകൾ എത്ര; വ്യക്തമാക്കാമോ;

(ബി) ഉപയോഗത്തിലുള്ള ബസുകളുടെ എണ്ണം എത്ര; നിലവിൽ എത്ര ബസുകളുടെ കുറവാണ് ഡിപ്പോയിലുള്ളത് ;വിശദമാക്കാമോ;

(സി) പൊന്നാനി ഡിപ്പോയിൽ സേവനമനുഷ്ഠിച്ചു വരുന്ന ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

## <u>കുട്ടനാട് എടത്വാ കെഎസ്ആർടിസി ഡിപ്പോയിലെ ശോച്യാവസ്ഥ</u>

1364 **ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് നിയോജകമണ്ഡലത്തിലെ എടത്വാ കെഎസ്ആർടിസി ഡിപ്പോ കെട്ടിടത്തിന്റെ ചോർച്ച പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത ഡിപ്പോയുടെ മുൻഭാഗത്തെ വെള്ളക്കെട്ട് മൂലമുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എടത്വാ കെഎസ്ആർടിസി ഡിപ്പോ ഓഫീസിലെ ജീവനക്കാരുടെ കുറവ് നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## <u>നിലമ്പൂർ മണ്ഡലത്തിലെ കെഎസ്ആർടിസി സബ് ഡിപ്പോയുടെ നിർമ്മാണം</u>

1365 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-ൽ ആരംഭിച്ച നിലമ്പൂർ നിയോജകമണ്ഡലത്തിലെ ഇന്റർസ്റ്റേറ്റ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് ഉൾപ്പെടെയുള്ള കെഎസ്ആർടിസി സബ് ഡിപ്പോയുടെ നിർമ്മാണ പ്രവൃത്തി 80 ശതമാനത്തിലധികം പൂർത്തീകരിച്ചുവെങ്കിലും 2016 മുതൽ ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കാതെ നിലച്ചുപോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കർണാടക, തമിഴ്നാട് , കേരളം എന്നീ മൂന്ന് സംസ്ഥാനങ്ങളെ ബന്ധിപ്പിക്കുന്ന അന്തർസംസ്ഥാന സർവീസുകൾ നിരവധിയുള്ള നിലമ്പൂർ കെഎസ്ആർടിസി സബ് ഡിപ്പോയുടെ നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**<u>പെരുമ്പാവൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ് കെട്ടിടം</u>**

1366 **ശ്രീ. മനോജ് മൂത്തേടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ് കെട്ടിടം അതിന്റെ കാലപ്പഴക്കം മൂലം വളരെ ജീർണ്ണാവസ്ഥയിലായതിനാൽ പുതിയ കെട്ടിടം നിർമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പെരുമ്പാവൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഒഴിവുള്ള ഡ്രൈവർ, കണ്ടക്ടർ തസ്തികകളിലേക്ക് ജീവനക്കാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

**<u>ബേപ്പൂർ നിയോജക മണ്ഡലത്തിലെ കെഎസ്ആർടിസി സർവ്വീസുകൾ</u>**

1367 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജക മണ്ഡലത്തിൽ നിലവിൽ കെഎസ്ആർടിസി എത്ര സർവ്വീസുകൾ നടത്തുന്നുണ്ട്; വിശദ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) തീരദേശ മേഖലയെ കോഴിക്കോട് ടൗണുമായി ബന്ധിപ്പിച്ച് കൂടുതൽ സർവ്വീസുകൾ ആരംഭിക്കുമോ?

**<u>ഈരാറ്റുപേട്ട ഡിപ്പോയിൽ നിന്നും റദ്ദ് ചെയ്ത സർവ്വീസുകളുടെ പുന:സ്ഥാപിക്കൽ</u>**

1368 **ശ്രീ. സെബാസ്റ്റ്യൻ. എം. ജെ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈരാറ്റുപേട്ട ഡിപ്പോയിൽ നിന്നുള്ള ഈരാറ്റുപേട്ട - തിരുവനന്തപുരം സൂപ്പർ ഫാസ്റ്റ്, ചൊവ്വൂർ - ആലപ്പുഴ ഫാസ്റ്റ് പാസഞ്ചർ, ഈരാറ്റുപേട്ട - തിരുവനന്തപുരം ഫാസ്റ്റ് പാസഞ്ചർ, ഈരാറ്റുപേട്ട - ഉപ്പുതറ L.S. ഓർഡിനറി, ഈരാറ്റുപേട്ട - വാര്യാനിക്കാട് - മുണ്ടക്കയം - ഓർഡിനറി സർവ്വീസുകൾ പുന:സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) ലാഭത്തിലുള്ള പ്രസ്തുത സർവ്വീസുകൾ റദ്ദ് ചെയ്യുവാൻ ഉണ്ടായ കാരണം വ്യക്തമാക്കാമോ?

**<u>കൊച്ചി മേഖലകളിലെ യാത്രാക്ലേശം പരിഹരിക്കൽ</u>**

1369 **ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മണ്ഡലത്തിലെ തീരദേശവാസികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി ചെല്ലാനത്തെയും ഫോർട്ട്കൊച്ചിയെയും ബന്ധിപ്പിച്ചുകൊണ്ട് നേരിട്ടുള്ള പുതിയ ബസ് സർവീസുകൾ ആരംഭിക്കാൻ കെ.എസ്.ആർ.ടി.സി അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) ചെല്ലാനം - കുമ്പളങ്ങി - എറണാകുളം സിറ്റി വഴി കാക്കനാട് റൂട്ടിലും, കൂടാതെ ഫോർട്ട്കൊച്ചി - എറണാകുളം റൂട്ടിലും പുതിയ കെ.എസ്.ആർ.ടി.സി പ്രിയദർശിനി ബസ് സർവീസുകൾ അടിയന്തരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

**<u>ഇലക്ട്രിക് ബസ്സുകൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി</u>**

1370 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇലക്ട്രിക്ക് ബസ്സുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഗതാഗത വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; നിലവിൽ സർവ്വീസ് നടത്തുന്ന ഇലക്ട്രിക് ബസ്സുകളുടെ എണ്ണം എത്രയാണ് ;

(ബി) കെ. എസ്. ആർ. ടി. സി ഡിപ്പോകളിൽ നിലവിലുള്ള ഡ്രൈവർ, കണ്ടക്ടർ ഒഴിവുകളുടെ എണ്ണം എത്രയാണ്, ഇവ നികത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

## കൈപ്പമംഗലം മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി ഓർഡിനറി ബസുകൾ

1371 **ശ്രീ. കെ. കെ. വത്സരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ എത്ര കെ.എസ്.ആർ.ടി.സി. ഓർഡിനറി ബസുകളാണ് ദിവസേന സർവീസ് നടത്തുന്നത്;

(ബി) സ്ത്രീകൾക്കും ട്രാൻസ്ജെൻഡർ വ്യക്തികൾക്കും വേണ്ടി പ്രഖ്യാപിച്ചിട്ടുള്ള സൗജന്യ യാത്രാ പദ്ധതിയിൽ ഉൾപ്പെടുന്ന കെ.എസ്.ആർ.ടി.സി ബസുകളുടെ വിവരങ്ങൾ നൽകാമോ;

(സി) കൊടുങ്ങല്ലൂർ ഡിപ്പോയിൽ നിന്ന് എത്ര ഓർഡിനറി ബസുകളാണ് തൃശ്ശൂർ ജില്ലയിൽ സർവീസ് നടത്തുന്നത്;

(ഡി) ഏറ്റവും കൂടുതൽ ഓർഡിനറി ബസുകൾ സർവീസ് നടത്തുന്ന ജില്ലയും ഏറ്റവും കുറവ് ഓർഡിനറി ബസുകൾ സർവീസ് നടത്തുന്ന ജില്ലയും ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഓരോ ജില്ലയിലും സർവീസ് നടത്തുന്ന ഓർഡിനറി ബസുകളുടെ എണ്ണം ജില്ല അടിസ്ഥാനത്തിൽ നൽകാമോ?

## കൊച്ചുവേളിയിൽ ബസ് ഡിപ്പോ

1372 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കൊച്ചുവേളി നോർത്ത് റെയിൽവേ സ്റ്റേഷനിൽ എത്തുന്ന യാത്രക്കാർ നേരിടുന്ന ബസ് യാത്രാസൗകര്യത്തിന്റെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ;

(ബി) റെയിൽവേ സ്റ്റേഷന്റെ നവീകരണം നടന്നു വരികയും കൂടുതൽ ട്രെയിൻ സർവീസുകൾ അവിടെനിന്ന് ആരംഭിക്കുകയും അവസാനിപ്പിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ കൊച്ചുവേളിയിൽ ഒരു ബസ് ഡിപ്പോ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**ഗതാഗത വകുപ്പ് മുഖേന മാനന്തവാടി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

1373 **ശ്രീമതി ഉഷ വിജയൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗതാഗത വകുപ്പ് മുഖേന മാനന്തവാടി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; അതിനായി ചെലവഴിച്ച തുകകൾ എത്രയെന്നും വിശദമാക്കാമോ?

**നിയമ ലംഘനങ്ങൾക്ക് മോട്ടോർ വാഹന വകുപ്പ് ഈടാക്കുന്ന പിഴകൾ**

1374 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026 മെയ് 19 മുതൽ ജൂൺ 18 വരെ മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ എത്ര വാഹനങ്ങൾക്ക് നിയമ ലംഘനങ്ങളുടെ പേരിൽ പിഴ ഈടാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയിൽ എ.ഐ. ക്യാമറ, ഉദ്യോഗസ്ഥരുടെ ഫോണുകളിലെ ക്യാമറ ഫോട്ടോ എന്നിവ മുഖേനയും ഉദ്യോഗസ്ഥർ നേരിട്ടും പിഴ ഈടാക്കിയത് എത്രയെന്ന് ഇനം തിരിച്ചുള്ള എണ്ണം വ്യക്തമാക്കാമോ;

(സി) ഏതെല്ലാം കുറ്റങ്ങൾക്കാണ് ഇത്തരത്തിൽ പിഴ ഈടാക്കിയതെന്നും അവ ഓരോന്നിന്റെയും എണ്ണവും ഇനം തിരിച്ച് വ്യക്തമാക്കാമോ?

**മോട്ടോർ വാഹന വകുപ്പിലെ നിയമനങ്ങൾ**

1375 **ശ്രീ. ടി. പി. അഷ്റഫ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ ജീവനക്കാരുടെ അഭാവമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ ഏതെല്ലാം തസ്തികകളിലാണ് ജീവനക്കാരുടെ അഭാവമുള്ളതെന്നും എത്ര തസ്തികകളാണ് ഒഴിഞ്ഞ് കിടക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) നിലവിലുള്ള പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും ഒഴിവുള്ള തസ്തികകൾ നികത്താനുള്ള നടപടികൾ സ്വീകരിക്കുമോ?

**വാഹനങ്ങളുടെ രൂപാന്തരം**

1376 **ശ്രീ. വി. ജോയി**

**ശ്രീ. കെ. പ്രേംകുമാർ**

**ശ്രീ. എം. വിജിൻ**

**ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ എത്തിയാൽ വാഹനങ്ങളുടെ രൂപാന്തരം അനുവദിക്കുമെന്ന് വാഗ്ദാനം നൽകിയിരുന്നോ; എങ്കിൽ വാഹനങ്ങളിൽ ഏതെല്ലാം തരത്തിലുള്ള രൂപാന്തരങ്ങൾക്കാണ് അനുമതി നൽകാൻ ഉദ്ദേശിക്കുന്നതെന്നും അതിന്റെ വിശദാംശങ്ങളും വ്യക്തമാക്കാമോ;

(ബി) ഇക്കാര്യത്തിൽ സർക്കാർ എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) വാഹന രൂപാന്തരവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ, കോടതികൾ എന്നിവ പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദേശങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**വാഹനങ്ങളിൽ വരുത്താവുന്ന മാറ്റങ്ങൾ**

1377 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിന്റെ നിയമപ്രകാരം വാഹനങ്ങളിൽ വരുത്താവുന്ന മാറ്റങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാഹനങ്ങളിൽ വരുത്താവുന്ന പുതിയ മാറ്റങ്ങൾ സംബന്ധിച്ച ഉത്തരവുകൾ എന്തെങ്കിലും പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം വാഹനങ്ങളിൽ മാറ്റം വരുത്തിയതിന് എത്ര രൂപ പിഴ ചുമത്തിയിട്ടുണ്ടെന്നും, ആയതുപ്രകാരം എത്ര രൂപ പിഴ ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

**വാഹന രൂപമാറ്റം വരുത്തുന്നതിനുള്ള പിഴ**

1378 **ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026 മെയ് 4 മുതൽ ജൂൺ 19-ാം തീയതി വരെ വാഹന രൂപമാറ്റം നടത്തി എന്നതിന്റെ പേരിൽ സംസ്ഥാനത്ത് എത്ര വാഹനങ്ങൾക്ക് പിഴ ചുമത്തി; ലഭിച്ച പിഴ തുക എത്രയാണ്;

(ബി) 1988-ലെ മോട്ടോർ വാഹന നിയമത്തിൽ ഭേദഗതി വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) വാഹനങ്ങളുടെ ഘടനയിൽ മാറ്റം (സ്ട്രക്ചറൽ അൾട്ടറേഷൻ)വരുത്താവുന്ന രീതിയിൽ മാറ്റം വരുത്തുന്നതിന് പിഴ ചുമത്തില്ല എന്ന ബഹു.മുഖ്യമന്ത്രിയുടെ പ്രഖ്യാപനം എന്നു മുതൽ നടപ്പിലാക്കി തുടങ്ങും ;വ്യക്തമാക്കാമോ ?

**<u>എൻഫോഴ്സ്മെൻറ് സ്ക്വാഡുകളുടെ 24 മണിക്കൂർ പരിശോധന</u>**

1379 **ശ്രീ. സനീഷ്കുമാർ ജോസഫ്**

**ശ്രീ. രമേഷ് പിഷാരടി**

**ശ്രീ. സുമേഷ് അച്ചുതൻ**

**ശ്രീ. രാജൻ. ജെ. പല്ലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ മോട്ടോർ വാഹന ചെക്ക് പോസ്റ്റുകളും നിർത്തലാക്കി പകരം എൻഫോഴ്സ്മെൻറ് സ്ക്വാഡുകളുടെ 24 മണിക്കൂർ പരിശോധന നടപ്പാക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് റോഡ് സുരക്ഷാ ബോധവൽക്കരണം നടത്താൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ ആർ.ടി ഓഫീസുകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിഷ്ക്കാരങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

**<u>വാഹനങ്ങളുടെ രൂപാന്തരം</u>**

1380 **ശ്രീ. എൻ. ശക്തൻ**

**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**

**ശ്രീ. ജ്യോതികുമാർ ചാമക്കാല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളുടെ മോഡിഫിക്കേഷനുമായി ബന്ധപ്പെട്ട് മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ചിട്ടുള്ള തീരുമാനങ്ങളും നടപടികളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) സുരക്ഷാമാനദണ്ഡങ്ങളും ട്രാഫിക് നിയമങ്ങളും ലംഘിക്കുന്നതും പരിസ്ഥിതി സൗഹൃദമല്ലാത്തതുമായ വാഹന മോഡിഫിക്കേഷനുകൾ കണ്ടെത്തുന്നതിനും തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**തൃക്കാക്കര മണ്ഡലത്തിലെ ആറാട്ടുകടവ്, തുതിയൂർ എന്നിവിടങ്ങളിൽ ബോട്ട് സർവീസുകൾ പുനസ്ഥാപിക്കാൻ നടപടി**

1381 **ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര നിയോജക മണ്ഡലത്തിലെ ആറാട്ടുകടവ്, തുതിയൂർ ബോട്ട് ജെട്ടികളിൽ നിന്ന് നിലവിൽ യാത്രാ ബോട്ട് സർവീസുകൾ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊച്ചി വാട്ടർ മെട്രോ സർവീസ് ആരംഭിച്ചതിനെ തുടർന്ന് ഈ ജെട്ടികളിലൂടെ സർവീസ് നടത്തിയിരുന്ന സംസ്ഥാന ജലഗതാഗത വകുപ്പിന്റെ ബോട്ട് സർവീസുകൾ നിർത്തലാക്കിയിട്ടുണ്ടോ;

(സി) ഈ പ്രദേശങ്ങളിലെ ജനങ്ങളുടെ യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിനായി കൊച്ചി വാട്ടർ മെട്രോ സർവീസിന് ആറാട്ടുകടവ്, തുതിയൂർ ജെട്ടികളിൽ സ്റ്റോപ്പ് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ, പ്രസ്തുത ജെട്ടികളിൽ വാട്ടർ മെട്രോ സ്റ്റോപ്പ് അനുവദിക്കുന്നതിനോ മറ്റ് അനുയോജ്യമായ ജലഗതാഗത സർവീസുകൾ പുനഃസ്ഥാപിക്കുന്നതിനോ നടപടി സ്വീകരിക്കുമോ?

**മാട്ടിറച്ചി വ്യാപാരികൾ നേരിടുന്ന പ്രശ്നങ്ങൾ**

1382 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനത്ത് നിന്ന് കേരളത്തിലേക്ക് കന്നുകാലികളെ കൊണ്ടുവരുന്നതിൽ നിലവിൽ നിയന്ത്രണങ്ങൾ എന്തെങ്കിലും ഉണ്ടോ എന്ന് അറിയിക്കാമോ;

(ബി) അന്യസംസ്ഥാനത്ത് നിന്ന് കേരളത്തിലേക്ക് എത്തിക്കുന്ന കന്നുകാലികളുടെ എണ്ണം മുൻവർഷത്തേതിൽ നിന്ന് ഗണ്യമായി കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കേരളത്തിലേക്ക് കന്നുകാലികളുടെ വരവ് കുറഞ്ഞതിനാൽ മാട്ടിറച്ചി വ്യാപാരികൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ സ്വീകരിക്കുന്ന മാർഗങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ഡി) കേരളത്തിൽ സുനാമി ഇറച്ചിയുടെ വിപണനം നടക്കുന്നുണ്ടെങ്കിൽ അത് തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

## ക്ഷീര ഗ്രാമം പദ്ധതി

1383 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ ക്ഷീര ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത പദ്ധതി നിലവിൽ ഏതെല്ലാം പഞ്ചായത്തിൽ പുരോഗമിക്കുന്നുണ്ടെന്നും, ആയതിന്റെ തൽസ്ഥിതിയും വിശദമാക്കുമോ?

## ക്ഷീര മേഖലയിലെ വിവിധ പദ്ധതികൾ

1384 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരോൽപ്പാദന മേഖലയിൽ മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ വിവിധ പദ്ധതികളും അവയ്ക്കായി ചെലവഴിച്ച തുകയും ഇതിലൂടെ കൈവരിച്ച നേട്ടങ്ങളും വ്യക്തമാക്കാമോ?

## മൃഗസംരക്ഷണ ക്ഷീര വികസന മേഖലയിൽ പ്രവർത്തന മൂലധനം

1385 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ മേഖലയിലും ക്ഷീര വികസന മേഖലയിലും കർഷകർക്ക് ആവശ്യമായ പ്രവർത്തന മൂലധനം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രവർത്തന മൂലധനം ഉറപ്പുവരുത്തുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോയെന്ന് അറിയിക്കുമോ?

## ഡയറി സയൻസ് കോളേജ്

1386 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാലയുടെ കീഴിൽ പാറശ്ശാല നിയോജക മണ്ഡലത്തിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്തിലെ നെട്ടുകാൽത്തേരിയിൽ ഡയറി സയൻസ് കോളേജ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്നും കോളേജ് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള സമയക്രമം നിശ്ചയിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോളേജിന്റെ നിർമ്മാണത്തിനും അനുബന്ധ അടിസ്ഥാന സൗകര്യ വികസനത്തിനുമായി ഭരണാനുമതിയും സാമ്പത്തിക അനുമതിയും ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(സി) വിദ്യാർത്ഥികളുടെ പ്രായോഗിക പരിശീലനത്തിനും ഗവേഷണ പ്രവർത്തനങ്ങൾക്കും ക്ഷീരമേഖലയിലെ നൂതന സാങ്കേതിക വിദ്യകളുടെ പ്രചാരണത്തിനുമായി കോളേജിനോട് അനുബന്ധിച്ച് ഒരു ആധുനിക ഡയറി ഫാം സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വിശദമാക്കാമോ;

(ഡി) ഡയറി സയൻസ് കോളേജും അനുബന്ധ ഡയറിഫാമും യാഥാർഥ്യമാക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് പദ്ധതി സമയ ബന്ധിതമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ?

## വടവന്നൂർ സർക്കാർ വെറ്ററിനറി ഡിസ്പൻസറിയ്ക്ക് പുതിയ കെട്ടിടം

1387 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ വടവന്നൂർ സർക്കാർ വെറ്ററിനറി ഡിസ്പെൻസറി കെട്ടിടം അപകടകരമായ അവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മഴക്കാലത്ത് റോഡിൽ നിന്നും വെള്ളം കെട്ടിടത്തിനുള്ളിലേയ്ക്ക് ഒലിച്ചിറങ്ങി ഭിത്തികളും വയറിംഗുകളും തകർന്ന് ഏത് നിമിഷവും നിലം പൊത്താറായ അവസ്ഥയിലുള്ള പ്രസ്തുത കെട്ടിടത്തിനു പകരം പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

**<u>ബേപ്പൂരിലെ വെറ്റിനറി ഹോസ്പിറ്റലിന്റെ ആധുനികവത്കരണം</u>**

1388 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂരിലെ വെറ്റിനറി ഹോസ്പിറ്റൽ ആധുനികവത്കരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത ഹോസ്പിറ്റലിൽ നിലവിൽ ലഭ്യമാക്കുന്ന സേവനങ്ങൾ എന്തെല്ലാമാണ്;

(സി) ഹോസ്പിറ്റലിലെ അംഗീകൃത തസ്തികകളുടെ വിശദവിവരങ്ങളും നിലവിലെ ഒഴിവുകൾ സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കാമോ?

**<u>എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ എണ്ണം</u>**

1389 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരുടെ എണ്ണം വെളിപ്പെടുത്താമോ;

(ബി) ഇവരിൽ ഉന്നത വിദ്യാഭ്യാസമുള്ളവരുടെ എണ്ണമെത്ര, ഡോക്ടർമാരെത്ര, എഞ്ചിനീയർമാരെത്ര, എം.ബി.എ.ക്കാരെത്ര, ഐ.റ്റി.ഐ.ക്കാരെത്ര, പോളി ടെക്നിക്കുകാരെത്ര, ഇതര സാങ്കേതിക വിദ്യാഭ്യാസമുള്ളവരെത്ര,

പ്ലസ്ടു വരെയുള്ളവരെത്ര, 5-ാം ക്ലാസിന് താഴെയുള്ളവരെത്ര എന്നതിന്റെ പട്ടിക തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(സി) കഴിഞ്ഞ 10 വർഷ കാലയളവിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത് വിവിധ തസ്തികകളിൽ ജോലി ലഭിച്ചവരെത്ര എന്നതിന്റെ വിവരം ലഭ്യമാക്കാമോ?

**താൽക്കാലിക ജീവനക്കാരുടെ എണ്ണം**

1390 **ശ്രീ. ടി. പി. അഷ്റഫ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന് കീഴിലുള്ള വിവിധ ക്ഷേമനിധി ബോർഡുകളിലെ താൽക്കാലിക ജീവനക്കാരുടെ വിവരങ്ങളും തസ്തികയും ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ച ജീവനക്കാരുടെ സേവന ദൈർഘ്യം വ്യക്തമാക്കാമോ?

**നേമം മണ്ഡലത്തിലെ സ്കിൽ ഇന്ത്യ സെന്റർ**

1391 **ശ്രീ. രാജീവ് ചന്ദ്രശേഖർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം മണ്ഡലത്തിൽ സ്കിൽ ഇന്ത്യ പദ്ധതിയുടെ ഭാഗമായുള്ള സെന്ററിന്റെ നിലവിലെ പ്രവർത്തന പുരോഗതിയെ കുറിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർവഹണ ചുമതല ആരെയെല്ലാമാണ് ഏൽപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**തൊഴിലും തൊഴിൽ വകുപ്പും**

1392 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി രജിസ്റ്റർ ചെയ്തവരിൽ നിന്നും 2021 മുതൽ 2026 വരെ എത്ര പേർക്ക് ജോലി ലഭിച്ചു; ജില്ല തിരിച്ച് ഏതെല്ലാം വകുപ്പിലാണ് നിയമനം ലഭിച്ചതെന്ന്

വിശദമാക്കാമോ; പ്രതിവർഷം എത്രപേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്യിട്ടുണ്ട്; സംസ്ഥാനത്തെ തൊഴിലില്ലായ്മ നിരക്ക് കുറക്കാൻ എന്തെല്ലാം പദ്ധതികളാണ് സർക്കാർ ആലോചിക്കുന്നത്; വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് ജോലി ചെയ്യുന്ന അസംഘടിത തൊഴിലാളികളുടെ എണ്ണം എടുത്തിട്ടുണ്ടോ; എങ്കിൽ അതെത്രയാണെന്നും അവരുടെ ക്ഷേമത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികളെന്തൊക്കെയെന്നും വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് തൊഴിൽവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡുകൾ ഏതെല്ലാമെന്നും പ്രസ്തുത ഓരോ ബോർഡുകൾക്കു കീഴിൽ ജോലി ചെയ്യുന്നവരുടെ എണ്ണം, അവരിൽ സ്ഥിരജീവനക്കാർ താൽക്കാലിക ജീവനക്കാർ എത്രയാണെന്നുമുള്ള ഇനം തിരിച്ച കണക്ക് എന്നിവ ലഭ്യമാണോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

## <u>ഇ.എസ്.ഐ. ഹോസ്പിറ്റൽ ആധുനികവത്കരിക്കൽ</u>

1393 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫറോക്ക് ഇ.എസ്.ഐ. ഹോസ്പിറ്റൽ ആധുനികവത്കരിക്കുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഹോസ്പിറ്റലിലെ അംഗീകൃത തസ്തികകളുടെയും ഒഴിവുകളുടെയും വിവരങ്ങൾ ലഭ്യമാക്കാമോ?

## <u>ഓൺലൈൻ ഭക്ഷ്യവിതരണ ജീവനക്കാരുടെ തൊഴിൽ സുരക്ഷ</u>

1394 **ശ്രീ. ഉല്ലാസ് കോവൂർ**
**ശ്രീ. വിഷ്ണു മോഹൻ**
**ശ്രീ. വി. കുഞ്ഞികൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓൺലൈൻ വഴിയുള്ള ഭക്ഷ്യവിതരണം ചെയ്യുന്ന തൊഴിലാളികളുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ;

(ബി) ഈ മേഖലയിൽ ജോലി ചെയ്യുന്നവരുടെ വേതനം പര്യാപ്തമാണോയെന്ന് പരിശോധിക്കുമോ;

(സി) ഇവരുടെ തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിനും സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

**<u>തൊഴിലാളി ക്ഷേമനിധി ബോർഡുകൾ</u>**

1395 **ശ്രീ. ടി. പി. അഷ്റഫ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന് കീഴിൽ എത്ര തൊഴിലാളി ക്ഷേമനിധി ബോർഡുകളുണ്ട്; ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഇവയിൽ തൊഴിലാളി പെൻഷൻ കുടിശ്ശികയുള്ള ക്ഷേമനിധി ബോർഡുകൾ ഏതെല്ലാം; എന്ന് മുതലുള്ള കുടിശ്ശികയാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ടി കുടിശ്ശിക തീർപ്പാക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വിവരിക്കുമോ?

**<u>തൊഴിലാളി ക്ഷേമനിധി ബോർഡുകളിലെ പ്രതിസന്ധി</u>**

1396 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ. സന്ദീപ് വാര്യർ**
**ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകൾ പ്രതിസന്ധിയിലായെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) അധിക ഭരണച്ചെലവുകളും കെടുകാര്യസ്ഥതയും മൂലം ക്ഷേമനിധി ബോർഡിലെ അംഗങ്ങൾക്ക് (ഗുണഭോക്താക്കൾക്ക്)യഥാസമയം ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ കഴിയാതിരുന്നിട്ടുണ്ടോ; എങ്കിൽ

പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിയ്ക്കുനാകും എന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) തൊഴിലാളികൾ അടയ്ക്കുന്ന ക്ഷേമനിധി വിഹിതത്തിന് തത്തുല്യമായ വിഹിതം അടയ്ക്കുന്നതിൽ മുൻ സർക്കാർ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) മുൻസർക്കാരിന്റെ കാലത്ത് വിവിധ ക്ഷേമനിധി ബോർഡുകളിലെ ഗുണഭോക്താക്കൾക്ക് ക്ഷേമനിധി ആനുകൂല്യങ്ങളും പദ്ധതി വിഹിതങ്ങളും വിതരണം ചെയ്യേണ്ടയിനത്തിൽ എത്ര തുകയുടെ കുടിശ്ശിക വരുത്തിയിട്ടുണ്ടെന്നത് വ്യക്തമാക്കാമോ?

**<u>കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ജീവനക്കാരുടെ എണ്ണം</u>**

1397 **ശ്രീ. ടി. പി. അഷ്റഫ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ആകെയുള്ള ജീവനക്കാരുടെ എണ്ണവും ഓരോ തസ്തികയിലുമുള്ള ജീവനക്കാരുടെ വിവരങ്ങളും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഓരോ ജീവനക്കാരനും സേവന കാലയളവിൽ ജോലി ചെയ്ത ജില്ലാടിസ്ഥാനത്തിലുള്ള കാലയളവ് വ്യക്തമാക്കാമോ;

(സി) ഏതൊക്കെ ജില്ലകളിലെ ഏതെല്ലാം തസ്തികകളാണ് മറ്റ് ഓഫീസുകളിലേക്ക് താൽക്കാലികാടിസ്ഥാനത്തിൽ മാറ്റിയിട്ടുള്ളതെന്നും മാറ്റിയതിനുള്ള കാരണവും വ്യക്തമാക്കാമോ;

(ഡി) താൽക്കാലികാടിസ്ഥാനത്തിൽ മറ്റ് ജില്ലകളിലേക്ക് മാറ്റിയ തസ്തികകൾ അതാത് ജില്ലകളിലേക്ക് തിരികെ നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; അവ അതാത് ജില്ലകളിലേക്ക് തിരികെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>അതിഥി തൊഴിലാളികളുടെ കണക്കെടുപ്പ്</u>**

1398 **ശ്രീ. ടി. ജെ. വിനോദ്**
**ശ്രീമതി ഉഷ വിജയൻ**

**ശ്രീ. കെ. എം. അഭിജിത്ത്**

**ശ്രീ. കെ. പ്രവീണ്‍ കുമാര്‍** : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് തൊഴില്‍, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നല്‍കുമോ:

(എ) കേരളത്തില്‍ ജോലിക്കെത്തുന്ന അതിഥി തൊഴിലാളികളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; ഇവരുടെ ഐഡന്റിറ്റി പരിശോധിക്കാന്‍ നിലവില്‍ എന്തൊക്കെ സംവിധാനങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അതിഥി തൊഴിലാളികള്‍ വൃത്തിഹീനമായ സാഹചര്യങ്ങളില്‍ കൂട്ടമായി താമസിക്കുന്നത് കാരണം ആരോഗ്യ-സാമൂഹ്യ പ്രശ്നങ്ങള്‍ ഉണ്ടാകുന്നത് തടയുന്നതിനായി കര്‍ശന നടപടികള്‍ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ആവശ്യത്തിലേക്കായി ആരോഗ്യം, ആഭ്യന്തരം എന്നീ വകുപ്പുകളുടെ സഹായത്തോടെ കര്‍മ്മപരിപാടി നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>തൊഴില്‍മേഖലകളിലെ മിനിമം വേതനം പുതുക്കിനിശ്ചയിക്കുന്നതിന് നടപടി.</u>**

1399 **ശ്രീ. സി. ആര്‍. മഹേഷ്**

**ശ്രീ. ദീപക് ജോയ്**

**ശ്രീ. എഫ്. രാജ**

**ശ്രീ. കെ. ബിനിമോന്‍** : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് തൊഴില്‍, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നല്‍കുമോ:

(എ) വിവിധ തൊഴില്‍മേഖലകളിലുള്ള കുറഞ്ഞ കൂലി നിരക്ക് പുതുക്കിനിശ്ചയിക്കുന്നതിന് നടപടികള്‍ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്രസര്‍ക്കാരിന്റെ പുതിയ ലേബര്‍ കോഡ് നടപ്പിലാക്കുന്നതില്‍ സ്വീകരിക്കുന്ന മുന്‍കരുതലുകളെക്കുറിച്ച് വിശദമാക്കാമോ;

(സി) തൊഴിലാളി ക്ഷേമനിധി ബോര്‍ഡുകളുടെ പ്രവര്‍ത്തനങ്ങള്‍ പരിശോധിച്ച് വേണ്ട പരിഷ്കാരനടപടികള്‍ കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കാമോ?

**<u>ഐടിഐ അധ്യാപകരുടെ മുന്‍ ശമ്പളപരിഷ്കരണങ്ങളിലെ അപാകത</u>**

1400 **ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് വ്യാവസായിക പരിശീലന വകുപ്പിലെ ജൂനിയർ ഇൻസ്ട്രക്ടർ/ സീനിയർ ഇൻസ്ട്രക്ടർ/ ഗ്രൂപ്പ് ഇൻസ്ട്രക്ടർ എന്നീ തസ്തികകൾക്ക് വേണ്ടി വകുപ്പ് സർക്കാരിലേക്കും ശമ്പളപരിഷ്കരണ കമ്മീഷനിലേക്കും നൽകിയ ശിപാർശകളുടെ പകർപ്പ് നൽകാമോ;

(ബി) പതിനൊന്നാം ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് ജൂനിയർ ഇൻസ്ട്രക്ടർ/ സീനിയർ ഇൻസ്ട്രക്ടർ/ ഗ്രൂപ്പ് ഇൻസ്ട്രക്ടർ എന്നീ തസ്തികകൾക്ക് വേണ്ടി വകുപ്പ് സർക്കാരിലേക്കും ശമ്പള പരിഷ്കരണ കമ്മീഷനിലേക്കും നൽകിയ ശിപാർശകളുടെ പകർപ്പ് നൽകാമോ;

(സി) പത്താം ശമ്പള പരിഷ്കരണത്തിൽ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയുടെ ഗ്രേഡ്, സെക്കൻഡ് ഗ്രേഡിൽ നിന്നും തേർഡ് ഗ്രേഡിലേക്ക് തരംതാഴ്ത്തപ്പെട്ടത് വകുപ്പ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതുമായി ബന്ധപ്പെട്ട് ആശയവിനിമയം നടത്തിയ കത്തിന്റെ പകർപ്പ് നൽകാമോ; ഈ വിഷയം പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് ഏതൊക്കെ സർവീസ് സംഘടനകൾ വകുപ്പിന് നിവേദനം നൽകിയിട്ടുണ്ട്; നിവേദനങ്ങളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ഡി) പത്താം ശമ്പള പരിഷ്കരണത്തിൽ ടി തസ്തികയുടെ ഗ്രേഡ് രണ്ടിൽ നിന്നും മൂന്നായി കുറഞ്ഞ വിഷയത്തിൽ ഐ.ടി.ഐ. അധ്യാപക സംഘടനയായ ഐ റ്റി ഡി ഐ ഒ നൽകിയ നിവേദനത്തിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഈ നിവേദനത്തിൽ ഉന്നയിച്ച വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നിവേദനത്തിന്റെ പകർപ്പ് നൽകാമോ;

(ഇ) പത്താം ശമ്പള പരിഷ്കരണം, പതിനൊന്നാം ശമ്പള പരിഷ്കരണം എന്നിവയുമായി ബന്ധപ്പെട്ട് വകുപ്പ് തയ്യാറാക്കിയ ഫയലിന്റെ നോട്ടുകളും രേഖകളും അനുബന്ധരേഖകളും സർക്കാരിലേക്ക് നൽകിയ കത്തിടപാടുകളുടെ മുഴുവൻ പകർപ്പും (ഫയൽ നോട്ട് അടക്കം എല്ലാ രേഖകളും) ലഭ്യമാക്കാമോ;

(എഫ്) മുൻ ശമ്പള പരിഷ്കരണത്തിൽ ഐ.ടി.ഐ. ജൂനിയർ ഇൻസ്ട്രക്ടർമാരുടെ നിലവിൽ ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യങ്ങൾ നഷ്ടപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പുതിയ ശമ്പള പരിഷ്കരണത്തിൽ ഈ പോരായ്മ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**'പിങ്ക് ട്രാൻസിറ്റ് ഫ്ളീറ്റ്'' സംവിധാനം**

1401 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വഴിയോരങ്ങളിൽ സ്ത്രീകൾക്ക് സുരക്ഷിതവും സൗകര്യപ്രദവുമായ യാത്രാനുഭവത്തിനായി 'പിങ്ക് ട്രാൻസിറ്റ് ഫ്ളീറ്റ്'' സംവിധാനം കൊണ്ടുവരുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ; എങ്കിൽ ഇതുവഴി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ?

**അസംഘടിത മേഖലയിലെ സ്ത്രീകളുടെ പ്രശ്നങ്ങൾക്ക് പരിഹാരം**

1402 **ശ്രീ. വി. പി. സജീന്ദ്രൻ**
**ശ്രീ. സേനാപതി വേണു**
**ശ്രീ. അബിൻ വർക്കി കോടിയാട്ട്**
**ശ്രീ. സി. വി. ശാന്തകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ സ്ത്രീസൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനും തൊഴിലിടങ്ങളിൽ സ്ത്രീകളുടെ സുരക്ഷയും തുല്യവേതനവും ഉറപ്പാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) അസംഘടിത മേഖലയിൽ തൊഴിലെടുക്കുന്ന സ്ത്രീകൾക്ക് അർഹമായ പ്രസവാവധിയും മറ്റ് ആനുകൂല്യങ്ങളും ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഈ മേഖലയിൽ തൊഴിലെടുക്കുന്ന സ്ത്രീകൾക്ക് അർഹമായ വിശ്രമവേളയും വിശ്രമസ്ഥലവും സുരക്ഷിതമായ ശുചിമുറി സൗകര്യവും ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കുമോ; സർക്കാർ- സ്വകാര്യ

സ്ഥാപനങ്ങളിൽ ഡേ-കെയർ സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ?

## വനിതാ ശിശുക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ

1403 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൗമാരക്കാരായ പെൺകുട്ടികൾക്കായി വനിതാശിശു വികസന വകുപ്പ് നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണ് വിശദമാക്കുമോ?

## ശിശു മരണ നിരക്ക്

1404 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ശിശു മരണനിരക്കിൻെറ നിലവിലെ വിശദാംശങ്ങൾ നൽകാമോ;

(ബി) കുഞ്ഞുങ്ങളുടെ സംരക്ഷണത്തിനായി ഓരോ കുടുംബത്തിനും നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമാണ്?

## വനിതാ ശിശു വികസന വകുപ്പിന്റെ കീഴിലെ കരാർ നിയമനങ്ങൾ

1405 **ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ ശിശു വികസന വകുപ്പിന്റെ കീഴിൽ സോഷ്യോളജി ഡിഗ്രി/ പി.ജി. യോഗ്യത നിശ്ചയിച്ചിട്ടുള്ള ഏതെല്ലാം തസ്തികകളിൽ കരാർ/ ദിവസവേതന അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികളെ നിയമിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

## പുനലൂർ മണ്ഡലത്തിലെ അങ്കണവാടികളുടെ വികസന പ്രവർത്തനങ്ങൾ

1406 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി

നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിൽ നിലവിലുള്ള അങ്കണവാടികളെത്ര; ഓരോ അങ്കണവാടിയുടെയും നമ്പർ, സ്ഥലം, തദ്ദേശ സ്വയംഭരണ സ്ഥാപനം എന്നിവ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ സ്വന്തമായി സ്ഥലവും കെട്ടിടവുമില്ലാത്ത അങ്കണവാടികൾ ഏതെല്ലാമെന്നും സ്വന്തമായി സ്ഥലമുണ്ടായിട്ടും കെട്ടിടമില്ലാത്ത അങ്കണവാടികൾ ഏതെല്ലാമെന്നും അറിയിക്കാമോ;

(സി) ശിശു സൗഹൃദ അങ്കണവാടികൾ സജ്ജമാക്കുന്നതിന് വനിതാ - ശിശു വികസന വകുപ്പിന്റെ ചായം പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ കെട്ടിട നിർമ്മാണ പ്രവൃത്തികളോ അങ്കണവാടി നവീകരണ പ്രവൃത്തികളോ ടി മണ്ഡലത്തിൽ നിലവിൽ നടന്നുവരുന്നുണ്ടോയെന്ന് അറിയിക്കാമോ; ഉണ്ടെങ്കിൽ പ്രസ്തുത അങ്കണവാടികൾ ഏതെല്ലാമെന്നും ആയതിന്റെ നിലവിലെ സ്ഥിതി എന്തെന്നും വിശദമാക്കാമോ?

## വനിതാ ശിശുക്ഷേമ വകുപ്പിലെ ക്ഷേമ പദ്ധതികൾ

1407 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ ശിശുക്ഷേമ വകുപ്പിനു കീഴിൽ മുൻ സർക്കാർ നടപ്പിലാക്കിയ ക്ഷേമ പദ്ധതികൾ വിശദമാക്കാമോ?

## അങ്കണവാടികളുടെ അടിസ്ഥാന വികസനം

1408 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ 5 വർഷത്തിനിടെ വനിത-ശിശു വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നതിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ആലത്തൂർ മണ്ഡലത്തിലെ വനിതാശിശു വികസന വകുപ്പിന്റെ പ്രവർത്തനങ്ങൾ

1409 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ നിലവിൽ വനിതാശിശു വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിൽ ഏതൊക്കെയാണ് സ്വന്തം കെട്ടിടങ്ങളിലും, വാടക കെട്ടിടങ്ങളിലും പ്രവർത്തിക്കുന്നവ എന്ന വിവരം നൽകാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ പോക്സോ കേസുകളിൽ ഇരയായ കുട്ടികൾക്കും അവരുടെ കുടുംബാഗങ്ങൾക്കും ലീഗൽ സർവീസ് അതോറിറ്റി മുഖേനയോ അല്ലെങ്കിൽ വകുപ്പ് മുഖേനയോ നൽകേണ്ട സാമ്പത്തിക സഹായങ്ങൾ കൃത്യമായി വിതരണം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ അനാഥരായ കുട്ടികളെ സഹായിക്കുന്ന ഏതെങ്കിലും പദ്ധതികൾ നിലവിൽ വകുപ്പ് മുഖേന നടപ്പിലാക്കുന്നുണ്ടോ; നിലവിൽ ഇത്തരത്തിലുള്ള എത്ര കുട്ടികൾക്ക് മണ്ഡലത്തിൽ സഹായം നൽകുന്നുണ്ട്?

**<u>സംസ്ഥാനത്തെ സ്ത്രീ സൗഹൃദമാക്കാൻ നടപടി</u>**

1410 **ശ്രീ. അപു ജോൺ ജോസഫ്**
**ശ്രീ. ഷിബു തെക്കുംപുറം**
**ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ ഏറ്റവും കൂടുതൽ സ്ത്രീ സൗഹൃദ സംസ്ഥാനമായി കേരളത്തെ മാറ്റാൻ ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് അറിയിക്കാമോ;

(ബി) യാത്രക്കാരായ സ്ത്രീകളെ കൂടി കണക്കിലെടുത്ത് സംസ്ഥാനത്തെ പ്രധാന പട്ടണങ്ങളിൽ പൊതുവിശ്രമ മുറികൾ നിർമ്മിക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ എത്ര പട്ടണങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് തുല്യജോലിക്ക് തുല്യവേതനം നടപ്പാക്കുവാൻ നടപടികളുണ്ടാവുമോ; പ്രസവാവധി അസംഘടിത

മേഖലയിലേക്ക് കൂടി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; അറിയിക്കാമോ;

(ഡി) അസംഘടിത മേഖലയിലെ സ്ത്രീകൾക്ക് അവരുടെ തൊഴിലിടങ്ങളിൽ സാനിട്ടറി നാപ്കിനുകൾ പോലുള്ള അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

**<u>അനാഥരഹിത സംസ്ഥാനമാക്കുന്നതിനുള്ള നടപടി</u>**

1411 **ശ്രീ. എൻ. ശക്തൻ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. ജ്യോതികുമാർ ചാമക്കാല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ ശിശു-അനാഥരഹിത സംസ്ഥാനമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുക;

(ബി) ശിശുഭവനുകളിലും അമ്മത്തൊട്ടിലുകളിലും എത്തുന്ന കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനും യാന്ത്രികമായ കൗൺസിലിംഗ് രീതികൾക്കു പകരം അവർക്ക് വൈകാരികമായ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ;

(സി) കുട്ടികൾക്കെതിരായ ശാരീരികവും മാനസികവുമായ അതിക്രമങ്ങൾ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വ്യക്തമാക്കാമോ?

**<u>വനിതാ ശിശു വികസന വകുപ്പിന് കീഴിലുള്ള മിഷനുകൾ</u>**

1412 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ ശിശു വികസന ഡയറക്ടറേറ്റിൽ നിലവിൽ കേന്ദ്ര ആവിഷ്കൃത പദ്ധതികൾക്ക് കീഴിലും സംസ്ഥാനത്തിന്റെ പദ്ധതികൾക്ക് കീഴിലുമായി നടപ്പിലാക്കിവരുന്ന വിവിധ മിഷനുകൾ/പ്രോഗ്രാമുകൾ ഏതെല്ലാം എന്ന് അറിയിക്കുമോ; പ്രസ്തുത പദ്ധതികളിലൂടെ നടപ്പിലാക്കുന്ന പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ എന്തൊക്കെയാണ് എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത മിഷനുകളിലെ നിലവിലുള്ള തസ്തികകൾ ഏതൊക്കെ, എത്രയെണ്ണം വീതം, അതിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ എത്ര, ഈ തസ്തികകളിലെ കരാർ വേതനം എത്ര, ഓരോ തസ്തികയിലെയും കരാർ കാലാവധി അവസാനിക്കുന്ന തീയതി എന്നീ വിശദാംശങ്ങൾ പട്ടികയായി ലഭ്യമാക്കുമോ?

**അങ്കണവാടികൾക്കുള്ള നയരൂപീകരണം**

1413 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അങ്കണവാടികൾ സ്ഥാപിക്കുന്നതിനും അവയുടെ പരിപാലനവും ഫലപ്രദമായ നടത്തിപ്പും ഉറപ്പുവരുത്തുന്നതിനുമായി നയം രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) അങ്കണവാടികളിലെ കുട്ടികൾക്ക് പോഷകസമൃദ്ധമായ ഭക്ഷണം ലഭ്യമാക്കുന്നതിനും സുരക്ഷിതത്വം ഉറപ്പുവരുത്തുവാനും എന്തു നടപടികളാണ് കൈകൊണ്ടിട്ടുള്ളത്; വിശദീകരിക്കാമോ;

(സി) നിലവിൽ ഒരു അങ്കണവാടിയിൽ എത്ര ജീവനക്കാരാണ് ആവശ്യമായിട്ടുള്ളത് എന്നും അവരുടെ നിയമന രീതി ഏതു തരത്തിലാണ് എന്നും വിശദീകരിക്കാമോ;

(ഡി) അങ്കണവാടികളിൽ കുട്ടികൾക്ക് ജീവനക്കാരിൽ നിന്നും പീഡനം ഏൽക്കുന്നുവെന്ന പരാതി പലപ്പോഴായി ഉയർന്നുവന്നിട്ടുള്ള സാഹചര്യത്തിൽ അവയ്ക്ക് പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ?

**ക്ഷീര കർഷകർ നേരിടുന്ന പ്രതിസന്ധി**

1414 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മെയ് 1 മുതൽ 2026 മാർച്ച് 31 വരെ ഉണ്ടായിട്ടുള്ള ക്ഷീരോൽപാദനത്തിന്റെ വിവരം സാമ്പത്തിക വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്ത് ക്ഷീരോൽപാദനത്തിന്റെ കണക്ക് ശേഖരിക്കുന്ന സംവിധാനം നിലവിലില്ലെങ്കിൽ അത് ഒരുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്ത് ക്ഷീരകൃഷിയിൽ നിന്ന് കർഷകർ അകന്നു പോകുന്നത് ഒഴിവാക്കാൻ സ്വീകരിക്കുന്ന നടപടികളും കർഷകർക്ക് നൽകുന്ന സാമ്പത്തിക സഹായങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) ക്ഷീരകൃഷിയിൽ ഏർപ്പെട്ട് സാമ്പത്തിക പ്രതിസന്ധിയിലായ കർഷകരുടെ വായ്പകൾ എഴുതിത്തള്ളുകയോ സർക്കാർ സാമ്പത്തികസഹായം നൽകി അവരുടെ കടം തീർക്കുകയോ ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) ക്ഷീരകർഷകർക്ക് സൗജന്യ നിരക്കിൽ കാലിത്തീറ്റ നൽകുന്നതിനുള്ള സംവിധാനവും പാലും പാലുൽപന്നങ്ങളും സർക്കാർ ആഭിമുഖ്യത്തിൽ സംഭരിച്ച് കേന്ദ്രീകൃത വിപണനത്തിനുള്ള സൗകര്യവും ഒരുക്കുമോ;

(എഫ്) സംസ്ഥാനത്തെ കന്നുകാലികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനും അന്യസംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന കന്നുകാലികളെ അതിർത്തികളിൽ രോഗനിർണയം നടത്തി അസുഖമില്ലാത്തവയെ മാത്രം സംസ്ഥാനത്തേക്ക് കടത്തിവിടുന്നതിനും ഉള്ള നടപടി നിലവിലില്ലെങ്കിൽ അത് സ്വീകരിക്കുമോ;

(ജി) കാലിത്തീറ്റ വില നിയന്ത്രിക്കുന്നതിനും തീറ്റപ്പുൽ കൃഷി വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനത്ത് നിലവിലുള്ള സംവിധാനം എന്താണെന്നും ഇനി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നും അറിയിക്കാമോ?

**<u>ക്ഷീര കർഷകരെ സഹായിക്കുന്നതിനുള്ള പദ്ധതി</u>**

1415 **ശ്രീ. വി. ടി. ബൽറാം**
**ശ്രീ. മനോജ് മൂത്തേടൻ**
**ശ്രീ. ടോണി ചമ്മണി**
**ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാലുൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുവാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) വിവിധ കാരണങ്ങളാൽ പശു വളർത്തൽ നഷ്ടത്തിലാവുകയും ഈ മേഖല വിട്ടുപോവുകയും ചെയ്ത ക്ഷീര കർഷകർക്ക് ആവശ്യമായ സഹായങ്ങൾ നൽകി തിരികെ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ;

(സി) കാലിത്തീറ്റയുടെ വില വർധനവ് നിയന്ത്രിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; മിൽമ, കേരളാ ഫീഡ്സ് എന്നീ സ്ഥാപനങ്ങൾ കൂടുതൽ കാലിത്തീറ്റ മിതമായ വിലയിൽ ഉത്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2026 ജൂൺ 22, തിങ്കൾ

**ഷാജി സി ബേബി**
സെക്രട്ടറി ഇൻചാർജ്

---

പ്രത്യേക ശ്രദ്ധയ്ക്ക്:

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].